# എല്ലാം നന്മയ്ക്ക്

പ്രൊഫ. എം. വൈ.  യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി -  682 311

# എല്ലാം നന്മയ്ക്ക്

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24

E-mail: meringraphics@gmail.com

●

*copy right reserved*

●

# ആമുഖം

കൂമ്പടഞ്ഞുപോയ ജീവിതം പച്ചപിടിച്ചു. നറുനാമ്പുകൾ വിരിഞ്ഞു. മക്കളുണ്ടാകുമെന്ന് ചിന്തിച്ചിരുന്നില്ല. വിവാഹം പോലും സ്വപ്നം കാണാൻ പറ്റുമായിരുന്നില്ല. എന്നാൽ മക്കൾ പിറന്നു. ആദ്യത്തെ മകനുണ്ടായപ്പോൾ പറഞ്ഞു: "എന്റെ സകല കഷ്ടതയും എന്റെ പിതൃഭവനമൊക്കെയും ദൈവം എന്നെ മറക്കുമാറാക്കി" – ആദ്യ ജാതൻ മനശ്ശെ. രണ്ടാമത്തെ മകൻ പിറന്നപ്പോൾ പറഞ്ഞു: "സങ്കട ദേശത്ത് ദൈവം എന്നെ വർദ്ധിപ്പിച്ചു." – രണ്ടാമത്തവൻ എഫ്രയീം.

പ്രപിതാമഹനായ അബ്രാഹാമിന്റെ ചുവട്ടടികളെ പിന്തുടർന്ന് വിശ്വാസ ജീവിതം നയിച്ച പുരാതന ഭക്തനായ യോസേഫിന്റെ കഥ പ്രഖ്യാതമാണ്. നാലുവാക്കുകളിൽ യോസേഫിന്റെ ജീവിതത്തെ സംഗ്രഹിക്കാമെന്ന് തോന്നുന്നു. Pit, Prison, Palace, Paradise.

പൊട്ടക്കിണറ്റിൽ നിന്ന് കൽത്തുറുങ്കിലേക്കും കാരാഗൃഹത്തിൽ നിന്ന് കൊട്ടാരത്തിലേക്കും അരമനയിൽ നിന്ന് പറുദീസയിലേക്കും ഉയർന്നുയർന്നു പോകുന്ന യോസേഫിന്റെ

ജീവിത വിജയത്തിനൊരു രഹസ്യമുണ്ടായിരുന്നു. ബാല്യകാലത്ത് ദൈവം നൽകിയ സ്വപ്നം. ആ സ്വപ്നസാക്ഷാൽക്കാരത്തിനായി വിശ്വാസദാർഢ്യത്തോടെ സാഹചര്യങ്ങളോട് നിസ്തന്ദ്രം പടപൊരുതി മുന്നേറുന്ന ഒരു ധീര പോരാളിയാണ് യോസേഫ്. ആ യുവാവിന്റെ ജീവിതകഥ ആവേശോജ്ജ്വലമാണ്. അതിൽ നിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ടാണ് ഞാൻ "എല്ലാം നന്മയ്ക്ക്" എന്ന ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്.

"ദർശനമില്ലാത്തേടത്ത് ജനം നശിക്കുന്നു" എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറഞ്ഞിട്ടുണ്ട്. (സദൃശവാക്യങ്ങൾ 29:18.) ദർശനം നമുക്ക് ദിശാബോധം നൽകുന്നു, പ്രചോദനം നൽകുന്നു, പ്രോത്സാഹനം നൽകുന്നു, സർഗ്ഗാത്മത്വമേകുന്നു, നവോന്മേഷം പ്രദാനം ചെയ്യുന്നു. ദിശാബോധം ലഭിച്ചു എന്നതുകൊണ്ടുമാത്രമായില്ല, പ്രതിസന്ധികളെയും വിഘ്നങ്ങളെയും പുഞ്ചിരിയോടും സമചിത്തതയോടും കൂടെ അഭിമുഖീകരിച്ച് ദൈനംദിനജദീവിതത്തിലെ വെല്ലുവിളികളെ അതിജീവിച്ച് മുന്നേറേണ്ടിയിരിക്കുന്നു. ദർശനം ലഭിക്കുന്നതോടൊപ്പം അവസരങ്ങളും സാദ്ധ്യതകളും തെളിഞ്ഞുവരും. പക്ഷെ, അവ അനവധി പ്രതിബന്ധങ്ങളാൽ ആവരണം ചെയ്യപ്പെട്ടിരിക്കും. (Opportunities under obstacles and possibilities hidden beneath piles of problems)

തടസ്സങ്ങൾ ഒരിക്കലും നമ്മുടെ സ്വപ്നസാക്ഷാത്മാക്കരത്തിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കാൻ അനുവദിക്കരുത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ അമരക്കാരനും വിജയശില്പ്പിയുമായ വിൻസ്റ്റൺ ചർച്ചിൽ പരാജയത്തിന്റെ വാൾത്തലപ്പിൽ നിന്നുകൊണ്ട് ആഹ്വാനം ചെയ്തത് സുപ്രസിദ്ധമാണല്ലോ. "Never give up! Never give up! Never, Never, Never give up! " പ്രതി

ബന്ധങ്ങൾ അനിവാര്യമാണ്. പക്ഷേ മടുത്ത് മാറരുത്. പുരാതനസംസ്ക്കാരത്തിന്റെ കളിത്തൊട്ടിലായ ഈജിപ്റ്റിന്റെ ഉരുക്കുമുഷ്ടിയിൽ നിന്ന് യിസ്രായേൽ ജനതയെ വിമോചനത്തിന്റെ രജതദീപ്തിയിലേക്കാനയിച്ചത് മോശയ്ക്ക് ലഭിച്ച ദൈവീകദർശനത്തിന്റെ കരുത്താണ്. വിശുദ്ധ ബൈബിളിലെ പുറപ്പാട് പുസ്തകത്തിൽ നാം വായിക്കുന്നത് "അവർ പീഡിപ്പിക്കുന്തോറും ജനം പെരുകി വർദ്ധിച്ചു" (പുറപ്പാട് 1:12.) എന്നാണ്.

ആഗോള സുവിശേഷീകരണത്തിനുള്ള മഹത്തായ ദർശനത്തിന്റെ സാക്ഷാത്ക്കാരത്തിന്റെ പാതയിൽ സെന്റ്. പോൾ അഭിമുഖീകരിച്ച അന്ത:സംഘർഷങ്ങളെ അനാവരണം ചെയ്യുന്ന വാക്കുകൾ ശ്രദ്ധിക്കൂ:

"ഞങ്ങൾ സകല വിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല. ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല. വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല." (We are hard pressed on all sides, but never frustrated, we are puzzled, but never in despair. We are persecuted, but never knocked out." 2 Corrinthions 4:8-9)

അരമനയിലേക്കും സിംഹാസനത്തിലേക്കുമുള്ള യോസേഫിന്റെ യാത്ര വളരെ ശ്രമകരവും സുദീർഘവുമായിരുന്നു. അകാരണമായ ശത്രുത്വം, അസൂയ മൂലമുണ്ടായ ഒറ്റിക്കൊടുക്കൽ, ഒറ്റപ്പെടുത്തൽ, മിഥ്യാപവാദങ്ങൾ, യാതനയും പീഡനയും കാർന്നുതിന്നുന്ന കാരാഗൃഹവാസം മുതലായവയ്ക്കൊന്നിനും തന്റെ സ്വപ്നത്തിന് മങ്ങലേൽപ്പിക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ സ്വപ്നങ്ങൾ പൂവണിഞ്ഞു. ഈജിപ്റ്റിന്റെ പ്രധാനമന്ത്രിയുടെ പദവിയിലേറി. ദുരിതങ്ങളുടെ നീർച്ചുഴി

യിലാഴ്ന്നപ്പോഴും അധികാരത്തിന്റെ ഉത്തുംഗ ശൃംഗത്തിലേറിയപ്പോഴും യോസേഫ് തനിക്ക് സ്വപ്നം നൽകിയ ദൈവത്തെ മറന്നില്ല. ആരംഭിക്കുന്നവനും അവസാനിപ്പിക്കുന്നവനും നിത്യനായദൈവം എന്ന് അവനോർത്തു. അങ്ങനെ ദൈവത്തിന്റെ മനസ്സിന്നും ഹിതത്തിനും ഒത്തുനിന്ന ബൈബിൾക്കഥകളിൽ ഒളിതെളിയുന്ന ഒരുദാത്ത മാതൃകാപുരുഷനായി യോസേഫ് തിളങ്ങുന്നു.

യോസേഫിന്റെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടത്തിനുതകുമെങ്കിൽ ഈ ഗ്രന്ഥ രചനയിൽ ഞാൻ കൃതാർത്ഥനാണ്. ആ ജീവിതം അനുവാചകർക്ക് ആവേശമരുളുമെങ്കിൽ ഞാൻ സംതൃപ്തനാണ്. വിശുദ്ധിയുടെ ദീപശിഖ കെട്ടുപോകാതെ അവസാനത്തോളം ഉറച്ചുനിൽക്കാൻ അനേകർക്ക് പുത്തൻ ദർശനങ്ങളേകുമെങ്കിൽ ഞാൻ സന്തുഷ്ടനാണ്.

ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി., പ്രൂഫ്റീഡിംഗ്, അച്ചടി എന്നിങ്ങനെ അനേകകാര്യങ്ങളിൽ എന്ന സഹായിച്ച എന്റെ ആത്മീയസഹോദരങ്ങളോടുള്ള എന്റെ നന്ദി നിസ്സീമമാണ്. യോസേഫിന്റെ ചരിത്രം ഈ ലഘു ഗ്രന്ഥം കൊണ്ട് തീരാത്തതുകൊണ്ട് ഇനിയുള്ള ഗ്രന്ഥങ്ങളിൽ അത് തുടരാമെന്ന് ഞാൻ ആശിക്കുന്നു. അതിനാവശ്യമായ ആയുസ്സും ആരോഗ്യവും സർവ്വശക്തനും എന്റെ പ്രാണപ്രിയനുമായ കർത്താവായ യേശുക്രിസ്തു എനിക്ക് നൽകുവാൻ എന്റെ ബഹുമാന്യസഹോദരങ്ങൾ പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

കടയിരുപ്പ്
23–12–2009

നിങ്ങളുടെ എളിയ സഹോദരൻ
**എം.വൈ. യോഹന്നാൻ**

## ഒന്ന്

"ഇത് നമ്മുടെ സഹോദരനോട് നാം ചെയ്ത ദ്രോഹമാകുന്നു, അവൻ നമ്മോട് കെഞ്ചിയപ്പോൾ നാം അവന്റെ പ്രാണസങ്കടം കണ്ടാറെയും അവന്റെ അപേക്ഷ കേട്ടില്ലല്ലോ; അതുകൊണ്ട് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നു എന്ന് അവർ തമ്മിൽ പറഞ്ഞു."

ഉല്പത്തി.42.21

യാക്കോബിന്റെ മക്കൾ പത്ത് പേരും – യോസേഫും ബെന്യാമിനും ഒഴികെയുള്ള പത്ത് മക്കളും – പരസ്പരം പറയുകയാണ്. പണ്ട് നമ്മുടെ സഹോദരന്റെ സങ്കടം നാം കണ്ടില്ല, ഇപ്പോൾ അതുകൊണ്ടാണ് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നത്.

വർഷങ്ങൾക്കുമുമ്പ് അവരുടെ ജീവിതത്തിൽ തിരുത്താനാകാത്ത മഹാപാതകങ്ങൾ സംഭവിച്ചുപോയിരുന്നു. ഇന്ന് അതിന്റെ തിരിച്ചടി നേരിടുകയാണ്. സഹോദരൻ അവന്റെ

പ്രാണനു് വേണ്ടി ഏങ്ങലടിച്ച് കരഞ്ഞുകൊണ്ട് കെഞ്ചി യാചിച്ചു. പക്ഷെ അവന്റെ സങ്കടം കാണാൻ അപ്പോൾ തോന്നിയില്ല.

വർഷങ്ങൾ കഴിഞ്ഞു. പക്ഷെ അന്നത്തെ ആ വലിയ ദുഷ്കൃതത്തിന്റെ അനിവാര്യമായ ദുഷ്ഫലങ്ങൾ ഇന്ന് അവരെ പിൻതുടരുകയാണ്. അന്നത്തെ ആ കൊടും ചെയ്തിയുടെ പരിണത ഫലങ്ങൾ ഇന്ന് അവർ അനുഭവിക്കുകയാണ്.

സഹോദരനായ യോസേഫിനെ, പൊട്ടക്കിണറ്റിൽ തള്ളിയിട്ടപ്പോൾ അവൻ എത്ര ഏറെ, കെഞ്ചി കെഞ്ചി യാചിച്ചു! പക്ഷെ അവന്റെ സങ്കടം കണ്ടില്ല; അവന്റെ നിലവിളി കേട്ടില്ല.

വർഷങ്ങൾക്ക് മുമ്പ് ചെയ്ത പാതകങ്ങളുടെ ഭയാനകമായ തിരിച്ചടികൾ നേരിടുന്നു എന്ന ഗൗരവമേറിയ ആത്മീക സത്യമാണ്, ഈ വാക്കുകളിലൂടെ മാറ്റൊലിക്കൊള്ളുന്നത് . അന്ന് യോസേഫിന് പതിനേഴ് വയസ്സേ പ്രായം ഉള്ളൂ. അവനെ പൊട്ടക്കിണറ്റിൽ നിന്ന് വലിച്ച് കയറ്റി, യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റു. അവന്റെ വിലയായി ഇരുപത് വെള്ളിക്കാശ് വാങ്ങി. ആ ഇരുപത് വെള്ളിക്കാശ് എണ്ണി വാങ്ങുമ്പോഴും പാവം യോസേഫ് നിന്ന് വിതുമ്പുകയാണ്.

യോസേഫിന്റെ ഏങ്ങലടികളും നെടുവീർപ്പുകളും കേൾക്കാം; പക്ഷെ ശ്രദ്ധിച്ചില്ല. അന്ന് ആ പാവപ്പെട്ട വന്റെ സങ്കടത്തിൽ ഒന്നു മനസ്സലിയാൻ തോന്നിയില്ല. ഒരു ആർദ്രതയും ഉണ്ടായില്ല.

അവനെ യിശ്മായേല്യ കച്ചവടക്കാർ അടിമയായി കൊണ്ടുപോവുകയായിരുന്നു. അവനെ ഇനി കാണുമോ? കാണണം

എന്ന് ആഗ്രഹമില്ല. സഹോദരസ്നേഹത്തിന്റെ കണിക പോലും ഉണ്ടായില്ല.

അവന് ഇനി ആയുസ്സ് ഉണ്ടായിരിക്കുമോ? അവനെ ആരെങ്കിലും തല്ലിക്കൊല്ലുമോ? അടിമയെ, യജമാനന് ഉപദ്രവിക്കാം, കൊല്ലാം, ചോദ്യം ചെയ്യാൻ ആർക്കും സാധ്യമല്ല. യോസേഫിനെ യിശ്മായേല്യ കച്ചവടക്കാർ എവിടെയെങ്കിലും കൊണ്ടുപോയി വിൽക്കും. ആരുടെ എങ്കിലും അടിമയായി അവൻ ആയുസ്സവസാനിപ്പിക്കും.

നമ്മുടെ ജീവിതത്തിൽ വേദനിപ്പിക്കുന്ന ഓർമ്മകൾ ഉണ്ടോ? ആരോടെങ്കിലും ക്രൂരമായി പെരുമാറിയിട്ടുണ്ടോ? ആരോടെങ്കിലും നിഷ്ഠൂരമായി നാം സംസാരിച്ചിട്ടുണ്ടോ? ആരോടെങ്കിലും മുള്ളുകൊള്ളുന്ന വിധത്തിൽ വേദനിപ്പിക്കുന്ന വാക്കുകൾ പറഞ്ഞുപോയിട്ടുണ്ടോ? ആരോടെങ്കിലും ആർദ്രതയില്ലാതെ പെരുമാറിയിട്ടുണ്ടോ? ആരുടെ എങ്കിലും വേദന നിസ്സാരമായി തള്ളിക്കളഞ്ഞിട്ടുണ്ടോ?

"To pain with the pain of the pained " എന്നൊരു ചൊല്ലുണ്ട്.

വേദനിക്കുന്നവന്റെ വേദനയിൽ പങ്കു ചേർന്ന് വേദനിക്കുക അതാണ് വാസ്തവത്തിൽ ക്രിസ്തീയത്വം. അതാണ് വാസ്തവത്തിൽ മാനവിക സംസ്ക്കാരത്തികവ്. മനുഷ്യൻ സംസ്കാരമുള്ളവനാകണമെങ്കിൽ, മറ്റുള്ളവരുടെ വേദന കാണാൻ അവന് മനസ്സ് വരണം. മറ്റുള്ളവരുടെ ദുഃഖത്തിൽ പങ്കുചേരാൻ തോന്നണം. മറ്റുള്ളവരുടെ ദുഃഖം എന്റെ ദുഃഖം എന്ന പോലെ വേദനിക്കാൻ നമുക്ക് സാധിക്കണം.

നൂറ്റാണ്ടുകൾക്കു മുമ്പ് ആതൻസിലെ തെരുവിലൂടെ മഹാജ്ഞാനിയായ ഡയോജനീസ് വളരെ വേഗത്തിൽ നടന്നു

പോകുകയായിരുന്നു. ഡയോജനീസ് വലിയ ചിന്തകനായി രുന്നു. ആതൻസിലെ ബുദ്ധിജീവികളിൽ വളരെ മുമ്പനായി രുന്നു അദ്ദേഹം. ഒരു ദിവസം അദ്ദേഹം ആതൻസിന്റെ തെരു വിലൂടെ നടന്നു നീങ്ങി. ആളുകൾ ചുറ്റും അമ്പരപ്പോടെ നിന്നു.

എന്താണാവോ ഈ ജനം അമ്പരക്കുന്നത്. ചിലർ മൂക്കത്ത് കൈവയ്ക്കുന്നു, കഷ്ടം വയ്ക്കുന്നു. ചിലർ പരിഭ്രാന്തരായി അങ്ങോട്ടുമിങ്ങോട്ടും നോക്കുന്നു. ചില കുട്ടികൾ കൂക്കിവി ളിക്കുന്നു. ഈ താത്വികാചാര്യനെ പരിചയമില്ലാത്ത കുട്ടികൾ പരിഹസിക്കുന്നു. എന്തിനാണാവോ?

കാരണം അദ്ദേഹത്തിന്റെ കയ്യിൽ നട്ടുച്ച നേരത്തൊരു ചൂട്ടു കറ്റയുണ്ട്. ചൂട്ടു കറ്റ കത്തിച്ചു പിടിച്ച് ആട്ടി ആട്ടി ജ്വലി പ്പിച്ചുകൊണ്ട് അദ്ദേഹം നടന്ന് നീങ്ങുകയാണ്. ചൂട്ടു കറ്റ മിന്നിച്ച് കൊണ്ട് അദ്ദേഹം റോഡിലാകെ എന്തോ നോക്കു ന്നു. എന്തോ അന്വേഷിക്കുകയാണ്.

എന്നാലും ഈ നട്ടുച്ചനേരത്ത് പട്ടാപ്പകൽ എന്തിനാണ് ചൂട്ടു കറ്റയുടെ വെളിച്ചം? അതിനെക്കുറിച്ചാണ് ആളുകൾക്ക് അമ്പ രപ്പ് ഉണ്ടായത്. ഈ മഹാജ്ഞാനിയായ ബുദ്ധിജീവിക്ക് വല്ല ബുദ്ധിവൈകല്യവും വന്നിരിക്കുമോ? അവർ പരിഭ്രാന്തരായി. അതിൽ ഒരാൾ അല്പം ധൈര്യപ്പെട്ട് അദ്ദേഹത്തിന്റെ അടു ക്കൽ ചെന്നു കൂപ്പുകൈയ്യോടെ നിന്നു.

“ഗുരോ ക്ഷമിക്കണം അങ്ങ് എന്താണ് ഈ കാണിക്കു ന്നത്?”

“കാണരുതോ ഞാൻ അന്വേഷിക്കുകയാണ്.”

“അയ്യോ ക്ഷമിക്കണം. അങ്ങ് എന്താ ഈ പട്ടാപ്പകല് നട്ടു

ച്ചനേരത്ത് ചൂട്ട് കറ്റ മിന്നിച്ച് ഇങ്ങനെ പോകുന്നത്? അദ്ദേഹം വീണ്ടും പറഞ്ഞു: "ഞാൻ അന്വേഷിക്കുകയാണ്."

"എന്താണ് അങ്ങ് അന്വേഷിക്കുന്നത്?"

"നിങ്ങൾക്ക് മനസ്സിലായില്ലേ, ഞാൻ ഈ ആതൻസിന്റെ തെരുവിലെമ്പാടും ഒരു മനുഷ്യനെ അന്വേഷിക്കുകയാണ്."

"ക്ഷമിക്കണം; പ്രഭോ! ഞങ്ങൾ പറയുന്നത് പൊറുക്കണം. ഇവിടെ ധാരാളം മനുഷ്യർ ഉണ്ടല്ലോ തലങ്ങും വിലങ്ങും മനുഷ്യർ നടക്കുന്നു. ഏറ്റവും ജനത്തിരക്കുള്ള നഗരവീഥി. ഇവിടെ രണ്ടു വശത്തും കടത്തിണ്ണകളിൽ ആളുകൾ അമ്പരപ്പോടെ നിൽക്കുന്നത് അങ്ങ് കാണുന്നില്ലേ? ഇവരെല്ലാം മനുഷ്യരല്ലേ?"

അദ്ദേഹം പറഞ്ഞു: "ഇവരൊന്നും മനുഷ്യരല്ല, മനുഷ്യനാണെങ്കിൽ സംസ്ക്കാരം കാണും. ഇതെല്ലാം ഇരുകാലി മൃഗങ്ങളാണ്. മൃഗങ്ങൾക്ക് നാല് കാലുണ്ട്. ഈ കാണുന്ന മൃഗങ്ങൾക്കെല്ലാം രണ്ട് കാലേ ഉള്ളൂ."

ആളുകൾ അദ്ദേഹത്തിന്റെ ചുറ്റും വന്നു കൂടി. അദ്ദേഹം പറഞ്ഞു കൊടുത്തു:

"മനുഷ്യനാണെങ്കിൽ സംസ്ക്കാരം ഉണ്ട്. മനുഷ്യനാണെങ്കിൽ മനനം ചെയ്യാനുള്ള കഴിവുണ്ട്, ചിന്തിക്കാനുള്ള പ്രാപ്തി ഉണ്ട്."

ഇക്കാണുന്ന ആളുകൾ മൃഗങ്ങളെപ്പോലെ ജീവിക്കുന്നു. എന്തിന് ജീവിക്കുന്നു? മൃഗങ്ങൾ തിന്നുവാൻ ജീവിക്കുന്നു. ഭക്ഷണം കഴിക്കണം; ഉറങ്ങണം; ഇണ ചേരണം അതിൽ കവിഞ്ഞ് ലക്ഷ്യം ഇല്ല.

ഈ ആതൻസിൽ ബുദ്ധിജീവികളായ ധാരാളം ആളുകൾ ഉള്ള ഈ ദേശത്ത്, ഓരോരുത്തർക്കും ഭക്ഷണം കഴിയ്ക്കണം, ഉറങ്ങണം, ഇണ ചേരണം എന്നിങ്ങനെ ഉള്ള ചിന്ത അല്ലാതെ അതിനപ്പുറമായ ശാശ്വത മൂല്യങ്ങൾ ഉണ്ടോ? മാനവികസംസ്ക്കാരം ഉൾക്കൊള്ളുന്നവർ ആരുണ്ട്? അദ്ദേഹം ചോദിച്ചു.

നാം മറ്റുള്ളവരുടെ വേദനയിൽ പങ്കുചേരുന്നവരാകണം. ബേഥാന്യയിലെ ലാസറിന്റെ ഭവനത്തിലേക്ക് കർത്താവായ യേശു കടന്നു ചെന്നു. അവിടെ കരയുന്ന പാവപ്പെട്ട രണ്ട് സ്ത്രീകളുടെ ദുഃഖം കണ്ട് കർത്താവ് കണ്ണുനീർ വാർത്തു.

"യേശു കണ്ണു നീർ വാർത്തു"

യോഹ.11:35

രണ്ടായിരം വർഷം മുമ്പ് ഗലീലാനാടുകളിൽ കൂടി കർത്താവ് സഞ്ചരിച്ചപ്പോൾ കഫർന്നഹൂമിലും, ബേഥാന്യയിലെ കോരസീനിലും, ബേത്സയ്ദായിലും, മഗദദേശത്തും, ഗദരദേശത്തും, നയീൻ പട്ടണത്തിലും, യറീഹോവിലും, യരുശലേമിലും എല്ലാം യേശു സഞ്ചരിച്ചപ്പോൾ എവിടെ വേദനയുണ്ടോ അവിടെ ഓടി എത്തി. എവിടെ ദുഃഖമുണ്ടോ അവിടെ ഓടി എത്തി, എവിടെ ദുരിതമുണ്ടോ അവിടെ ഓടി എത്തി; യേശു മനുഷ്യന്റെ വേദനയെ ആറ്റിയകറ്റി.

നിങ്ങൾ ചിന്തിക്കൂ: നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ആരെ എങ്കിലും തണുപ്പിച്ചിട്ടുണ്ടോ? ആരെയെങ്കിലും ആശ്വസിപ്പിച്ചിട്ടുണ്ടോ?

നിങ്ങൾ മൂലം നിങ്ങളുടെ വീട്ടിൽതന്നെ, അല്ലെങ്കിൽ നിങ്ങളുടെ സമൂഹത്തിൽ ആർക്കെങ്കിലും വേദന ഉളവായിട്ടുണ്ടോ?

നിങ്ങൾ ജോലിചെയ്യുന്ന ഓഫീസിൽ, നിങ്ങൾ പഠിക്കുന്ന ക്ലാസ് മുറിയിൽ, പണിഎടുക്കുന്നവരായ നിങ്ങളുടെ കൂട്ടുകാരുടെ ഇടയിൽ, മറ്റുള്ളവർക്ക് നിങ്ങളിൽ നിന്ന് വേദന ഉണ്ടായിട്ടുണ്ടോ?

അതോ മറ്റുള്ളവർക്ക് നിങ്ങളിൽ നിന്ന് സമാധാനവും സന്തോഷവുമാണോ ലഭിച്ചത്? യേശുക്രിസ്തു പഠിപ്പിച്ചപാഠം ദുഃഖിക്കുന്നവരുടെ കൂടെ ദുഃഖിക്കുക, കരയുന്നവരോട് കൂടെ കരയുക എന്നുള്ളതാണ്.

യേശുവിന്റെ മനസ്സുള്ളവരാണ് വിശ്വാസികൾ. യേശുവിന്റെ ഹൃദയം ഉള്ളവരാണ് ക്രിസ്തുവിന്റെ അനുയായികൾ.

ക്രിസ്തുവിനെ അനുഗമിക്കുന്നു എന്ന് അവകാശപ്പെടുന്നവർക്ക് മറ്റുള്ളവരിൽ നിന്ന് എന്ത് മാറ്റമാണ് ഉള്ളത്?. ക്രിസ്ത്യാനികൾ വേദപുസ്തകം വായിക്കും, മറ്റ് ചിലർ വേദപുസ്തകം വായിക്കുന്നില്ല. ക്രിസ്ത്യാനികൾ പള്ളിയിൽ പോകുന്നു, മറ്റു ചിലർ പള്ളിയിലേയ്ക്കല്ല അമ്പലത്തിലേയ്ക്കോ മോസ്ക്കിലേയ്ക്കോ പോകുന്നു.

യേശുക്രിസ്തു ഒരു മതം സ്ഥാപിച്ചില്ല. ഒരു പ്രമാണം തന്നില്ല; ഒരു തത്വചിന്ത പ്രചരിപ്പിച്ചില്ല. ക്രിസ്തീയ വിശ്വാസം ഒരു മതവിശ്വാസമല്ല; ക്രിസ്തു എന്ന വ്യക്തിയിലുള്ള വിശ്വാസവും ആശ്രയവുമാണ്. ക്രിസ്തുവിനോടുള്ള സ്നേഹമാണ് അതിന്റെ ആധാരം.

ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുവിന്റെ അനുയായികൾക്ക് ക്രിസ്ത്യാനികൾ എന്ന് പേര് കിട്ടി. അത് പരിഹസിച്ചു പറയുന്ന ഒരു വാക്കായിരുന്നു. അന്ന് അപമാനകരമായ ഒരു

വാക്കായിരുന്നു അത്. അന്ത്യോഖ്യായിൽ വച്ച് ദൈവമക്കൾക്ക് ക്രിസ്ത്യാനികൾ എന്ന് പേരുണ്ടായി.

നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ ഏതെങ്കിലും അംശമുണ്ടോ?. ക്രിസ്തുവിന്റെ വിശുദ്ധി നിങ്ങൾക്ക് കൈമുതലായി കിട്ടിയോ? ക്രിസ്തുവിന്റെ കാരുണ്യം നിങ്ങൾക്ക് ഉണ്ടോ? ക്രിസ്തുവിന്റെ ആർദ്രത നിങ്ങൾക്കുണ്ടോ? ചിന്തിക്കൂ!

ഞാനും ചിന്തിക്കുകയാണ്. കർത്താവെ നിന്റെ സ്വഭാവം ഞാൻ പ്രാപിച്ചില്ലെങ്കിൽ എന്റെ ജീവിതം നഷ്ടപ്പെട്ടുപോയല്ലോ, നാഥാ നിന്റെ വിശുദ്ധി ഞാൻ അനുഭവിച്ചില്ലെങ്കിൽ എന്റെ ജീവിതം വ്യർത്ഥമായിപ്പോയല്ലോ; യേശുവേ, നീ ക്രൂശിൽ കാണിച്ചുതന്ന സ്നേഹത്തിന്റെ മാതൃക എന്റെ ഹൃദയത്തിൽ വന്നില്ലെങ്കിൽ ഞാനൊരു തീരാനഷ്ടമായിപോകുമല്ലോ.

ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ ഉണ്ടോ? ക്രിസ്തു എന്റെ ഹൃദയത്തിൽ ഉണ്ട് എന്ന് വെറുതെ പറഞ്ഞാൽ പോരാ. ക്രിസ്തു ഹൃദയത്തിൽ ഉണ്ടെങ്കിൽ ക്രിസ്തുവിന്റെ സ്വഭാവം കാണും. ക്രിസ്തു ഹൃദയത്തിൽ ഉണ്ടെങ്കിൽ ക്രിസ്തുവിന്റെ സ്നേഹം കാണും. ക്രിസ്തു ഹൃദയത്തിൽ ഉണ്ടെങ്കിൽ ക്രിസ്തുവിന്റെ ക്ഷമാമനോഭാവം കാണും. ക്രിസ്തു ഹൃദയത്തിൽ ഉണ്ടെങ്കിൽ ക്രിസ്തുവിന്റെ ആർദ്രതയും മനസ്സലിവും കാണും. ക്രിസ്തു ഹൃദയത്തിൽ ഉണ്ടെങ്കിൽ ആരേയും വേദനിപ്പിക്കാൻ തോന്നുകയില്ല.

യോസേഫിന്റെ സഹോദരന്മാർ പത്ത് പേർ പറയുകയാണ്: “ഇത് നമ്മുടെ സഹോദരനോടു നാം ചെയ്ത ദ്രോഹമാകുന്നു.

അവൻ നമ്മോടു കെഞ്ചിയപ്പോൾ നാം അവന്റെ പ്രാണസങ്കടം കണ്ടാറെയും അവന്റെ അപേക്ഷ നാം കേട്ടില്ലല്ലോ, അതുകൊണ്ട് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നു എന്ന് അവർ തമ്മിൽ പറഞ്ഞു"

അവരുടെ വാക്കുകളിൽ നിഴലിക്കുന്ന ചിന്തകൾ എങ്ങനെയായിരിക്കും? നമ്മുടെ സഹോദരൻ കെഞ്ചി. അവന്റെ സങ്കടം നാം കണ്ടില്ല, അവന്റെ പ്രാണ സങ്കടം നാം കണ്ടു. പക്ഷെ നമുക്ക് അത് ഒരു ഗൗരവമായി തോന്നിയില്ല. അവൻ ഏങ്ങലടിക്കുന്നത് നാം കേട്ടു. നമുക്ക് അത് ഒരു പ്രശ്നമല്ലായിരുന്നു.

നാം അവിടെ നമുക്ക് എന്ത് ലാഭം ഉണ്ടാക്കാം എന്നേ ചിന്തിച്ചുള്ളൂ. പൈസ എണ്ണി വാങ്ങാം എന്നെ ചിന്തിച്ചുള്ളൂ. ഇന്നിതാ ഇരുപതിലേറെ വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു പതിനേഴാമത്തെ വയസ്സിലാണ് യേസേഫിനെ യിശ്മായേല്യ കച്ചവടക്കാർക്ക് അടിമയായി വിറ്റത്. പതിനേഴാമത്തെ വയസ്സിൽ ആണ് യോസേഫ് മിസ്രയീമിൽ ഫറവോന്റെ അകമ്പടി നായകനായ പോത്തിഫേറിന്റെ ഭവനത്തിൽ എത്തിയത്.

പതിമൂന്ന് കൊല്ലം യോസേഫ് മിസ്രയീമിലെ കാരാഗൃഹത്തിൽ കിടന്നു. അത് കഴിഞ്ഞ് പിന്നെ ഏഴ് കൊല്ലം ഒരു വലിയ സുഭിക്ഷകാലം ആയിരുന്നു. അങ്ങനെ ഇരുപത് കൊല്ലം കഴിഞ്ഞാണ് സ്വന്തം സഹോദരനെ അവർ കാണുന്നത്.

അവർ യോസേഫിന്റെ അടുക്കൽ എത്തിയത് ക്ഷാമകാലത്ത് ധാന്യം വാങ്ങുവാനായിരുന്നു. പക്ഷെ സഹോദരനാണ് എന്ന് അവർക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. യോസേഫ് അവരെ ഓരോരുത്തരേയും തിരിച്ചറിഞ്ഞു. യോസേഫിന്റെ

ഉള്ളം കാളി. ഇരുപത് കൊല്ലം മുമ്പ് എന്നെ പൊട്ടക്കിണറ്റിൽ തള്ളിയിടുകയും എന്നെ യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റ് കാശ് വാങ്ങുകയും ചെയ്ത എന്റെ സഹോദരന്മാരല്ലേ വന്നിരിക്കുന്നത് ! യൗസേപ്പ് തിരിച്ചറിഞ്ഞു.

യോസേഫിന്റെ ഹൃദയം ആർദ്രമാണ്. യോസേഫിന്റെ ഹൃദയത്തിൽ സ്നേഹമാണ്. അവരോട് പരിഭവമില്ല. അവരോട് പരാതിയില്ല. ഇവർ ഒരു കാരണവും ഇല്ലാതെ എന്നെ ദ്രോഹിച്ചവരല്ലേ, എന്ന് പരിഭവത്തിന്റെ കണിക പോലും ഇല്ല.

സ്നേഹിതാ, നിന്റെ ജീവിതത്തിൽ അഭിവൃദ്ധി വേണമോ, നിനക്ക് ക്ഷമിക്കാൻ ഉള്ള മനസ്സ് വേണം.

നിനക്ക് ആത്മീയത്തിലും ലൗകീകത്വത്തിലും ഒരിടത്തും തല പൊക്കാൻ കഴിയുകയില്ല. നിനക്ക് സമാധാനം കിട്ടുകയില്ല. എന്നും നിനക്ക് ടെൻഷൻ ആയിരിക്കും. എന്നും നിനക്ക് ഹൃദയത്തിൽ നിരാശയും അസംതൃപ്തിയുമായിരിക്കും,

സ്വസ്ഥത വേണമോ? ക്രിസ്തു ക്ഷമിച്ചതുപോലെ ക്ഷമിയ്ക്കാൻ കഴിയണം. ക്രൂശിന്മേൽ കിടന്ന് രക്ഷകൻ പറഞ്ഞത് എന്താണ്?

> "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്ക കൊണ്ട് ഇവരോട് ക്ഷമിക്കണമേ"
>
> ലൂക്കൊസ് 23:34.

യേശുവിന്റെ സ്നേഹത്തിന്റെ ഈ ഉദാത്ത മാതൃക നമ്മുടെ ജീവിതത്തിൽ സ്ഥായിയായ അനുഗ്രഹങ്ങൾ വിളയുവാൻ മുഖാന്തിരമായി തീരട്ടെ. ആ സ്വർഗ്ഗീയ സ്നേഹം നമ്മെ

മുന്നോട്ടു നയിക്കട്ടെ.

ഇവിടെ, പക്ഷെ, സഹോദരന്മാർ അവരുടെ കുറ്റം ഓർത്ത് അനുതപിക്കാൻ തുടങ്ങി. അനുതപിക്കാൻ ഉള്ള സമയത്ത് അനുതപിച്ചാൽ മോചനത്തിന് വഴിയുണ്ട്. മൺമറഞ്ഞുപോയതിന് ശേഷം നമുക്ക് അനുതപിക്കാൻ സാധിക്കുകയില്ല.

എന്നാൽ ഇന്ന് ശരീരത്തിൽ ഇരിക്കുമ്പോൾ നമുക്ക് അനുതപിക്കാം. നമുക്ക് ദൈവസന്നിതിയിൽ കുറ്റബോധത്തോടെ ഏങ്ങലടിക്കാം.

"ഇരുപത് വർഷം മുമ്പ് നമ്മുടെ സഹോദരനോട് നാം ചെയ്ത ദ്രോഹമാകുന്നു". അവർ ഓർക്കേണ്ട സമയത്ത് ഓർത്തു, അനുതപിക്കേണ്ട സമയത്ത് അനുതപിച്ചു. അവരുടെ ജീവിതത്തിൽ മാഞ്ഞുപോകാത്ത പാപങ്ങൾ ഉണ്ട് എന്ന് അവർക്ക് മനസ്സിലായി. അവരുടെ ജീവിതത്തിൽ ക്ഷമിക്കപ്പെടാത്ത പാപങ്ങൾ അവരെ വേട്ടയാടുകയാണ് എന്ന് അവർക്ക് മനസ്സിലായി.

ദൈവപൈതലേ, പാപം ചെയ്തിട്ട് നീ സ്വസ്ഥമായി ഉറങ്ങി; പാപം ചെയ്തിട്ട് നീ സുഖമായി ഭക്ഷണം കഴിച്ചു. നീ ദൈവത്തെ ഓർക്കാതെ നിനക്ക് തോന്നിയത് പോലെ ജീവിച്ചു. പാപം ചെയ്തിട്ട് നിനക്ക് അല്പം പോലും കൂസൽ തോന്നിയില്ല. അല്പം പോലും വേദന വന്നില്ല.

എന്നാൽ പാപം നിന്നെ വേട്ടയാടുകയാണ്. പാപം നിന്റെ പിന്നാലെ വരികയാണ്. പാപം നിന്നെ എത്തിപ്പിടിക്കുന്നതിന് മുമ്പ് ദൈവപൈതലേ, നീ പാപത്തെ ചികഞ്ഞെടുത്ത് ദൈവസന്നിധിയിൽ കൊണ്ടുവന്ന് ക്രൂശിൻ ചുവട്ടിൽ

അർപ്പിച്ച് കൊണ്ട് കരുണയ്ക്കായി യാചിക്കുക. ദൈവകൃപയ്ക്കായി യാചിക്കുക.

പിതാക്കന്മാർ പാടി:

"എൻ പാപത്തിൽ ഞാൻ ചാകാ-
നിടയാകരുതയ്യോ നാഥാ
എൻ ബാഷ്പങ്ങൾ
ചൊരിഞ്ഞീടുന്നിപ്പോൾ

അജമോ മാടോ ചെങ്ങാലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ
കാഴ്ചയതായിട്ടർപ്പിക്കുന്നില്ല

ശെമവോൻ തൻ ഭവനേ വന്ന-
പാപിസ്ത്രീപോലിരു തുള്ളി
ക്കണ്ണീർ കണ്ടെൻ
മേൽ ദയ തോന്നണമെ."

കർത്താവെ, എന്റെ പാപത്തിൽ ഞാൻ ചാകാൻ ഇടവരല്ലേ. എന്റെ പാപത്തിൽ ഞാൻ ചാകാൻ ഇടവന്നാൽ നാഥാ, ഞാൻ നിത്യ അന്ധകാരത്തിലേക്ക് പോകുമല്ലോ. നിത്യയാതനയിലേക്ക് പോകുമല്ലോ.

കർത്താവെ, എന്റെ ജീവിതത്തിൽ പാപത്തിന്റെ പ്രായശ്ചിത്തമായി കൊണ്ടുവരാൻ എനിക്കൊന്നുമില്ല, ഒരു കാളക്കുട്ടിയെ യാഗം അർപ്പിക്കാൻ എനിക്കില്ല. കർത്താവെ, ഒരു കുഞ്ഞാടിനെ കൊണ്ടുവരാൻ എനിക്കില്ല, ജീവനുള്ള ദൈവമേ, നിന്റെ മുമ്പിൽ പ്രായശ്ചിത്തം ചെയ്യാൻ ഒരു കുറുപ്രാവിൻ കുഞ്ഞിനെയോ ഒരു ചെങ്ങാലിയെപ്പോലുമോ

കൊണ്ടുവരാൻ എന്റെ കൈവശമില്ല.

ആകെ എന്റെ കൈയ്യിൽ കർത്താവെ, അനുതാപത്തിന്റെ രണ്ട് തുള്ളി കണ്ണീർ മാത്രം. നയീൻ പട്ടണത്തിലെ ശീമോന്റെ ഭവനത്തിൽ വന്ന് പാപം ഏറ്റു പറഞ്ഞ് കരഞ്ഞ, അനുതാപ വിവശതയോടെ കരഞ്ഞ പാപിനിയായ സ്തീയെപ്പോലെ ഇരു തുള്ളി കണ്ണീരുപൊഴിക്കാനല്ലാതെ എനിക്ക് വേറെ വകയില്ല കർത്താവെ.

എന്റെ പാപം എന്നെ വേട്ടയാടി പിടികൂടുന്നതിന് മുമ്പ് ഞാൻ പാപത്തെ കണ്ടുപിടിച്ച് കുരിശിൻ ചുവട്ടിൽ കൊണ്ടുവന്ന് അർപ്പിക്കുകയാണ്, എനിക്ക് മോചനം തരണമെ.

## രണ്ട്

> "ഇത് നമ്മുടെ സഹോദരനോട് നാം ചെയ്ത ദ്രോഹമാകുന്നു. അവൻ നമ്മോട് കെഞ്ചിയപ്പോൾ നാം അവന്റെ പ്രാണസങ്കടം കണ്ടാറെയും അവന്റെ അപേക്ഷ കേട്ടില്ലല്ലോ അതുകൊണ്ട് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നു എന്ന് അവർ തമ്മിൽ പറഞ്ഞു."
>
> ഉല്പത്തി 2:21.

ഇരുപത് വർഷം മുമ്പ് വന്ന തെറ്റ് ഇന്ന് അവർ ഓർക്കുകയാണ്. അയ്യോ, വേണ്ടായിരുന്നു. അന്ന് അങ്ങിനെ ഒന്ന് സംഭവിക്കരുതായിരുന്നു. സഹോദരനോട് ദ്രോഹം ചെയ്യേണ്ടായിരുന്നു, കഷ്ടം! സംഭവിച്ചുപോയല്ലോ. അന്ന് ചെയ്ത ആ തെറ്റ് ഇതാ ഇരുപത് വർഷങ്ങൾക്ക് ശേഷം നമ്മെ പ്രാണസങ്കടത്തിലാക്കിയിരിക്കുന്നു.

> "അതിന്നു രൂബേൻ; ബാലനോട് ദോഷം ചെയ്യരുതെന്ന് ഞാൻ നിങ്ങളോട് പറഞ്ഞില്ലയോ?

എന്നിട്ടും നിങ്ങൾ കേട്ടില്ല, ഇപ്പോൾ ഇതാ അവന്റെ രക്തം നമ്മോടു ചോദിക്കുന്നു എന്ന് അവരോട് പറഞ്ഞു."

ഉല്പത്തി 42:22.

പതിനേഴ് വയസ്സു പ്രായത്തിൽ നാം വിറ്റുകളഞ്ഞ നമ്മുടെ അനുജന്റെ രക്തം നമ്മോടു ചോദിക്കുകയാണ്. രക്തപ്പക നമ്മെ പിന്തുടരുകയാണ്. സഹോദരനെ കൊല്ലുവാൻ പൊട്ടക്കിണറ്റിൽ തള്ളി ഇട്ടതും സഹോദരനെ അതിനിഷ്ഠൂരമായി യിശ്മായേല്യ കച്ചവടക്കാർക്ക് പിടിച്ച് കൊടുത്തതും എല്ലാം പിന്നാലെ വന്ന് ആക്രമിക്കുകയാണ്. ഇപ്പോൾ ഇതാ അവന്റെ രക്തം നമ്മോട് ചോദിക്കുന്നു.

കുറ്റബോധം ലഭിച്ചു തുടങ്ങി, പരിശുദ്ധാത്മാവിന്റെ അത്ഭുത പ്രവൃത്തിയാണ് പാപബോധം തരിക എന്നുള്ളത്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും പരിശുദ്ധാത്മാവ് നമുക്ക് ബോധം തരുന്നു.

പരിശുദ്ധാത്മാവ് തരുന്നതാണ് പാപബോധം. പിശാച് എപ്പോഴും പാപം മറച്ചുപിടിക്കും: "സാരമില്ല, പേടിക്കാൻ ഒന്നുമില്ല. എന്നാലും ദൈവം സ്നേഹമല്ലേ. ദൈവം കരുണ അല്ലേ? സ്നേഹമായ ദൈവം മനുഷ്യനെ ശിക്ഷിക്കുമോ? മനുഷ്യന് അപകടം വരാൻ ദൈവം വിട്ടുകൊടുക്കുമോ?" എന്നെല്ലാം പിശാച് ദുരാലോചന പറഞ്ഞു തരും. അനേകമാളുകൾ ഇന്ന് സാത്താന്റെ പിടിയിൽ പെട്ട് അപകടത്തിൽ ആയിരിക്കുകയാണ്.

തെറ്റ് ചെയ്യുക എന്നുള്ളത് മാനുഷികമാണ്. ക്ഷമിക്കുക എന്നുള്ളത് ദൈവീകമാണ്. "To err is human, but to forgive is divine "എന്നു പറയും. ദൈവം ക്ഷമിക്കും, പേടിക്കാൻ ഒന്നു

മില്ല. മനുഷ്യൻ ബലഹീനൻ അല്ലേ, ചില പോരായ്മകൾ ഉണ്ട് എന്ന് കർത്താവിനറിയരുതോ, നാം ഇത്രയ്ക്കേ ഉള്ളൂ എന്ന് ദൈവത്തിനറിയാം. ദൈവം ക്ഷമിച്ച് കൊള്ളും എന്നെല്ലാമുള്ള വളരെ അപായകരമായ ചിന്ത ഇന്ന് അനേകരെ പിടികൂടിയിട്ടുണ്ട്. തന്മൂലം കുറ്റബോധമില്ലാതെ പാപത്തെ മറച്ച് പിടിക്കുന്നു.

പാപം ഉണ്ടെങ്കിൽ പോലും അതിന്റെ കാരണം മറ്റുള്ളവരിൽ ആരോപിക്കുന്നു. പാപത്തിന് ന്യായീകരണം കണ്ടെത്തുന്നു.

പ്രിയപ്പെട്ടവരെ, പാപത്തെ നാം നിസ്സാരമായി കാണരുത്. പാപത്തെ നാം ഗൗരവമായി കാണുക. പാപം നമ്മെ കണ്ടുപിടിക്കുന്നതിനു മുമ്പ്, നാം പാപത്തെ കണ്ടെത്തുകയും, പാപത്തോട് യാത്ര പറയുകയും ചെയ്യുക. പാപത്തെ ഏറ്റ് പറഞ്ഞ് ഉപേക്ഷിക്കുക. പാപവുമായുള്ള വേഴ്ചകൾ നാം നിർത്തുക.

എത്ര നിസ്സാരം എന്ന് നമുക്ക് തോന്നുന്ന പാപത്തിന്റെ പോലും പിന്നിൽ വളരെ ഘോരമായ പാപത്തിന്റെ പ്രവണതയുണ്ട് എന്ന് നാം മനസ്സിലാക്കുക. ഈ വാക്കുകളെ വായിക്കുന്ന പലരും കൊലപാതകം ചെയ്തിട്ടുണ്ടാകില്ല, അനേകർ വ്യഭിചാരപ്രവൃത്തി ചെയ്തിട്ടുണ്ടാകില്ല,

എങ്കിലും യേശുക്രിസ്തു പറയുന്നു: സഹോദരനോട് കോപിക്കുന്നവനെല്ലാം കൊലപാതകം ചെയ്യുന്നു. യേശു ചെയ്ത ആദ്യത്തെ പ്രസംഗത്തിൽ, ഗിരിപ്രഭാഷണത്തിൽ വി. മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ നാം വായിക്കുന്നത് അങ്ങനെ ആണ്.

"കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകും എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് : സഹോദരനോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് യോഗ്യനാകും. സഹോദരനോട് നിസ്സാര എന്ന് പറഞ്ഞാലോ ന്യായാധിപ സഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും, മൂഢാ എന്ന് പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും."

വി. മത്തായി 5:21–22.

ആരെയും തുച്ഛീകരിക്കരുത്, ആരെയും നിസ്സാരൻ എന്ന് കരുതരുത്. ആരെയും മൂഢൻ എന്നു വിളിക്കരുത്, ആരെക്കുറിച്ചും ചെറുതായി കാണരുത്. മറ്റുള്ളവരെ മാനിച്ചു കൊള്ളണം. മറ്റുള്ളവരെ ശ്രേഷ്ഠരായി എണ്ണിക്കൊള്ളണം, ആരെയും വിധിക്കരുത്.

കർത്താവ് തന്റെ ആദ്യത്തെ പ്രസംഗത്തിൽ തുടർന്ന് പറഞ്ഞു: വ്യഭിചാരം ചെയ്യരുത് എന്ന് നിങ്ങൾക്ക് മോശ കല്പന തന്നല്ലോ. ഞാനോ നിങ്ങളോട് പറയുന്നു: സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ ഹൃദയം കൊണ്ട് വ്യഭിചാരം ചെയ്തുപോയി എന്ന്.

സ്നേഹിതാ, നീ കൊലപാതകം ചെയ്തില്ലായിരിക്കും. നീ കോപിച്ചില്ലേ, നീ ദേഷ്യപ്പെടുകയും, ക്രോധാവേശത്തോടെ സംസാരിക്കുകയോ, അട്ടഹസിക്കുകയോ, ഗർജ്ജിക്കുകയോ ചെയ്തിട്ടില്ലയോ? ശാന്തമായി സ്വയപരിശോധന ചെയ്യൂ.

മകനെ, നീ വ്യഭിചാര പ്രവൃത്തിക്ക് പോയില്ലെങ്കിലും, നിന്റെ നോട്ടം ശരിയോ?, നിന്റെ കണ്ണ് ചൊവ്വുള്ളതാണോ? നിന്റെ ഹൃദയത്തിൽ മോഹം വരുന്നില്ലേ? ചിന്തിക്കൂ. നിന്റെ ഹൃദയത്തിൽ മോഹചിന്തകൾക്ക് ഇടം കൊടുത്തില്ലേ?

കർത്താവ് പറഞ്ഞു.

> "സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി."
>
> മത്തായി 5:28

" The Second look is sinful" എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. നോക്കി, കണ്ടു, തെറ്റില്ല, പക്ഷെ കാണാൻ വേണ്ടി നോക്കുമ്പോൾ പാപമായി. അഴുക്കായ പടമുള്ള ഒരു കടലാസ് മതിലിൽ ഒട്ടിച്ചിരിക്കുന്നത് നാം കാണുന്നു. നാം അത് കണ്ടു എന്നതുകൊണ്ട് നമുക്ക് പാപമാകില്ല, പക്ഷെ കാണാൻ വേണ്ടി നോക്കിയാൽ അത് പാപമാണ്.

ചിന്തിക്കൂ. കാണാൻ വേണ്ടി നോക്കിയിട്ടുണ്ടോ? മോഹത്തോട് കൂടി നോക്കിയിട്ടുണ്ടോ? നിങ്ങൾക്കു കാണാൻ ഉള്ള അഭിനിവേശത്തോടെ നോക്കിയിട്ടുണ്ടോ?

> "മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു."
>
> യാക്കോബ് 1:14–15.

നമ്മുടെ കർത്താവായ യേശുവിനെ പിശാച് പരീക്ഷിച്ചു. കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്ന മൂന്ന് പാപങ്ങളിലൂടെ, ഒന്നാം ആദാമിനെ പിശാച്

പരീക്ഷിച്ചു.

വിലക്കപ്പെട്ട കനി ചൂണ്ടിക്കാണിച്ചു കൊണ്ട് പാമ്പ് ഏദൻ തോട്ടത്തിൽ ഹവ്വായെ പരീക്ഷിച്ചു :

കാണാൻ ഭംഗിയുള്ളത്: കൺമോഹം, തിന്മാൻ നല്ലത്: ജഡ മോഹം, ജ്ഞാനം പ്രാപിപ്പാൻ കാമ്യം: പ്രതാപ മോഹം.

ഇതേ കാര്യങ്ങൾ കൊണ്ട് തന്നെ പിശാച് യേശുവിനെ പ്രലോഭിപ്പിക്കാൻ വന്നു. നാല്പത് ദിവസം ഭക്ഷണം ഇല്ലാതെ മരുഭൂമിയിൽ ഉപവാസത്തോടെ കർത്താവ് പ്രാർത്ഥനാ നിരതനായിരുന്നു. അത് കഴിഞ്ഞപ്പോൾ കർത്താവിന് വിശന്നു. ആ തക്കം നോക്കി പിശാച് കടന്നു ചെന്നു.

പൂർണ്ണമനുഷ്യനായ ദൈവപുത്രന് ശരീരത്തിൽ വിശപ്പുണ്ടായി. ആ സമയം പിശാച് തക്ക സമയത്ത് കയറിച്ചെന്നു, പിശാച് പറഞ്ഞു:

നീ ദൈവപുത്രനല്ലേ, നീ ദൈവപുത്രനെങ്കിൽ ഈ കല്ലിനോട് അപ്പമായിത്തീരുവാൻ കല്പിക്ക. അപ്പോൾ നിനക്ക് വിശപ്പ് മാറ്റാമല്ലോ, തന്നെയുമല്ല. ദൈവപുത്രനാണ്; കല്ല് അപ്പമാക്കിയത് എന്നുള്ള ഒരു പ്രസിദ്ധി കിട്ടും. പെട്ടെന്ന് നിനക്ക് പ്രസിദ്ധനാകാം, തന്നെയുമല്ല നീ വന്ന ഉദ്ദേശം സാധിക്കുകയും ചെയ്യും.

നല്ല ആലോചന പോലെ തോന്നാം. കർത്താവ് പറഞ്ഞു:

> "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു"
>
> മത്തായി 4:4

അങ്ങനെ ജഡമോഹം കൊണ്ട് പരീക്ഷിച്ചു.

കർത്താവായ യേശുവിനെ ഏറ്റവും ഉയർന്ന മലയിലേക്ക് കൊണ്ടുപോയി സകല ലോകരാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ച് കൊടുത്തു. കൺമോഹം. എല്ലാ ലോകരാജ്യങ്ങളും കാണിച്ചു. എല്ലാ പ്രതാപങ്ങളും ഐശ്വര്യങ്ങളും കാണിച്ചു. എന്നെ ഒന്ന് വീണ് വണങ്ങിയാൽ മതി ഇതൊക്കെ നിന്റേതാകും. കൺമോഹം. ഇത് മുഴുവൻ നിനക്ക് തരാം. ഇത് എന്റേതാണ്, നിനക്ക് തരാം.

കർത്താവ് പറഞ്ഞു:

> "നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിയ്ക്കാവൂ. എന്ന് എഴുതിയിരിക്കുന്നുവല്ലോ."
>
> മത്തായി : 4:10

മൂന്നാമത് പിശാച് യേശുവിനെ ദേവാലയത്തിന്റെ അഗ്രത്തിൽ നിർത്തിയിട്ട് നീ ദൈവപുത്രനെങ്കിൽ താഴോട്ട് ചാടുക, ദൂതന്മാർ നിന്നെ കാക്കുമല്ലോ. നിന്റെ കാൽ കല്ലിനോട് തട്ടാതവണ്ണം, നിന്നെ കാക്കേണ്ടതിന് ദൂതന്മാരെ ദൈവം കല്പിച്ചാക്കിയിട്ടുണ്ടല്ലോ.

തൊണ്ണൂറ്റി ഒന്നാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നപോലെ നിന്റെ കാൽ കല്ലിനോട് തട്ടാതെ വണ്ണം നിന്നെ കാക്കേണ്ടതിന് തന്റെ ദൂതന്മാരോട് അവൻ നിന്നെക്കുറിച്ച് കല്പിക്കുമല്ലോ എന്ന് പറഞ്ഞ്, വേദവാക്യം ഉദ്ധരിച്ചുകൊണ്ട് പിശാച് പ്രതാപമോഹമായി യേശുവിനെ സമീപിച്ചു.

യേശു പറഞ്ഞു: നിന്റെ ദൈവമായ കർത്താവിനെ പരീ

ക്ഷിക്കരുത് എന്നും കൂടെ എഴുതിയിരിക്കുന്നുവല്ലോ.  തിരുവചനം ഉദ്ധരിച്ചുകൊണ്ട് പിശാച് സംസാരിച്ചു. തിരുവചനം ഉദ്ധരിച്ചുകൊണ്ട് അനേകർ, ഇന്ന് മനുഷ്യരെ വഴിതെറ്റിക്കുന്നു. വേദപുസ്തകത്തിലെ വാക്കുകൾ ചിലതെല്ലാം ഉദ്ധരിച്ച് കൊണ്ട് പല രീതിയിൽ മനുഷ്യരെ വഞ്ചിക്കാൻ സാത്താൻ കെണി വെയ്ക്കുന്നുണ്ട്.

നമ്മുടെ ജീവിതത്തിൽ നാം ഓരോരുത്തരും പാപം കൺമോഹമായിട്ടാണോ ജഡമോഹമായിട്ടാണോ പ്രതാപമോഹമായിട്ടാണോ നമ്മെ സമീപിക്കുന്നതെന്ന് തിരിച്ചറിഞ്ഞ് സുബോധത്തോടെ നില്ക്കുക.

പാപത്തോട് എതിർത്തു നിൽക്കുക, പിശാചിനോട് എതിർത്തു നില്ക്കുക, പാപത്തോട് പ്രാണത്യാഗത്തോളം പോരാടുക.

> "പിശാചിനോട് എതിർത്തു നിൽപ്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും."
>
> യാക്കോബ് 4:7–8

ഇത് നമ്മുടെ സഹോദരനോട് നാം ചെയ്ത ദ്രോഹമാകുന്നു. അവൻ നമ്മോട് കെഞ്ചിയപ്പോൾ നാം അവന്റെ പ്രാണസങ്കടം കണ്ടാറെയും അവന്റെ അപേക്ഷ കേട്ടില്ലല്ലോ, അതുകൊണ്ട് ഈ സങ്കടം നമുക്ക് വന്നിരിക്കുന്നു എന്ന് അവർ തമ്മിൽ പറഞ്ഞു. അവർക്ക് കുറ്റബോധം ഉണ്ടായി. ഇപ്പോൾ ഇതാ അവന്റെ രക്തം നമ്മോട് ചോദിക്കുന്നു എന്ന് രൂബേൻ പറഞ്ഞു.

കുറ്റബോധം വർദ്ധിച്ച് വരികയാണ്. പരിശുദ്ധാത്മാവ് കുറ്റ ബോധം തരികയാണ്. നിങ്ങൾ ഈ വാക്കുകളെ വായിക്കു മ്പോൾ നിങ്ങളുടെ പഴയ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി കുറ്റബോധം ഉണ്ടാകുമോ? പാപബോധം നിങ്ങൾക്ക് ഉണ്ടാ കുമോ?

അയ്യോ വേണ്ടായിരുന്നു. അങ്ങനെ സംസാരിക്കേണ്ടായി രുന്നു. അങ്ങനെ പെരുമാറണ്ടായിരുന്നു. അയ്യോ വേണ്ടായി രുന്നു. മണ്ടത്തരമായിപ്പോയല്ലോ. എന്റെ ദൈവമേ ഇനി ഞാൻ എന്താണ് ചെയ്യുക.

നിങ്ങൾ പലരും ഇന്ന് തിരിഞ്ഞു നോക്കിയാൽ നിങ്ങൾക്ക് വേദനിക്കാനുള്ള വിഷയങ്ങൾ കാണും. ഭർത്താവിനോട് പിണ ങ്ങിയവരില്ലേ? ഭർത്താവിനെ അത്യന്തം വൈരുദ്ധ്യ മനോഭാ വത്തോടെ കണ്ടവരില്ലേ? ഭർത്താവിനെ തരംതാഴ്ത്തി സംസാ രിച്ചവരില്ലേ?

ഭാര്യയോട് കോപിച്ചവരില്ലേ? ആ പാവം സ്ത്രീയെ മദ്യ പിച്ച് ചെന്ന് തല്ലിയവരില്ലേ? ആ നിരപരാധിയായ സ്ത്രീയെ കുറിച്ച് ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് അവളെ അവിശ്വസിച്ച വരില്ലേ?. അവളെ തെറ്റിദ്ധരിച്ചവരില്ലേ?

മാതാപിതാക്കളോട് ധിക്കാരം കാണിച്ചവരില്ലേ?. മാതാപി താക്കളെ അനുസരിക്കാത്തവരില്ലേ?. പ്രിയപ്പെട്ടവരെ, എത്ര എത്ര വൈകൃതങ്ങൾ ആണ് ഇന്ന് മനുഷ്യനെ പിടികൂടിയിരി ക്കുന്നത്!

ഞാൻ നിങ്ങളോട് പറയട്ടെ. അനേക വർഷങ്ങൾ കോളേ ജിൽ പഠിപ്പിച്ചത് കൊണ്ട് മുപ്പത്തി മൂന്ന് വർഷം കോളേജിൽ ചെലവഴിച്ചതുകൊണ്ട്, ചെറുപ്പക്കാരുടെ അനേകം അനേകം പ്രവണതകൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

അനേക യുവാക്കന്മാർ ഇന്ന് തകർന്ന് തരിപ്പണമായിരിക്കുകയാണ്. മദ്യത്തിന്റെ അടിമകൾ ആയിരിക്കുകയാണ്. ചുമതലാബോധം ഇല്ലാത്തവരായിരിക്കുകയാണ്. മോഷണം ചെയ്യാൻ മടി ഇല്ലാത്തവരായിരിക്കുകയാണ്. മാതാപിതാക്കളെ ധിക്കരിക്കുന്നവരാണ്. മാതാപിതാക്കളോട് വളരെ ഹീനമായി പെരുമാറി അവരെ വേദനിപ്പിക്കുന്നവരാണ്.

അനേകം അനേകം യുവാക്കന്മാർ കഞ്ചാവിന്റെ അടിമകൾ ആണ്. അനേക യുവാക്കന്മാർ പാൻ പരാഗ് പോലെയോ മറ്റോ ഉള്ള ചില വസ്തുക്കൾ വായിലിട്ട് അതിന്റെ മാരകമായ മാദകത്വത്തിൽ വിറളി പൂണ്ടു നടക്കുന്നവരാണ്. അനേകർ സ്ത്രീകളുടെ അടിമകളായി മാറിയിരിക്കുകയാണ്. അനേകർ Love എന്നുപറയുന്ന ഓമനപ്പേരിൽ കാമാസക്തി കൊണ്ട് ഭ്രാന്തു പിടിച്ച് പല വിക്രിയകളും ചെയ്തു കൊണ്ടിരിക്കുന്നവരാണ്.

അങ്ങനെ അനേകർ ജീവിതം തകർത്തു നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ മകനെ, യേശു നിന്നെ സ്നേഹിക്കുന്നു. ഇന്ന് ഈ വാക്കുകളെ നീ വായിക്കുമ്പോൾ നിനക്ക് ദൈവം പാപബോധം തരാൻ യേശു ആഗ്രഹിക്കുന്നു. നിനക്ക് കുറ്റബോധം തരാൻ യേശു ആഗ്രഹിക്കുന്നു. നിനക്ക് ഒരു യഥാർത്ഥമായ സമാധാനം നൽകുന്ന പാപക്ഷമ തരാൻ യേശു ആഗ്രഹിക്കുന്നു.

പാപിക്കുവേണ്ടി ക്രൂശിൽ മരിച്ച ക്രിസ്തു, പാപിക്കുവേണ്ടി കൈകളും കാലുകളും തുളയ്ക്കപ്പെട്ട ക്രിസ്തു ഇപ്പോൾ നിങ്ങളുടെ അരികത്തേക്ക് വന്നിട്ടുണ്ട്. നിങ്ങൾ ഇരിക്കുന്നിടത്ത് യേശു നിങ്ങളുടെ അരികത്ത് വന്നിട്ടുണ്ട്.

യേശു കരം നീട്ടിക്കൊണ്ട് യാചകനെപ്പോലെ നിന്നു

കെഞ്ചി പറയുന്നു. മകനെ നീ എന്റെ കൈകൾ കാണുന്നില്ലേ, നിന്റെ പാപം പേറാൻ ഞാൻ ഈ കൈകൾ ആണി അടിച്ച് തകർക്കപ്പെട്ടു. മകനെ നിന്റെ പാപം പേറാൻ ഞാൻ ഈ ശിക്ഷ എല്ലാം ഏറ്റു.

എന്റെ മുഖത്ത് ഞാൻ തുപ്പലേറ്റത്, എന്റെ കരണത്ത് ഞാൻ അടി ഏറ്റത്, എന്റെ കവിളത്തു നിന്ന് രോമങ്ങൾ പിഴെതെടുത്തത്, എന്റെ പുറം ഉഴവുചാൽ പോലെ കീറിയത്, എന്റെ ശിരസ്സിൽ മുൾമുടി വച്ച് ശിരസ്സിൽ നിന്ന് രക്തവും വിയർപ്പും കൂടെ ഒലിച്ചിറങ്ങി എന്റെ ശരീരം ആകെ വിരൂപമായിപ്പോയത്, മകനെ, എന്റെ പ്രിയമകളെ, നിനക്ക് വേണ്ടിയാണ് എന്ന് നിനക്ക് വിശ്വസിക്കാമോ?

നിനക്കു വേണ്ടി ഞാനിതെല്ലാം സഹിച്ചു:

> "കടന്നുപോകുന്ന ഏവരുമായുള്ളോരെ ഇത്
> നിങ്ങൾക്ക് ഏതുമില്ലയോ"
>
> വിലാപങ്ങൾ 1: 12

ആ സ്നേഹത്തിന്റെ വേദന ഉൾക്കൊള്ളാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? പാപത്തോട് യാത്ര പറയാൻ നിങ്ങൾക്ക് തോന്നുന്നുണ്ടോ?

എങ്കിൽ ഇപ്പോൾ പറയൂ: കർത്താവെ, ഇതുവരെ ബോധമറ്റവനെപ്പോലെ ഞാൻ ജിവിച്ചു. സുബോധം കെട്ടവനെപ്പോലെ ഞാൻ ജീവിച്ചു. എന്റെ ദൈവമെ, ഞാൻ എന്തെല്ലാം മണ്ടത്തരങ്ങളിൽ ചെന്നു ചാടി. ഏതെല്ലാം ചീത്തകൂട്ടുകെട്ടുകളിൽ പോയി ചാടി.

അല്പനേരത്തേക്ക് രസം തരുന്ന ക്ഷണികസൗഭാഗ്യ

ങ്ങൾക്കു വേണ്ടി ഞാൻ എന്റെ ജീവിതം നശിപ്പിച്ചു. നൈമിഷികമായ സുഖവും രസവും തരുന്ന പാപ ഇമ്പങ്ങളിലേക്ക് പോയി, എന്റെ പണം ഞാൻ നശിപ്പിച്ചു, എന്റെ പേർ ഞാൻ നശിപ്പിച്ചു. എന്റെ മാന്യത ഞാൻ നശിപ്പിച്ചു. എന്റെ കുടുംബ മഹിമ ഞാൻ നശിപ്പിച്ചു. എന്റെ പൈതൃക പാരമ്പര്യം ഞാൻ നശിപ്പിച്ചു. കുടുംബത്തിന്റെ അഭിമാനമായിരുന്ന കുലീനത്വം ഞാൻ നശിപ്പിച്ചു, തറവാടിത്വം മുടിച്ചുകളഞ്ഞു.

എന്റെ ദൈവമെ, നീ എനിക്ക് തന്നതായ ഈ ശരീരത്തെ ഞാൻ മലിനമാക്കിയല്ലോ. നിനക്ക് വസിക്കാനായി നീ തിരഞ്ഞെടുത്ത ഈ ശരീരം കർത്താവെ, നിന്റെ ആലയമാണെന്നറിഞ്ഞിട്ടും നിന്റെ ആലയത്തെ ഞാൻ അശുദ്ധമാക്കിപ്പോയല്ലോ.

ദൈവത്തിന്റെ ആലയമായി, ദൈവത്തിന്റെ കുടിയിരുപ്പ് ഭവനമായി, എന്റെ ശരീരത്തെ ഞാൻ കരുതിയില്ല, എന്റെ ജീവിതത്തിൽ തെറ്റുകൾ പറ്റിപ്പോയി,പിതാവെ എന്റെ ശരീരത്തെ ഞാൻ അശുദ്ധമാക്കി, എന്റെ നാവിൽ നുണവാക്കുകൾ വന്നു. അസത്യവാക്കുകൾ വന്നു, കർത്താവെ ഞാൻ പലരേയും ചതിച്ചു, പലരേയും ഞാൻ ദുഃഖിപ്പിച്ചു.

എന്റെ നാഥാ, എനിക്ക് ന്യായം പറയാൻ ഇല്ല. എനിക്ക് അഭിമാനം പറയാൻ ഇല്ല. എനിക്ക് അവകാശം പറയാൻ ഇല്ല. ഞാൻ ഇതാ തകർന്ന പാപിയായി നിന്റെ പാദപീഠത്തിലേക്ക് വരുന്നു.

ഞാൻ മൂലം എന്റെ പാവപ്പെട്ട ഭാര്യ വേദനിച്ചു. ഞാൻ മൂലം എന്റെ പ്രിയമക്കൾ കരഞ്ഞു. ഞാൻ മൂലം എന്റെ മാതാപിതാക്കൾ വേദനിച്ചു. കർത്താവെ, ഞാൻ ഒരാൾ മൂലം എന്റെ ഭർത്താവ് വിതുമ്പി ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് രാത്രി ഉറ

ക്കമില്ലാതെ കഴിഞ്ഞു.

ഞാനാണ് കുറ്റവാളി. കർത്താവെ, ഞാനാണ് പാപി. ഞാൻ മൂലം പാപം, ഞാൻ മൂലം രോഗം, ഞാൻ മൂലം അനേകം കെടുതികൾ, അനേക ശാപങ്ങൾ എന്റെ കുടുംബ ത്തിൽ വരുവാൻ ഞാൻ ഒരാൾ കാരണക്കാരനായിപ്പോയി, എനിക്ക് മാത്രമല്ല എന്റെ കുടുംബത്തിൽ, ഇന്നുള്ളവർക്ക് മാത്രമല്ല വരും തലമുറയ്ക്ക് പോലും കെടുതിയും കേടും കഷ്ടവും നഷ്ടവും വരുത്തുന്ന പാപങ്ങൾക്ക് ഞാൻ ഇടം കൊടുത്തുപോയി.

ഉടയവനെ എന്നോട് പൊറുക്കണമെ, നാഥാ എനിക്ക് മാപ്പ് തരണമെ, നിങ്ങൾ കരയുമോ? ദൈവമക്കളെ നിങ്ങൾ പ്രാർത്ഥിക്കുമോ?

ഈ സഹോദരന്മാരുടെ അനുതാപം , അവർ തങ്ങൾക്ക് പറ്റിയ തെറ്റിനെക്കുറിച്ച് ഓർക്കുന്നതായ അനുതാപത്തിന്റെ പശ്ചാത്താപം യോസേഫ് കണ്ടു.

ഇപ്പോൾ ഇതാ അവന്റെ രക്തം നമ്മോട് ചോദിക്കുന്നു എന്ന് അവർ പറഞ്ഞു. യോസേഫ് അവരോട് സംസാരിച്ചത് ദ്വിഭാഷി മുഖാന്തിരം ആയിരുന്നതുകൊണ്ട് അവൻ ഇത് ഗ്രഹിച്ചു എന്ന് അവർ അറിഞ്ഞില്ല.

യോസേഫ് അന്ന് ഈജിപ്തിലെ വലിയ പ്രധാനപ്പെട്ട ഉദ്യാ ഗസ്ഥനായി, മേലധികാരിയായി വാഴുകയല്ലേ, അപ്പോഴത്തെ കോട്ടും, സൂട്ടും യൂണിഫോമും ഒക്കെയായി നിൽക്കുന്ന യോസേഫിനെ കണ്ടപ്പോൾ സഹോദരന്മാർ അറിഞ്ഞില്ല.

പക്ഷെ യോസേഫിന് മനസ്സിലായി. ഇവർ ഇരുപതു കൊല്ലം മുമ്പ്, എന്നെ വിറ്റുകളഞ്ഞ സഹോദരന്മാരാണെന്ന്.

യോസേഫ് പിന്നീട്  ചെയ്തത് വായിക്കുമ്പോൾ നമ്മുടെ ഹൃദയം വിതുമ്പും.

“അവൻ അവരെ വിട്ട് മാറിപ്പോയി കരഞ്ഞു” പാപിക്ക് ഒര നുതാപം തുടങ്ങുമ്പോൾ കരയുന്ന യേശു! മകനെ, യേശു വിന് സ്നേഹമേ ഉള്ളൂ, നിന്നോട് വഴക്കില്ല ,പരിഭവമില്ല. അതാണ് പാപിയായ  മനുഷ്യനെ സ്നേഹിക്കുന്ന ക്രൂശിലെ ത്യാഗം, പാപിയെ വീണ്ടെടുക്കുന്ന ക്രൂശിലെ സ്നേഹം, നീ എത്ര കൊടും ക്രൂരപാതകം ചെയ്തെങ്കിലും എല്ലാം പൊറു ക്കാൻ യേശുവിന് മനസ്സാണ്.

യോസേഫ് അവരെ വിട്ട് അകത്ത് പോയി കരഞ്ഞു.  നേരെ നിന്ന് കരയുകയല്ല. കാരണം ഇനിയും അവർക്ക് അനുതാപം വരേണ്ടി ഇരിക്കുന്നു. ഇനിയും പശ്ചാത്താപം വരേണ്ടി ഇരി ക്കുന്നു. പാപക്ഷമയിലേക്ക് അവരെ നയിക്കേണ്ടതിന് ഇനിയും കുറെ കർക്കശമായ Dealings വേണ്ടിയിരിക്കുന്നു.

നിന്റെ അനുതാപം കണ്ട് തന്നത്താൻ മാറി ഇരുന്ന് കര യുന്ന ഒരു യേശു ഉണ്ട്, മകളെ നീ അനുതപിക്കാൻ തുടങ്ങു മ്പോൾ, പാപം തിരുത്താൻ തുടങ്ങുമ്പോൾ, വേദനയോടെ പാപത്തെ ഏറ്റുപറയാൻ തുടങ്ങുമ്പോൾ, സ്വർഗ്ഗത്തിലെ ദൈവം വാത്സല്യത്തോടെ കരയുകയാണ്.

രഹസ്യങ്ങൾ അറിയുന്ന ദൈവത്തിന്റെ മുമ്പിൽ ഒന്നും മറഞ്ഞിരിക്കുന്നില്ല.

> “ഞാൻ ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തു നിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു, എന്റെ വഴികളൊ ക്കെയും നിനക്ക് മനസ്സിലായിരിക്കുന്നു.  നീ

മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല, നീ മുമ്പും പിമ്പും എന്നെ അടച്ച് നിന്റെ കൈ എന്റെ മേൽ വച്ചിരിക്കുന്നു. ഈ പരിജ്ഞാനം എനിക്ക് അത്യത്ഭുതമാകുന്നു. അത് എനിക്ക് ഗ്രഹിച്ചുകൂടാത്തവണ്ണം ഉന്നതമായിരിക്കുന്നു. നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ എവിടേക്ക് പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്ക് ഓടും?. ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ട്. പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട്. ഞാൻ ഉഷസ്സിൻ ചിറക് ധരിച്ച്, സമുദ്രത്തിന്റെ അറ്റത്ത് ചെന്ന് പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും. നിന്റെ വലങ്കൈ എന്നെ പിടിക്കും. ഇരുട്ട് എന്നെ മൂടിക്കളയട്ടെ, വെളിച്ചം എന്റെ ചുറ്റും രാത്രിയായി തീരട്ടെ എന്നു ഞാൻ പറഞ്ഞാൽ ഇരുട്ടുപോലും നിനക്ക് മറവായിരിക്കയില്ല. രാത്രി പകൽ പോലെ പ്രകാശിക്കും, ഇരുട്ടും വെളിച്ചവും നിനക്ക് ഒരുപോലെ തന്നെ.”

സങ്കീ 139:2–12.

മനുഷ്യർ ആരും അറിഞ്ഞില്ല, ഭാര്യ അറിഞ്ഞില്ല , ഭർത്താവ് അറിഞ്ഞില്ല. മാതാപിതാക്കൾ അറിഞ്ഞില്ല. എന്നാൽ ക്രിസ്തു എല്ലാം അറിഞ്ഞു. സ്നേഹിതാ, സമർപ്പിക്കൂ; പ്രാർത്ഥിക്കൂ;

കർത്താവെ, ഇപ്പോൾ ഞാൻ ഇതാ തിരുമുമ്പാകെ വരികയാണ്. നിന്റെ കരുണയ്ക്ക് വേണ്ടി യാചിക്കുകയാണ്.

കർത്താവെ, അവിടുത്തെ കുരിശിലെ സ്നേഹം, ഗോഗുൽത്തായിലെ പരിപാവന രക്തത്തിന്റെ നിസ്തുല സ്നേഹം, ഇന്ന് ഞാൻ ഈ വാക്കുകളെ വായിക്കുമ്പോൾ എന്റെ അരികത്ത് എത്തിയിരിക്കുന്നു എന്ന് ഞാൻ വിശ്വസി ക്കുന്നു. എന്നെ സ്വീകരിക്കേണമേ. എന്റെ ഹൃദയത്തിൽ വന്ന് വസിക്കണമേ.

## മൂന്ന്

"യോസേഫ് സഹോദരന്മാരെ അറിഞ്ഞു എങ്കിലും അവർ അവനെ അറിഞ്ഞില്ല. യോസേഫ് അവരെക്കുറിച്ച് കണ്ടിരുന്ന സ്വപ്നങ്ങൾ ഓർത്ത് അവരോട്; നിങ്ങൾ ഒറ്റുകാരാകുന്നു. ദേശത്തിന്റെ ദുർബ്ബലഭാഗം നോക്കുവാൻ നിങ്ങൾ വന്നിരിക്കുന്നു എന്നു പറഞ്ഞു. അവർ അവനോട്: അല്ല, യജമാനനെ, അടിയങ്ങൾ ആഹാരം കൊള്ളുവാൻ വന്നിരിക്കുന്നു. ഞങ്ങൾ എല്ലാവരും ഒരാളുടെ മക്കൾ; ഞങ്ങൾ പരമാർത്ഥികൾ ആകുന്നു; അടിയങ്ങൾ ഒറ്റുകാരല്ല എന്നു പറഞ്ഞു. അവൻ അവരോട് : അല്ല, നിങ്ങൾ ദേശത്തിന്റെ ദുർബ്ബലഭാഗം നോക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു"

ഉല്പത്തി 42. 8–12.

യോസേഫ് മിസ്രയീമിന്റെ അധിപതിയായി വാഴുകയാണ്. യോസേഫ് ഏറ്റവും ഉയർന്ന നിലവാരത്തിൽ രാജകീയമായ

പ്രൗഢിയോടെ ഫറവോന്റെ രാജ്യത്തിന്റെ സർവ്വാധിപത്യം ഏറ്റെടുത്ത് വാഴുകയാണ്.

ക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ആ കാലത്ത് നാനാദേശത്തു നിന്നും ആളുകൾ യോസേഫിന്റെ അടുക്കൽ ചെല്ലുകയും, ധാന്യം വാങ്ങിക്കൊണ്ട് പോകുകയും ചെയ്യുമായിരുന്നു. അങ്ങനെയാണ് യോസേഫിന്റെ സഹോദരന്മാർ പത്ത് പേരും അവിടെ എത്തി ഇരിക്കുന്നത്.

അനുജനായ ബെന്യാമിൻ വന്നിട്ടില്ല, മറ്റ് സഹോദരന്മാർ പത്ത് പേരും ഉണ്ട്. അവർ അപ്പനായ യാക്കോബിന്റെ അഭിപ്രായവും ആജ്ഞയും അനുസരിച്ച് യോസേഫിന്റെ അടുക്കൽ വന്നിരിക്കുകയാണ്. തങ്ങളുടെ സഹോദരനായ യോസേഫാണ് ഉയർന്ന ഉദ്യോഗസ്ഥനായി ഈജിപ്റ്റിൽ വാഴുന്നത് എന്ന് അവർ ആരും അറിയുന്നില്ല.

യോസേഫിന്റെ സഹോദരന്മാർ യോസേഫിനെ അറിഞ്ഞില്ല എങ്കിലും യോസേഫ് അവരെ അറിഞ്ഞു. യോസേഫ് അവരെ അറിയുക മാത്രമല്ല, വർഷങ്ങൾക്ക് മുമ്പ് അവർ ചെയ്തതായ തിന്മ യോസേഫ് ഓർക്കുകയും ചെയ്തു. യോസേഫിനെ പൊട്ടക്കിണറ്റിൽ തള്ളി ഇട്ടതും യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റതും പൈസ വാങ്ങിയതും എല്ലാം യോസേഫിന്റെ മനസ്സിലേക്ക് വന്നു, പക്ഷെ യാതൊരു പരിഭവവും വഴക്കും പിണക്കവും ഇല്ലാതെ അവരോട് വാത്സല്യപൂർവ്വം യോസേഫ് പെരുമാറുകയാണ്.

കർത്താവായ യേശുവിന്റെ ഒരു നിഴലാണ്, പ്രതീകമാണ് (Symbol) യോസേഫ്. മനുഷ്യൻ പാപം ചെയ്തു; പക്ഷെ, ദൈവത്തിന് ആരോടും പിണക്കമില്ല. ആരെയും അകറ്റി

നിർത്തുന്നില്ല;

ജീവനുള്ള ദൈവം ഒന്നു മാത്രമാണ് ആഗ്രഹിക്കുന്നത്. മനുഷ്യൻ അവന്റെ യഥാർത്ഥമായ അവസ്ഥ തിരിച്ചറിയണം എന്ന്. മനുഷ്യൻ പാപബോധം ഉള്ളവനായി തീരണം എന്ന്; അവന്റെ തെറ്റുകൾ, അവന്റെ കുറ്റങ്ങൾ, അവന്റെ പാപങ്ങൾ, ദൈവം കാണുന്നത്ര ഗൗരവത്തോടെ മനുഷ്യൻ കാണണം എന്ന്. അതുമാത്രമാണ് ദൈവം ആഗ്രഹിക്കുന്നത്.

നമ്മുടെ പാപം കണ്ടാൽ നാം അനുതപിച്ചു പോകും. അയ്യോ എനിക്ക് ഈ സംഭവിച്ചത് എന്ത്, അയ്യോ ഇതെനിക്കു വരരുതായിരുന്നല്ലോ എന്ന് നാം ചിന്തിച്ചുപോകും. ഞാൻ എന്തിന് പാപം ചെയ്തുപോയി. ഞാൻ എന്നെതന്നെ മുടിച്ചു കളഞ്ഞല്ലോ എന്ന വലിയ വേദന നമുക്കുണ്ടാകും. ഉള്ളു തകർന്ന് നാം കരയും.

പക്ഷെ അവർ പഴയതെല്ലാം എന്നേ മറന്നുപോയി. പാപം കാലം കൊണ്ട് മായുകയില്ല. പാപം മാഞ്ഞുപോകണമെങ്കിൽ; പാപത്തെ ഓർത്ത് അനുതപിക്കുകയും, പശ്ചാത്തപിക്കുകയും ചെയ്യണം. അയ്യോ തെറ്റ് പറ്റിപ്പോയല്ലോ എന്ന ഹൃദയ നുറുക്കത്തോടെ ദൈവത്തോട് കരയുകയും; കർത്താവിന്റെ ക്ഷമയ്ക്ക് വേണ്ടി യാചിക്കുകയും ചെയ്യണം. അപ്പോൾ യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും. കർത്താവിന്റെ തിരുവചനം അങ്ങിനെയാണ് പറയുന്നത്.

> "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു"
>
> 1 യോഹ.1–7.

യോസേഫിന്റെ സഹോദരന്മാർ വന്നത് ഒറ്റുകാരായിട്ടല്ല; ധാന്യം കൊള്ളുവാനാണ്. അവർ പറഞ്ഞു: ഞങ്ങൾ ധാന്യം കൊള്ളുവാൻ വന്നിരിക്കുന്നു. ഞങ്ങൾ അങ്ങ് ദൂരെ നിന്ന് വന്നിരിക്കുന്നത് ധാന്യം വാങ്ങുവാനാണ്.

ഇവിടുത്തെ ധാന്യപ്പുരയിൽ ധാരാളം ധാന്യം ഉണ്ടെന്ന് ഞങ്ങൾ നാട്ടിൽ കേട്ടു. ഇവിടെ വന്നാൽ ധാന്യം വാങ്ങിക്കൊണ്ടുപോകാമെന്ന് ഞങ്ങൾ അറിഞ്ഞു. അനേകർ നാനാദേശത്തേക്ക് വാങ്ങിക്കൊണ്ട് പോകുന്നുണ്ട് എന്ന് ഞങ്ങൾ അറിഞ്ഞു. അതുകൊണ്ട് ഞങ്ങൾ ധാന്യം വാങ്ങുവാൻ വന്നതാണ്, എന്നെല്ലാം അവർ പറഞ്ഞു. യോസേഫ് സമ്മതിക്കുന്നില്ല, "അല്ലാ നിങ്ങൾ ഒറ്റുകാരാണ്."

അപ്പോൾ അവർ പറയുകയാണ്. "യജമാനനെ; ഞങ്ങൾ എല്ലാവരും പരമാർത്ഥികളാണ് ഞങ്ങൾ കുറ്റവാളികളല്ല; അങ്ങ് എന്തോ തെറ്റിദ്ധരിച്ച് പറയുകയാണ്. ഞങ്ങൾ എല്ലാവരും എല്ലാവരും പരമാർത്ഥികളാണ്. ഞങ്ങൾ ഒരാളുടെ മക്കൾ ആണ്. ഞങ്ങൾ അകൃത്യം ചെയ്തിട്ടില്ല; അകൃത്യം ചെയ്യാൻ അല്ല വന്നത്. ഈ ദേശത്തിന്റെ ദുർബ്ബലഭാഗം ഒറ്റുനോക്കാൻ വന്നവരല്ല ഞങ്ങൾ. ഇവിടെ നിന്നും, ധാന്യം വാങ്ങിക്കൊണ്ട് പോകാൻ വന്നതാണ്."

യോസേഫ് പിന്നേയും തറപ്പിച്ച് പറയുകയാണ്. അല്ല നിങ്ങൾ ഒറ്റുകാർ തന്നെ. ദേശത്തിന്റെ ദുർബ്ബലഭാഗം നോക്കുവാൻ നിങ്ങൾ വന്നിരിക്കുന്നു.

പ്രിയപ്പെട്ടവരെ, നമ്മുടെ കർത്താവ് നോക്കുന്നത് പഴയ കാലം മുതലുള്ള ജീവിതത്തിലേക്കാണ്. പണ്ടത്തെ കാലങ്ങളിലേക്ക് നാം തിരിഞ്ഞു നോക്കണം. ഇന്ന് ഒരു പക്ഷെ നാം

കൊള്ള ചെയ്തിട്ടില്ല; ഇന്ന് നാം മോഷ്ടിച്ചിട്ടില്ല; അല്ലെങ്കിൽ ഈ അടുത്ത നാളുകളിൽ; അഴുക്കായ ജീവിതത്തിലേക്ക് പോയിട്ടില്ല.

എന്നാൽ ദൈവപൈതലേ, നിന്റെ പഴയ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കൂ. വർഷങ്ങൾക്ക് മുമ്പ് ഒരു പക്ഷെ അനേകം അനേകം വർഷങ്ങൾക്ക് മുമ്പ് ചെയ്തുപോയ പാപം നിന്റെ ബോധ മനസ്സിൽ നിന്നു മാറിപ്പോയിരിക്കാം. ഓർമ്മ വരാത്ത വിധം മറവിയുടെ കയത്തിലേക്ക് താണു പോയി കാണും.

പക്ഷെ നീ ഓർക്കുക, നിന്റെ ജീവിതത്തിലെ തിന്മകൾ എല്ലാം കാണുന്ന ഒരു ദൈവമുണ്ട് എന്ന്. സ്വർഗ്ഗത്തിലെ ദൈവത്തെ മറയ്ക്കാൻ സാധ്യമല്ല; ദൈവത്തെ ഒളിയ്ക്കാൻ സാധ്യമല്ല; എല്ലാം ദൈവം കാണുന്നു. എല്ലാം ദൈവം കുറിച്ചു വച്ചിരിക്കുന്നു എന്ന് വചനം പറയുന്നു.

പ്രിയപ്പെട്ടവരെ, കുറ്റം വിധിക്കാനല്ല നമ്മെ നശിപ്പി ക്കാനുമല്ല; പക്ഷെ നമ്മുടെ ജീവിതത്തിൽ മായാത്ത വടു പോലെ പാപം നില്ക്കുകയാണ്. കഴിഞ്ഞ കാല പാപങ്ങ ളെല്ലാം ദൈവസന്നിധിയിൽ രേഖപ്പെടുത്തി വെച്ചിരിക്കുക യാണ്.

ഇപ്പോൾ നിങ്ങൾ ഈ വാക്കുകളെ വായിക്കുമ്പോൾ തിരിഞ്ഞു നോക്കി അനുതപിക്കാൻ എന്തെങ്കിലും ഉണ്ടോ, എന്ന് ശോധന ചെയ്യുന്നതാണ് നല്ലത്.

വർഷങ്ങളുടെ പിറകിലേക്ക് മനസ്സുകൊണ്ട് നിങ്ങൾക്കു നടന്നുപോകാൻ ഉണ്ടോ?

തീരെ ബാല്യപ്രായത്തിൽ അത്ര വലിയ തിരിച്ചറിവ് ഒന്നുമില്ലാത്ത സമയത്ത് നിങ്ങൾ ഏതെങ്കിലും ഒരു വീട്ടിൽ ചെന്നപ്പോൾ, അവിടെ നിന്നും വല്ലതും മോഷ്ടിച്ചു കൊണ്ടുവന്നതായിരിക്കാം. ആരും അറിഞ്ഞില്ല; ആരും ചിന്തിച്ചില്ല; ആരും അതിനെക്കുറിച്ച് ഗൗനിച്ചില്ല; പക്ഷെ ദൈവപൈതലെ, ദൈവത്തിന്റെ സന്നിധിയിൽ അത് മറന്നുപോയിട്ടില്ല; മാഞ്ഞുപോയിട്ടില്ല; അവിടെ അത് രേഖപ്പെടുത്തപ്പെട്ടു പോയിരിക്കുകയാണ്. അതുപോലെ എന്തെല്ലാം പാപങ്ങൾ!

മോഷണം ആകാം, വ്യഭിചാരം ആകാം, ആരെ എങ്കിലും പരിഹസിച്ചതാകാം, ദൈവമക്കളെ കളിയാക്കിയാതാകാം; ദൈവവേലയെ കുറ്റപ്പെടുത്തുകയും ദൈവവേലക്കാരെ ഒറ്റപ്പെടുത്തുകയും ചെയ്തതാകാം. ദൈവവേലയിലേക്ക് പോകുന്ന ആളുകളെ തടഞ്ഞതാകാം. ദൈവത്തിന്റെ വചനം കേൾക്കാൻ ഉത്സാഹത്തോടെ വരുന്നവരെ തടഞ്ഞ് നിർത്തി അവരെ അനുഗ്രഹത്തിലേക്ക് വിടാതെ അവരെ നാശത്തിലേക്ക് തള്ളി വിട്ടതാകാം;

ദൈവ ജനമെ, നിങ്ങളുടെ സ്വാധീനം ഉപയോഗിച്ച് നിങ്ങൾ ആരെ എങ്കിലും കർത്താവിന്റെ വചനം കേൾക്കുന്നതിൽ നിന്ന് തടഞ്ഞിട്ടുണ്ടോ? ദൈവത്തിന്റെ വേലയിലേക്ക് ഉത്സാഹിച്ച് വരുന്നവരെ നിങ്ങൾ നിരുത്സാഹപ്പെടുത്തിയിട്ടുണ്ടോ? ആരെങ്കിലും പാപം വിട്ടു ജീവിക്കാനും പ്രാർത്ഥനാ ജീവിതം തുടരാനും ആഗ്രഹിക്കുമ്പോൾ നിങ്ങൾ പരിഹസിച്ച് ഒറ്റപ്പെടുത്തിയിട്ടുണ്ടോ? അവരെ പിൻമാറ്റത്തിലേക്ക് നയിച്ചിട്ടുണ്ടോ?

ഏതെങ്കിലും ദൈവപൈതലിനെ നിങ്ങളുടെ ഒരു വാക്കുകൊണ്ടോ ഒരു പ്രവൃത്തികൊണ്ടോ തടഞ്ഞിട്ടുണ്ടോ? ദൈവ

ത്തിന്റെ വേലയ്ക്ക് നിങ്ങൾ എവിടെ എങ്കിലും വിഘ്നം സൃഷ്ടിച്ചിട്ടുണ്ടോ? നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ; ആരോടെങ്കിലും വഴക്കും പിണക്കവും വെച്ചുകൊണ്ടിരിക്കുന്നുണ്ടോ?

വർഷങ്ങൾക്കു മുമ്പ് ആയിരിക്കാം, അപ്പനെ ദ്രോഹിച്ചത്, അപ്പനെ വേദനിപ്പിച്ചത്, അപ്പന്റെ നേരെ കൈ ഓങ്ങിയത്, അമ്മയെ തള്ളി വീഴിച്ചത്, അമ്മയോട് ധിക്കാരമായി സംസാരിച്ചത്, അപ്പനോട് അനുസരണക്കേടോടെ പെരുമാറിയത്; എല്ലാം തിരിഞ്ഞു നോക്കി ശോധന ചെയ്യേണ്ടതാണ്.

ഭാര്യയെ ഉപദ്രവിച്ചിട്ടുണ്ടോ? അവളെ അവിശ്വസിക്കുകയും സംശയിക്കുകയും ചെയ്തിട്ടുണ്ടോ? അവൾ ചെയ്യാത്ത കാര്യം ആരോപിച്ച്, അവളെ അപമാനിച്ചിട്ടുണ്ടോ? അമ്മ പറയുന്ന വാക്ക് മാത്രം കേട്ടുകൊണ്ട്; അല്ലെങ്കിൽ നിന്റെ അപ്പൻ പറയുന്ന വാക്ക് മാത്രം കേട്ടുകൊണ്ട് ഭാര്യയെ നീ ഒറ്റപ്പെടുത്തുകയോ, അവളെ നീ അതിവേദനപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ?

യോസേഫിന്റെ സഹോദരന്മാർ യോസേഫ് പറയുന്നതുപോലെ ഒറ്റിക്കൊടുക്കാൻ വന്നതല്ല; ദുർബ്ബലഭാഗം നോക്കുവാൻ വന്നതല്ല; പക്ഷെ യോസേഫിന്റെ വാക്ക് ശ്രദ്ധിച്ചാൽ കാണാം. അവർക്ക് കുറ്റബോധം കിട്ടുവാനുതകുന്ന കാര്യം പറയുന്നുണ്ട്. ദുർബ്ബലഭാഗം നോക്കുവാൻ വന്നിരിക്കുന്നു എന്നതിൽ ദുർബ്ബലനെ ആക്രമിച്ചവരാണ് നിങ്ങൾ എന്നൊരു സൂചന ഉണ്ട്.

സഹോദരനെ വിറ്റവർ, ദുർബ്ബലനായ സഹോദരൻ ഒറ്റയ്ക്ക് വന്നപ്പോൾ, അവനെ പിടിച്ച് മേലങ്കി ഊരിയെടുത്ത്, പൊട്ട

ക്കിണറ്റിൽ തള്ളിയിട്ടത് അവർക്ക് ഓർമ്മ കിട്ടുന്നതിന് വേണ്ടിയാണ്, ദേശത്തിന്റെ ദുർബ്ബലഭാഗം ഒറ്റുനോക്കുവാൻ വന്നിരിക്കുന്നു എന്ന് പറഞ്ഞത്.

ദൈവത്തിന്റെ ആത്മാവ് തരുന്ന അനുഗൃഹീതമായ വചനത്തിന്റെ ആഴം എത്ര മനോഹരമാണ്! ദൈവത്തിന്റെ ആത്മാവ് നമ്മുടെ ഉള്ളത്തിന്റെ അഗാധ തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ബോധമണ്ഡലത്തിൽ ഇപ്പോൾ ഇല്ലെങ്കിലും; അബോധതലങ്ങളിലോ; അതല്ലെങ്കിൽ നമ്മുടെ ഉപബോധ തലങ്ങളിലോ മറഞ്ഞു കിടക്കുന്ന പാപങ്ങളെ പെറുക്കിയെടുത്ത് നമുക്ക് ഓർമ്മ തന്ന് നമ്മെ കുറ്റബോധമുള്ളവരാക്കി തീർക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അദ്ധ്വാനിക്കുകയാണ്.

പാപം ഉപബോധമനസ്സിൽ അടിഞ്ഞുകിടപ്പുണ്ടാകും, ചിലപ്പോൾ പാപം ബോധമനസ്സിൽ നിന്നും ഉപബോധ മനസ്സിലേക്ക് പോയി കാണും. ഇപ്പോൾ ഓർമ്മ വരുന്നില്ല. അത് പ്രകടമായ ചിന്തയിലേക്ക് വരുന്നില്ല. കാരണം അത് അവിടെ അടിഞ്ഞ് കിടക്കുകയാണ്.

പാത്രത്തിൽ കുറച്ച് വെള്ളമെടുത്തു. കലങ്ങിയ വെള്ളമായിരുന്നു. ആ വെള്ളം കുറച്ച് സമയം കഴിഞ്ഞപ്പോൾ ആ ചെളി എല്ലാം, അടിയിൽ ഊറിക്കൂടി. മുകളിൽ നോക്കിയാൽ കുഴപ്പമില്ല, കലക്കം കാണുന്നില്ല; അടിയിൽ ഊറിക്കൂടിയിരിക്കുകയാണ്.

ഇതുപോലെ അനേകരുടെ ജീവിതത്തിലെ പാപങ്ങൾ, ഉപബോധതലങ്ങളിൽ ഊറിക്കൂടി നിൽക്കുകയാണ്. കോപിച്ചത്, ഗർജ്ജിച്ചത്, അട്ടഹസിച്ചത്, ഉപദ്രവിച്ചത്, പണാപഹരണം

നടത്തിയത്, കള്ളക്കണക്ക് എഴുതിയത്, വഞ്ചന ചെയ്തത്, കൂട്ടുകാരനെ ചതിച്ചത്, പാർട്ട്ണർ ഷിപ്പിൽ കള്ളത്തരം ചെയ്തത്, അങ്ങനെ എന്തെല്ലാം പാപങ്ങൾ വന്നു.

മനുഷ്യന് പാപബോധം ഉണ്ടാകണമെന്നേ ദൈവം ആഗ്രഹിക്കുന്നുള്ളൂ. പാപബോധം കിട്ടിയിട്ട് വേണം, ദൈവ കൃപയ്ക്ക് വേണ്ടി യാചിക്കാൻ.

പാപബോധം കിട്ടുമ്പോൾ നിരാശ വരാൻ സാദ്ധ്യതയുണ്ട്. നിങ്ങൾ കേട്ടിട്ടുണ്ടോ പീലാത്തോസിനെ കുറിച്ച്? പീലാത്തോസ് കർത്താവിനെ ക്രൂശിക്കാൻ വിധിക്കുന്നതിന് മുമ്പ് കൈകഴുകി. ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല എന്നാണ് പീലാത്തോസ് പറഞ്ഞത്. ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത് എന്ന് ഭാര്യ ആളയച്ച് പറയുകയും ചെയ്തിരുന്നു.

അതും പീലാത്തോസിന്റെ മനസ്സിൽ ഉണ്ട്. യഹൂദന്മാർ യേശുവിനെ ഏല്പ്പിച്ചു കൊടുത്തത് അസൂയകൊണ്ടാണ് എന്ന് പീലാത്തോസിന് നല്ലതു പോലെ അറിയാമായിരുന്നു. യേശു കുറ്റമറ്റവനാണെന്ന് പീലാത്തോസിന് മനസ്സിലായിരുന്നു.

പീലാത്തോസ് എങ്ങിനെയെങ്കിലും യേശുവിനെ ക്രൂശിക്കാതിരിക്കാൻ നോക്കി. മതമേധാവികളും പരീശപ്രമാണികളും, അസൂയ പൂണ്ട് യേശുവിനെ ക്രൂശിക്ക, ക്രൂശിക്ക എന്ന് ആർത്തുപറഞ്ഞുകൊണ്ടിരുന്നു. ജനസമൂഹം മുഴുവൻ യേശുവിനെതിരായി തിരിഞ്ഞിരിക്കുകയാണ്. യേശുവിന് വേണ്ടി ഒരു നല്ല വാക്കു പറയുവാൻ ആരേയും കാണുന്നില്ല.

കാനാവിലെ കല്ല്യാണ വീടിന്റെ ഉടമസ്ഥന് ഓടിവരാമാ

യിരുന്നു: "അയ്യോ എന്റെ വീട്ടിൽ പ്രശ്നം വന്നപ്പോൾ; പച്ച വെള്ളത്തെ വീഞ്ഞാക്കിയവനാണ് ഈ യേശു. നന്മയേ യേശു ചെയ്തിട്ടുള്ളൂ, ഉപദ്രവിക്കല്ലേ" അവന് ഓടി വന്ന് ഒരു വാക്ക് പറയാമായിരുന്നു.

പതിനെട്ട് കൊല്ലം കൂനിയായിരുന്ന സ്ത്രീക്ക് പറയാമായിരുന്നു : "അയ്യോ ഞാൻ പതിനെട്ടു കൊല്ലം സാത്താന്റെ പിടിയിലായിരുന്നു. ഞാൻ കൂനിപ്പോയവളാണ്. അയ്യോ ഈ യേശുവിനെ ഒന്നും ചെയ്യല്ലേ, യേശു എന്റെ മുതുകത്ത് ഒന്ന് കരം വെച്ചതേ ഉള്ളൂ. ഞാൻ നിവർന്നു. എന്തെല്ലാം ചികിത്സകൾ ചെയ്തിട്ടും മാറാത്ത രോഗം. ഈ യേശുവിന്റെ കരം ഒന്നു തൊട്ടേ ഉള്ളൂ; ഞാൻ ഇപ്പോൾ നിവർന്നു നില്ക്കുന്നു. അത് ഒരു അതിശയമാണ്. അതിനു കാരണക്കാരൻ യേശുവാണ്." അവൾക്ക് പറയാമായിരുന്നു. ഇല്ല, പറഞ്ഞില്ല.

പന്ത്രണ്ട് കൊല്ലം രക്ത വാർച്ച ഉണ്ടായിരുന്ന സ്ത്രീക്ക് ഓടി വരാമായിരുന്നു. അവൾക്ക് ഉച്ചത്തിൽ പറയാമായിരുന്നു. "അയ്യോ ഈ യേശുവിനെ നിങ്ങൾ ഒന്നും ചെയ്യല്ലേ, യേശു എന്നെ കണ്ടില്ല, എന്നെ നോക്കി ഒന്നും മിണ്ടിയില്ല; ഞാൻ പിറകിൽ കൂടി ചെന്ന് യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ ഒന്ന് തൊട്ടേ ഉള്ളൂ. അപ്പോൾ എനിക്ക് സൗഖ്യം കിട്ടി"

"പന്ത്രണ്ട് കൊല്ലമായി രക്തവാർച്ച ഉണ്ടായിരുന്നു; രോഗം ഉണ്ടായിരുന്നു. ഞാൻ അനേകം ചികിത്സകൾ ചെയ്തു. പല വൈദ്യന്മാരാലും ഞാൻ ഏറിയോന്നു സഹിച്ചവളാണ്. എനിക്കുള്ള സ്വത്തെല്ലാം ചികിത്സയ്ക്ക് വേണ്ടി ചെലവഴിച്ചവളാണ്. ഒട്ടും ഭേദം വരാതെ ഞാൻ പരവശയായിരുന്നു. അങ്ങിനെ ഉള്ള എനിക്ക് സൗഖ്യം തന്നത് ഈ യേശുവാണ്."

“യേശുവിനെ ക്രൂശിയ്ക്കല്ലേ. യേശു ജീവിക്കേണ്ടത് നമ്മുടെ നാടിന്റെ ആവശ്യമാണ്. നമ്മുടെ ദേശത്തിന്റെ ആവശ്യമാണ്. നമ്മുടെ ദേശക്കാരുടെ ആവശ്യമാണ്.” പറയാമായിരുന്നു. പക്ഷെ പറഞ്ഞില്ല.

മുപ്പത്തി എട്ട് വർഷം ബേഥസ്ദാ കുളക്കരയിൽ തളർന്നു കിടന്ന മനുഷ്യന് ഓടിവരാമായിരുന്നു. അവന് പറയാമായിരുന്നു: “അയ്യോ ഞാനിന്ന് നിവർന്നു നിൽക്കുന്നത് ഈ യേശു ആ കുളക്കരയിലേക്ക് വന്നതുകൊണ്ടാണ്; “സൗഖ്യമാകാൻ നിനക്ക് മനസ്സുണ്ടോ?” എന്നു യേശു എന്നോട് ചോദിച്ചു. യേശു എന്നെ അനുഗ്രഹിച്ചു. എന്നോട് ആർദ്രതയോടെ സംസാരിച്ചു. എഴുന്നേറ്റ് കിടക്ക എടുത്തു നടക്ക എന്ന് യേശു എന്നോട് പറഞ്ഞ മാത്രയിൽ ഞാൻ എഴുന്നേറ്റു കിടക്ക എടുത്തു നടന്നു. അയ്യോ ഈ യേശുവിനെ ഉപദ്രവിക്കല്ലേ” പറയാമായിരുന്നു.

കുഷ്ഠരോഗിക്ക് ഓടിവരാമായിരുന്നു. കണ്ണുകുരുടന് ഓടിവരാമായിരുന്നു. പ്രിയപ്പെട്ടവരെ, അനേകർക്ക് ഓടി വന്ന് ഒരു വാക്ക് പറയാമായിരുന്നു. ആരുമാരും നാവനക്കിയില്ല. ആരുമാരും വന്നില്ല; എല്ലാവരും ഒന്ന് മാത്രം പറഞ്ഞു കൊണ്ടിരുന്നു: “തൂക്കുക, തൂക്കുക” എന്ന്.

പീലാത്തോസിന് അറിയാം, ഈ യേശുവിനെ ക്രൂശിക്കേണ്ട ആവശ്യം ഇല്ല എന്ന്, യേശു തെറ്റൊന്നും ചെയ്തില്ല എന്ന്, ഇവർ ഈ പറയുന്ന കുറ്റം ഒന്നും യേശുവിന്റെ മേൽ ഇല്ല എന്ന് “അവർ അസൂയ കൊണ്ടാകുന്നു യേശുവിനെ ഏൽപ്പിച്ചു കൊടുത്തത് എന്ന് പീലാത്തോസ് അറിഞ്ഞിരുന്നു.”

അതുകൊണ്ട് പീലാത്തോസ് എഴുന്നേറ്റുപോയി കൈകഴു

കി. എന്നിട്ട് പറഞ്ഞു: "ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല; നിങ്ങൾ കൊണ്ടുപോയി ക്രൂശിപ്പിൻ."

വെള്ളം കൊണ്ട് കൈ കഴുകിയാൽ തീരുന്നതാണോ പാപക്കറ; പീലാത്തോസ് അങ്ങനെ യേശുവിനെ ക്രൂശിക്കാൻ കൊടുത്തതിന് ശേഷം കുറെ സമയം കഴിഞ്ഞപ്പോൾ; അരിമത്യക്കാരൻ യേസേഫും നീക്കോദിമോസും വരുന്നു. അനുവാദം ചോദിച്ചു, "ഞങ്ങൾ ആ തിരുശരീരം അടക്കം ചെയ്തുകൊള്ളട്ടെ?"

പീലാത്തോസ് ഒന്നു ഞെട്ടി. "അവൻ മരിച്ചു കഴിഞ്ഞുവോ"? അരിമത്യക്കാരൻ യോസേഫിന് യേശുവിനെ അടക്കം ചെയ്യുവാൻ അനുവാദം കൊടുത്തു. പീലാത്തോസ് വേഗം പോയി കൈ കഴുകി.

സ്വസ്ഥതയില്ല, തിരികെ വന്ന് ഇരുന്നു. പിന്നേയും പോയി കൈ കഴുകി. ഐതിഹ്യം പറയുന്നു: പീലാത്തോസ് കിടന്നിട്ടും സ്വസ്ഥതയില്ല. പിന്നേയും പോയി കൈ കഴുകി. പീലാത്തോസിന് ഇരിക്കാൻ വയ്യ, കിടക്കാൻ വയ്യ, സ്വസ്ഥതയില്ല. വീണ്ടും വീണ്ടും കൈ കഴുകയാണ്. പീലാത്തോസ് ഒരു ഭ്രാന്തനെപ്പോലെയായി. ചരിത്രം പറയുന്നത് സുബോധം ഇല്ലാതെ പീലാത്തോസ് ആത്മഹത്യ ചെയ്തു എന്നാണ്.

ഗവർണർ സ്ഥാനം നിലനിർത്താൻ വേണ്ടി സ്വന്തം നിലയും സ്ഥാനമാനങ്ങളും നിലനിർത്താൻ വേണ്ടി യേശുവിനെ ക്രൂശിക്കാൻ കൊടുത്തു. ഫലമോ ഗവർണർ സ്ഥാനം നിലനിന്നില്ല. ഗവർണർ സ്ഥാനമോ പോയി; സുബോധവും പോയി.

പാപബോധം വരുമ്പോൾ നിരാശ വരാം. പക്ഷേ നിരാശ

വരാതിരിക്കണം.

ആരും നിരാശപ്പെടേണ്ട; യൂദാ ഇസ്കരിയോത്തയ്ക്ക് മന സ്സിലായി, യേശുവിനെ ഒറ്റിക്കൊടുത്തത് മഹാപാതകം ആയിരുന്നു എന്ന്.

അവൻ യേശുവിനെ ക്രൂശിച്ചതിനു ശേഷം മഹാപുരാഹി തന്മാരുടെ അടുക്കലേക്ക് ചെന്നു. മത്തായിയുടെ സുവി ശേഷം 27–ാം അദ്ധ്യായത്തിന്റെ ആദ്യത്തെ വാക്യങ്ങൾ വായി ക്കുമ്പോൾ കാണാം. അവൻ നേരെ ദേവാലയത്തിലേക്ക് ചെന്നു.

അവൻ ആ മുപ്പത് വെള്ളിക്കാശ് അവരുടെ കൈയ്യിലേക്ക് കൊടുത്തു. അവൻ പറഞ്ഞു; അയ്യോ, എനിക്ക് വേണ്ട ഈ പൈസ, ഞാൻ കുറ്റമില്ലാത്ത രക്തത്തെ ആണ് ഒറ്റിക്കൊടു ത്തത്. കുറ്റമില്ലാത്ത രക്തത്തിന്റെ വില എനിക്ക് വേണ്ട. ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തതിനാൽ പാപം ചെയ്തു എന്ന് ഏറ്റുപറഞ്ഞു.

കുറ്റമില്ലാത്ത രക്തത്തെയാണ് ഒറ്റിക്കൊടുത്തത് എന്ന്, പാപ മാണ് ചെയ്തതെന്ന്, വ്യക്തമായും കൃത്യമായും പാപം ഏറ്റു പറഞ്ഞു. പുരോഹിതന്മാരുടെ അടുക്കൽ തന്നെ ഏറ്റ് പറഞ്ഞു. പക്ഷെ മോചനം കിട്ടിയില്ല. അവന് ലഭിച്ച സന്ദർഭം നഷ്ടപ്പെ ടുത്തി. നിരാശയോടെയാണ് അവൻ ഇതെല്ലാം ചെയ്തത്.

എന്നാൽ ശീമോൻ പത്രോസിന് കുറ്റബോധം കിട്ടി. ശീമോൻ പത്രോസിന് പാപബോധം കിട്ടി. അയ്യോ ഞാൻ എന്റെ നാഥനെ തള്ളിപ്പറഞ്ഞുപോയല്ലോ. ഒരിക്കലും സംഭ വിക്കരുതാത്തതായിരുന്നു എന്ന് പത്രോസ് ഓർത്തു.

പത്രോസ് എന്തുചെയ്തു? ശീമോൻ പത്രോസ് കോഴി കൂകിയപ്പോൾ യേശു പറഞ്ഞ വാക്ക് ഓർത്തു. കർത്താവ് തന്നിരുന്ന മുന്നറിയിപ്പ് മനസ്സിലേക്ക് വന്നു. "ഇന്ന് കോഴി കൂകുന്നതിന് മുമ്പ് മൂന്നുവട്ടം നീ എന്നെ തള്ളിപ്പറയും" എന്ന് പറഞ്ഞിരിക്കുന്ന വാക്ക് പത്രോസ് ഓർത്തു. പത്രോസ് തലയിൽ കൈയ്യും വച്ചുകൊണ്ട് ഉറക്കെ കരഞ്ഞുകൊണ്ട് വെളിയിലേയ്ക്ക് മാറി. അതിദുഃഖത്തോടെ കരഞ്ഞു. അതിവേദനയോടെ കരഞ്ഞു. പത്രോസിനെ കർത്താവ് കണ്ടു.

പത്രോസിന്റെ അനുതാപം യേശു കണ്ടു. ശീമോൻ പത്രോസിന് കർത്താവ് സമാധാനം നൽകി. അവനെ കർത്താവ് യഥാസ്ഥാനപ്പെടുത്തി. പിന്നീട് നാം കാണുന്നത്, പെന്തിക്കോസ്തി പെരുന്നാൾ ദിവസം പതിനൊരുവരോടു കൂടെ എഴുന്നേറ്റ് നിന്ന് കർത്താവായ യേശുക്രിസ്തുവിനെ സാക്ഷിക്കുന്നതാണ്.

ശീമോൻ പത്രോസ് പറയുകയാണ്. പ്രസംഗം മൂന്നേ മൂന്നു വാക്യം മാത്രം. "നിങ്ങളോ ജീവനായകനെ ക്രൂശിച്ചു, ദൈവമോ അവനെ ഉയിർത്തെഴുന്നേല്പ്പിച്ചു, ഞങ്ങൾ അതിന് സാക്ഷികൾ." സുവിശേഷം ഇത്രയേ ഉള്ളൂ. ക്രിസ്തുവിനെ ക്രൂശിച്ചു, ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചു. ഞങ്ങൾ നേരിട്ടു കണ്ടു. അത് അനുഭവിച്ചു.

ഈ വാക്കുകളെ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ പാപബോധം വരുമോ? ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി അനുതപിക്കുമോ? ഞങ്ങൾ പരമാർത്ഥികൾ എന്നുപറഞ്ഞ് ഇരിക്കല്ലേ. എനിക്ക് കുഴപ്പം ഒന്നും ഇല്ല എന്നുപറഞ്ഞ് ഇരിക്കല്ലേ. ഇപ്പോൾ എനിക്ക് ഒരുകുറ്റവും ഇല്ല എന്ന് പറഞ്ഞ് ഇരിക്കല്ലെ. ന്യായീകരണങ്ങൾ കണ്ടുകൊണ്ടി

രിക്കല്ലെ.

ദൈവസന്നിധിയിൽ വിനയപ്പെട്ടുകൊള്ളൂ. നിങ്ങൾ പാപത്തെ ഓർത്ത് അനുതപിച്ചുകൊള്ളൂ. കർത്താവെ, തെറ്റ് പറ്റിപ്പോയി. എനിക്ക് വീഴ്ച പറ്റിപ്പോയി എന്ന് ഏറ്റു പറയൂ. നിങ്ങൾ ദൈവസന്നിധിയിലേക്ക് വന്ന് പ്രത്യാശയോടെ പ്രാർത്ഥിക്കൂ.

നിരാശ കൈവെടിയുവിൻ, പാപത്തെ ഉപേക്ഷിക്കുവിൻ, പാപത്തെ ഏറ്റുപറയുവിൻ, പാപമില്ലാത്ത ജീവിതം നയിക്കും എന്ന് തീരുമാനിക്കുവിൻ. ഉടയവന്റെ അരുമകരങ്ങളിലേക്ക് നിങ്ങളുടെ ജീവിതം നിങ്ങൾ ഭരമേല്പ്പിക്കുവിൻ. ദൈവത്തോട് വാക്കു പറയുവിൻ.

നാഥാ കഴിഞ്ഞ കാലങ്ങൾ, ക്ഷമിക്കണമെ. മാപ്പ് തരണമെ. പുതിയ ജീവിതം ഞാനിതാ തുടങ്ങുന്നു.

## നാല്

“അവർ ധാന്യം കഴുതപ്പുറത്തു കയറ്റി അവിടെ നിന്ന് പുറപ്പെട്ടു. വഴിയമ്പലത്തിൽ വെച്ച് അവരിൽ ഒരുത്തൻ കഴുതയ്ക്ക് തീൻ കൊടുപ്പാൻ ചാക്കഴിച്ചപ്പോൾ തന്റെ ദ്രവ്യം ചാക്കിന്റെ വായ്ക്കൽ ഇരിക്കുന്നത് കണ്ടു; തന്റെ സഹോദരന്മാരോട്, എന്റെ ദ്രവ്യം എനിക്ക് തിരികെ കിട്ടി അത് അതാ, എന്റെ ചാക്കിൽ ഇരിക്കുന്നു എന്ന് പറഞ്ഞു. അപ്പോൾ അവരുടെ ഉള്ളം തളർന്നു, അവർ വിറച്ചു: ദൈവം നമ്മോട് ഈ ചെയ്തതെന്തെന്ന് തമ്മിൽ തമ്മിൽ പറഞ്ഞു.”

ഉല്പത്തി 42:26 –28

അപ്പോൾ അവരുടെ ഉള്ളം തളർന്നു, അവർ വിറച്ചു. ദൈവം നമ്മോട് ഈ ചെയ്തതെന്തെന്ന് തമ്മിൽ തമ്മിൽ പറഞ്ഞു.

അതിമനോഹരമായ ഈ വേദഭാഗം ആഴമേറിയ പശ്ചാത്താപത്തിലേക്ക് നമ്മെ നടത്തും. അഗാധമായ കുറ്റബോധത്തിലേക്ക് നമ്മെ നയിക്കും. അനുതപിക്കുവാനും തിരുത്തു

വാനും കുറ്റബോധത്തോടെ പാപം ഏറ്റുപറയാനും ദൈവ ത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഇപ്പോൾ സഹായിക്കും.

"അപ്പോൾ അവരുടെ ഉള്ളം തളർന്നു വിറച്ചു. ദൈവം നമ്മോട് ഈ ചെയ്തത് എന്ത് എന്ന് തമ്മിൽ തമ്മിൽ പറഞ്ഞു."

അഗാധമായ കുറ്റബോധം യോസേഫിന്റെ സഹോദര ന്മാർക്ക് ലഭിക്കുന്നതിന് യോസേഫ് യത്നിക്കുന്നതാണ് നാമി വിടെ കാണുന്നത്. കർത്താവായ യേശു ഇന്ന് അദ്ധ്വാനിക്കു ന്നത് നാം പാപബോധമുള്ളവരായി തീരുവാനാണ്.

പാപബോധം ലഭിച്ചാൽ പാപമില്ലാത്തവരായി തീരും. പാപ ബോധം ലഭിച്ചാൽ പാപം നിങ്ങളിൽ നിന്ന് മാറിപ്പൊയ്ക്കൊ ള്ളും. പാപത്തിന്റെ മാലിന്യങ്ങൾ മുഴുവനും നിങ്ങളിൽ നിന്നു മാറി നിങ്ങൾ പൂർണ്ണമായി കഴുകൽ പ്രാപിച്ച് വിശുദ്ധീക രണം അനുഭവിക്കുന്നവരായിത്തീരും.

യോസേഫിന്റെ അടുക്കൽ സഹോദരന്മാർ പത്ത് പേരും വന്നിരിക്കുകയായിരുന്നു. അവർ ധാന്യം കൊള്ളുവാൻ വന്ന താണ്. ദേശത്ത് ക്ഷാമമാണ്. ക്ഷാമകാലത്ത് ധാന്യം വാങ്ങു വാനായി യോസേഫിന്റെ ഭണ്ഡാരപ്പുരയുടെ സമൃദ്ധിയുടെ മുമ്പാകെ അവർ എത്തിയതാണ്. അവിടെ വന്ന് ധാന്യം വാങ്ങിക്കൊണ്ട് അവർ പോവുകയാണ്. യോസേഫ് അവരോട് സംസാരിച്ചത് അവർക്ക് കുറ്റബോധം വരത്തക്കവണ്ണം ആയി രുന്നു.

അവർക്ക് കുറ്റബോധം പയ്യെ പയ്യെ വന്നു തുടങ്ങി. അവർക്ക് ചെറിയ രീതിയിൽ കുറ്റബോധം വന്നു തുടങ്ങി.

യോസേഫ് അവരോട് സംസാരിച്ചത് ദ്വിഭാഷി മുഖാന്തിരം ആയിരുന്നത് കൊണ്ട്, അവൻ ഇത് ഗ്രഹിച്ചു എന്ന് അവർ

അറിഞ്ഞില്ല. യോസേഫ് അവരെ വിട്ട് മാറിപ്പോയി കരഞ്ഞു എന്ന് നാം കണ്ടു.

ധൂർത്തപുത്രൻ അപ്പന്റെ ഭവനത്തിലേക്ക് വന്നപ്പോൾ അപ്പൻ അവന്റെ പഴയകാലം ചോദിച്ചില്ല. നീ എങ്ങനെ ജീവിച്ചവനാണ് എന്ന് ചോദിച്ചില്ല; എങ്കിലും മോനെ നീ എന്നോട് അനുസരണം കെട്ട് പോയത് എന്തിന് എന്ന് ചോദിച്ചില്ല. നീ വേശ്യമാരോട് കൂടെ മുതൽ തിന്നു മുടിച്ചത് എന്തിന് എന്ന് ചോദിച്ചില്ല. പട്ടണപ്പരിഷ്ക്കാരത്തിന്റെ പ്രൗഢിയിലും മോടിയിലും നിന്റെ ആയുസ്സ് നശിപ്പിച്ചില്ലേ എന്ന് ചോദിച്ചില്ല. ഒന്നും ചോദിച്ചില്ല.

അവൻ പറഞ്ഞു തുടങ്ങി "അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തുപോയി. നിന്റെ മകൻ എന്ന പേരിന് ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ സ്വീകരിക്കണമെ." എന്ന്.

ഇത്രയും അവനെക്കൊണ്ട് അപ്പൻ പറയിപ്പിച്ചില്ല. പറഞ്ഞപ്പോഴേക്കും, അപ്പൻ അവനെ കെട്ടിപ്പിടിച്ച്, ഉമ്മവെച്ചു. കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ സ്വീകരിക്കണമെ എന്ന ആ വാക്ക് കേൾക്കാൻ അപ്പന് കഴിവില്ല. അപ്പൻ അവനെ വായടച്ച്, ചുംബിച്ച് സ്വീകരിച്ചു. എന്നു മാത്രമല്ല വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്ന് അവനെ ധരിപ്പിപ്പിൻ. ഇവന്റെ കൈയ്യിൽ മോതിരം ഇടുവിപ്പിൻ. ഇവന്റെ കാലിന് ചെരിപ്പ് ഇടുവിപ്പിൻ. ഇന്ന് നമുക്ക് ആനന്ദിക്കാം, ആഹ്ലാദിക്കാം, ആഘോഷിക്കാം എന്നു പറയുകയും ചെയ്തു.

തടിപ്പിച്ച കാളക്കുട്ടിയെ അറുക്കുവിൻ. "ഈ മകൻ മരിച്ചവനായിരുന്നു വീണ്ടും ജീവിച്ചു, കാണാതെ പോയിരുന്നു, കണ്ട് കിട്ടിയിരിക്കുന്നു" എന്ന് പറഞ്ഞ് ആനന്ദിക്കുകയാണ്

ആർപ്പിടുകയാണ്.

പഴയതൊന്നും ദൈവം ചോദിക്കുകയില്ല. ദൈവം അകൃത്യം കണക്കിടുന്നവനല്ല.

> "അകൃത്യം ക്ഷമിക്കുകയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോട് അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോട് സമനായ ദൈവം ആരുള്ളൂ." അവൻ എന്നേയ്ക്കും കോപം വെച്ചു കൊള്ളുന്നില്ല. ദയയിലല്ലോ അവന് പ്രസാദമുള്ളത്. അവൻ നമ്മോട് വീണ്ടും കരുണ കാണിക്കും. നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും.
>
> മീഖാ 7:12.

അകൃത്യം ചവിട്ടിക്കളയുന്ന ദൈവം, പാപം സമുദ്രത്തിന്റെ ആഴത്തിലേക്ക് താഴ്ത്തികളയുന്ന ദൈവം. ഒരു കാലത്തും പൊങ്ങിവരാതെ എന്നെന്നേയ്ക്കുമായി, അഗാധതയിലേക്ക് ആഴ്ത്തിക്കളയുന്ന ദൈവം. സ്നേഹവാനായ ദൈവം . ആ ദൈവത്തിന്റെ സ്നേഹമാണ് യോസേഫിൽ നിഴലിക്കുന്നത്. ദൈവസ്നേഹത്തിന്റെ ഒരു നിഴൽ.

യോസേഫ് മാറിപ്പോയി കരഞ്ഞു. പക്ഷേ യോസേഫ് അതിന് ശേഷവും കർശനമായിട്ടാണ് ഇടപെടുന്നത്. എന്തിനാണത്? വീണ്ടും കുറ്റബോധത്തിന്റെ പൂർണ്ണതയിലേക്ക് വരണം, കൂടുതൽ, കൂടുതൽ കുറ്റബോധം കിട്ടണം. സഹോദരന്മാരുടെ ജീവിതത്തിലെ പാപം കഴുകപ്പെടണമെങ്കിൽ, ഇനിയും കുറ്റബോധത്തോടെ കരയണം.

ചില പാപങ്ങൾ ഓർമ്മയിൽ വന്നു,. അതുകൊണ്ടായില്ല; അതിനെ ഓർത്തുള്ള നൊമ്പരം ഇനിയും കിട്ടേണ്ടിയിരിക്കുന്നു. വലിയ വേദന ഇനിയും വരേണ്ടിയിരിക്കുന്നു. പാപം അവർ മനസ്സിലാക്കി. തെറ്റ് പറ്റി, എന്നും മനസ്സിലായി. അതിനുള്ള തിരിച്ചടിയാണ് ഇത് എന്നും മനസ്സിലായി. പോരാ ആഴത്തിലുള്ള വേദന അവർക്ക് വരേണ്ടി ഇരിക്കുന്നു.

യോസേഫ് അവർ കാൺകെ ശിമയോനെ പിടിച്ച് ബന്ധിച്ചു. (ഉല്പത്തി 42–ന്റെ 24) ശിമയോനെ ബന്ധിച്ചു. പത്തു പേരിൽ ഒരാളെ ബന്ധിച്ചു. ഒരു സഹോദരൻ ഇല്ലാതെ പോകുക എന്ന വേദന അവർ അറിയണം.

യോസേഫിനെ കൂടാതെ അപ്പന്റെ അടുക്കലേക്ക് പണ്ട് പോയവരല്ലേ. യോസേഫിനെ വിറ്റ് ഇരുപത് വെള്ളിക്കാശ് കൈക്കലാക്കിയവരല്ലേ: യോസേഫിന്റെ വസ്ത്രം ആടിന്റെ ചോരയിൽ മുക്കി ഒരു കപടത്തെളിവുണ്ടാക്കി അപ്പന്റെ അടുക്കൽ ചെന്നവരല്ലേ. അവർ ഇപ്പോൾ ശിമയോൻ ഇല്ലാതെ പോകുമ്പോൾ, പണ്ടത്തെ കാര്യം ഓർമ്മവരണം. സഹോദരനെ വിറ്റുകളഞ്ഞ് അവനെ ഒറ്റയ്ക്ക് വിട്ടവരെന്ന് അവർക്ക് ഇന്ന് ഓർമ്മ വരണം. അതിന് വേണ്ടി ശിമയോനെ ബന്ധിച്ചു.

ചില പ്രശ്നങ്ങൾ നിന്റെ ജീവിതത്തിൽ വരുന്നത് കുറ്റബോധത്തിലേക്ക് നിന്നെ നയിക്കാനാണ്. മകനെ, നിന്റെ ജീവിതത്തിൽ ചില പ്രതിസന്ധികൾ വന്നത്, നിന്റെ ജീവിതത്തിൽ ചില ബന്ധനങ്ങൾ വന്നത്, ചില കടബാദ്ധ്യതകൾ വന്നത് ചില ആപത്തുകൾ വന്നത്, ചില രോഗങ്ങൾ വന്നത്, മകളെ, നിന്റെ ജീവിതത്തിൽ ചില കഷ്ടതകൾ വന്നത്. ചില ദുരിതങ്ങൾ വന്നത് എല്ലം പിറകിലേക്ക് തിരിഞ്ഞുനോക്കാനാണ്.

നമ്മുടെ ദൈവം നമ്മെ തള്ളിക്കളയുകയാണോ? അല്ല.

പ്രിയരെ, അല്ല ദൈവം നമ്മെ സ്നേഹിക്കുകയാണ്. കഷ്ട പ്പാടിൽ കഴിയുന്ന അനേകരില്ലേ?. എത്രയോ പേർ ദുരിതത്തിൽ പെട്ടുലയുന്നു കഷ്ടപ്പാടിലും വേദനയിലും വലയുന്നു. ക്ഷാമ ത്തിൽ പെട്ടുലയുന്നു. ആത്മീയമായ ക്ഷാമം, സ്നേഹത്തിന് ക്ഷാമം, പണത്തിന് ക്ഷാമം, വാത്സല്യത്തിന് ക്ഷാമം. പ്രിയ പ്പെട്ടവരെ, ഏതെല്ലാം തരത്തിൽ വലയുന്ന ആളുകൾ ഉണ്ട്, ഏറ്റവും വലിയ ക്ഷാമമാണ് ഇന്ന് സ്നേഹത്തിനുള്ള ക്ഷാമം.

ഇന്ന് അനേകരുടെ ജീവിതത്തിൽ സ്നേഹം ഇല്ല. ഭർത്താ വിന്റെ സ്നേഹത്തിനു വേണ്ടി കൊതിക്കുന്ന ഭാര്യമാരുണ്ട്. അപ്പന്റെ സ്നേഹത്തിനു വേണ്ടി കൊതിക്കുന്ന മക്കൾ ഉണ്ട്. അമ്മയുടെ സ്നേഹത്തിനു വേണ്ടി കൊതിക്കുന്ന മക്കൾ ഉണ്ട്. മക്കളുടെ സ്നേഹത്തിന് വേണ്ടി ദാഹിച്ചു കേഴുന്ന മാതാപിതാക്കളുണ്ട്.

പ്രിയപ്പെട്ടവരെ, നിങ്ങൾ സ്നേഹം കൊടുക്കുന്നുണ്ടോ? നിങ്ങൾ സ്നേഹം വാങ്ങുന്നുണ്ട്. സ്നേഹം കിട്ടണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ട്. എന്നെ എല്ലാവരും സ്നേഹി ക്കണം എന്ന് നിങ്ങൾക്കുണ്ട്. നിങ്ങൾ സ്നേഹിക്കുന്നുണ്ടോ? നിങ്ങൾ സ്നേഹം കൊടുക്കുന്നുണ്ടോ?

ദൈവപൈതലേ ചിന്തിക്കൂ. സ്നേഹം കൊടുക്കുവിൻ സ്നേഹം വ്യാപാരം ചെയ്യുവിൻ, സ്നേഹം സൗജന്യമായി കൊടുക്കുവിൻ,. സ്നേഹം ഉദാരമായി കൊടുക്കുവിൻ. ജീവ നുള്ള ദൈവം നമ്മെ ഉദാരമായി സ്നേഹിക്കുകയല്ലേ ചെയ്ത ത്. ജീവനുള്ള ദൈവം നിത്യസ്നേഹം കൊണ്ട് നമ്മെ സ്നേഹി ക്കുകയല്ലേ ചെയ്തത്.

ശിമയോനെ പിടിച്ച് ബന്ധിച്ചതും കർശനമായി ഒറ്റുകാർ എന്ന് പറഞ്ഞ് അവരെ ഭീഷണിപ്പെടുത്തിയതുമെല്ലാം

അവർക്ക് കുറ്റബോധം കിട്ടാനാണ്. തീർന്നില്ല, വേറൊരു കാര്യം കൂടി ചെയ്തു.

> "അവർ ധാന്യം കഴുതപ്പുറത്ത് കയറ്റി അവിടെ നിന്ന് പുറപ്പെട്ടു. വഴിയമ്പലത്തിൽ വച്ച് അവരിൽ ഒരുത്തൻ കഴുതയ്ക്ക് തീൻ കൊടുപ്പാൻ ചാക്കഴിച്ചപ്പോൾ തന്റെ ദ്രവ്യം ചാക്കിന്റെ വായ്ക്കൽ ഇരിക്കുന്നത് കണ്ടു. തന്റെ സഹോദരന്മാരോട് എന്റെ ദ്രവ്യം എനിക്ക് തിരികെ കിട്ടി. അത് ഇതാ എന്റെ ചാക്കിൽ ഇരിക്കുന്നു എന്ന് പറഞ്ഞു. അപ്പോൾ അവരുടെ ഉള്ളം തകർന്നു. അവർ വിറച്ചു. ദൈവം നമ്മോട് ഈ ചെയ്തതെന്ത് എന്ന് തമ്മിൽ തമ്മിൽ പറഞ്ഞു."
>
> ഉല്പത്തി 42:26–28.

യോസേഫ് ഒരു കാര്യം ചെയ്തിരുന്നു. അവരുടെ ചാക്കിൽ ധാന്യം നിറയ്ക്കുന്ന സമയത്ത് അതിന്റെ വിലയായ ദ്രവ്യം ചാക്കിന്റെ വായക്കൽ തന്നെ വെയ്ക്കണം എന്ന് വേലക്കാരോട് പറഞ്ഞിരുന്നു.

വഴിയമ്പലത്തിൽ വച്ച് ചാക്ക് ഒന്നു തുറന്നു. അപ്പോൾ ദ്രവ്യം അതിന്റെ വായ്ക്കൽ ഇരിക്കുന്നത് കണ്ടു. എല്ലാവരും നോക്കി. എല്ലാവരുടെ ചാക്കിലും ധാന്യത്തിന് വിലയായി കൊടുത്ത രൂപ ഇരിക്കുന്നു. പണത്തിന് കൊതി ഉള്ളവരാണെന്ന് അവരെ ഓർമ്മപ്പെടുത്താനാണ് അങ്ങനെ ചെയ്തത്.

ഇരുപത് വെള്ളിക്കാശ്, യോസേഫിനെ വിറ്റ് വാങ്ങിയവരാണ്. പണക്കൊതി പൂണ്ടവരാണ്. പണമേ ശരണം എന്നാണവരുടെ ചിന്ത, എന്ന് അവരെ ഓർമ്മപ്പെടുത്താൻ വേണ്ടിയാണ്

അങ്ങനെ ചെയ്തത്.

നിങ്ങൾ പണത്തിന് കൊതി ഉള്ളവരല്ലേ? അതിന്റെ വില നിങ്ങളുടെ കയ്യിൽ ഇരിക്കട്ടെ എന്ന് അവർക്ക് ചിന്തിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്. പണ്ട് പണം അപഹരിച്ചതിനെക്കുറിച്ചുള്ള കുറ്റബോധത്തോടെ അനുതപിക്കാൻ വേണ്ടി യോസേഫ് അങ്ങനെ ചെയ്തു.

ദൈവപൈതലേ, ദൈവം നിനക്ക് ചില ഐശ്വര്യങ്ങളോ സമൃദ്ധികളോ തരുന്നത് അനുതപിക്കാനാണ്, ചില നന്മകൾ ലഭിക്കുമ്പോൾ അനുതപിക്കാൻ ചില വിഷയങ്ങൾ കാണും. ചില മേന്മകളും ചില സഹായങ്ങളും ചില അനുഗ്രഹങ്ങളും കിട്ടുമ്പോൾ അനുതപിക്കാൻ കാണും. ചിലരുടെ സഹായം കിട്ടുമ്പോൾ, ചിലരുടെ ഒത്താശ കിട്ടുമ്പോൾ, അപ്പോഴും നിനക്ക് തിരിഞ്ഞ് ചിന്തിച്ച് അനുതപിക്കാൻ കാണും.

ചിലർ നമ്മെ സഹായിക്കുമ്പോൾ, അയ്യോ ഇത്രയും നല്ല മനോഗുണം എനിക്കില്ലല്ലോ എന്ന് ഓർത്ത്, നമുക്ക് അനുതപിക്കാൻ തോന്നും. ചിലർ നമ്മോട് വളരെ മധുരമായി സംസാരിക്കുമ്പോൾ, അയ്യോ, ഇപ്പോൾ ഞാനായിരുന്നു എങ്കിൽ ഇങ്ങനെ മധുരമായി പറയുകയില്ലായിരുന്നല്ലോ എന്ന് നമുക്ക് തോന്നും. നമുക്ക് കുറ്റബോധം കിട്ടും.

ചിലർ കൈ അയച്ച് നമ്മെ സഹായിക്കുമ്പോൾ, എന്റെ ദൈവമേ, ഇതുപോലുള്ള സാഹചര്യത്തിൽ ഞാനാണെങ്കിൽ ഇത്രയും കൈ അയച്ച് ചെയ്യുമായിരുന്നില്ലല്ലോ എന്ന് ഓർക്കും.

ദ്രവ്യം കിട്ടി, അവരുടെ ധാന്യത്തിന്റെ വില അവർക്ക് തിരികെ കിട്ടിയപ്പോൾ അവർ ഉള്ളം തളർന്നു, വിറച്ചു. ദൈവം

നമ്മോട് ചെയ്തതെന്തെന്ന് അവർ തമ്മിൽ തമ്മിൽ പറഞ്ഞു. ഇതിന്റെ പിന്നിൽ ദൈവത്തിന്റെ കൈയ്യുണ്ടെന്ന് അവർക്ക് മനസ്സിലായി.

നിന്റെ ജീവിതത്തിൽ സംഭവിച്ച പല കാര്യങ്ങളുടെയും പിന്നിൽ ദൈവത്തിന്റെ വിരൽ ഉണ്ട്. ദൈവത്തിന്റെ ഉദ്ദേശം ഉണ്ട്. ആഴമേറിയ പശ്ചാത്താപത്തിലേക്കും അഗാധമായ കുറ്റ ബോധത്തിലേക്കും നിന്നെ നടത്തി. നിത്യജീവന്റെ അവകാശം നിനക്ക് തരുവാൻ, ഒരിക്കലും മായാത്ത ഒരിക്കലും ക്ഷയി ക്കാത്ത സ്വർഗ്ഗീയ നിക്ഷേപം നിനക്ക് തരുവാൻ, സ്വർഗ്ഗം നിന്നെ ആഴങ്ങളിലേക്ക് നയിച്ചുകൊണ്ടു പോകുകയാണ്.

കുറ്റബോധം തരികയാണ്. ശാസനകൾ നിനക്ക് കിട്ടുന്നു. അപ്പൻ നിന്നെ വഴക്ക് പറയുന്നു അല്ലെങ്കിൽ സുവിശേഷ കൻ നിന്നെ ശാസിക്കുന്നു, തർജ്ജനം ചെയ്യുന്നു. നിനക്ക് അപ്പോൾ ഇഷ്ടപ്പെടുന്നില്ല, നിനക്ക് അപ്പോൾ മനസ്സിൽ ഒരു പരാതിയാണ്. എപ്പോഴും എന്റെ കുറ്റമെ കാണുന്നുള്ളൂ, എന്തെല്ലാം നന്മ ഉണ്ടായിട്ടും എന്റെ കുറ്റമല്ലേ കാണുന്നുള്ളൂ എന്നു നീ ചിന്തിക്കുന്നു.  മോനെ, നിനക്ക് പരാതിയാണ്. നിനക്കത് നീരസം ആണ്.  എന്നാൽ അത് ഭാഗ്യമാണ് എന്ന് നീ അറിയുന്നുണ്ടോ?

ഇവിടെ ദൈവത്തിന്റെ കൈ ഉണ്ട് എന്ന് അവർ കണ്ടുപി ടിച്ചു.  പ്രിയപ്പെട്ടവരെ, ആ ദ്രവ്യം ചാക്കിന്റെ വായ്ക്കൽ ഇരു ന്നപ്പോൾ അവർ ഓർത്തു. അവരുടെ ഉള്ളം വിറച്ചു. അവർ പറയുകയാണ്: ദൈവം നമ്മോട് ഈ ചെയ്തത് എന്ത്?.

അയ്യോ, ഇങ്ങിനെ വന്നല്ലോ നമുക്ക്. ഇനി എന്താണ് പോംവഴി, ഇനിയും ധാന്യം കൊള്ളാൻ പോകാനൊക്കുമോ? ഈ കൊണ്ടുപോയ  ആഹാരം എല്ലാം തീരുമ്പോൾ, ഇനിയും

പോയി വാങ്ങണ്ടേ, ചെല്ലാൻ പറ്റുമോ? അന്നത്തെ പൈസ നിങ്ങൾ മോഷ്ടിച്ച് കൊണ്ടുപോയില്ലേ, എന്ന് അദ്ദേഹം ചോദിക്കും. അദ്ദേഹം അല്ലെങ്കിലും ഒരു കർക്കശക്കാരനാണ്. അദ്ദേഹം നമ്മൾ ഒറ്റിക്കൊടുക്കാൻ പോയതല്ലെങ്കിൽ പോലും ഒറ്റുകാരാണെന്ന് പറഞ്ഞ ആളാണ്. അദ്ദേഹം ഇതിൽ പിടികൂടുക തന്നെ ചെയ്യും.

ഇങ്ങനെ കർക്കശമാകാൻ എന്തോ കാരണമുണ്ട്. അതിൽ ദൈവത്തിന്റെ കൈ ഉണ്ട്. ദൈവം നമ്മോട് ഈ ചെയ്തത് എന്ത്?

സ്നേഹിതരെ, ആരെങ്കിലും നിങ്ങളോട് മുഖം കറുപ്പിച്ച് പറഞ്ഞിട്ടുണ്ടോ? അല്ലെങ്കിൽ പ്ത്ത് രൂപ കടം ചോദിച്ചപ്പോൾ ഇല്ല എന്ന് നിഷേധിച്ചു പറഞ്ഞിട്ടുണ്ടോ? നിങ്ങളുടെ മുഖം വാടിയിട്ടുണ്ടോ?

സ്നേഹിതരെ, ഞാൻ നിങ്ങളോട് ചോദിക്കട്ടെ. നിങ്ങൾ ഒരു അഡ്മിഷൻ തേടി ഒരിടത്ത് ചെന്നു. ഇല്ല എന്നു മുഖം കറുപ്പിച്ച് പറഞ്ഞപ്പോൾ നിങ്ങൾ മുഖം വാടി ഇറങ്ങിപ്പോന്നിട്ടുണ്ടോ? ഒരു ജോലി തേടി നിങ്ങൾ ഒരു വാതിൽക്കൽ ചെന്നു. അവിടുത്തെ അധികാരമുള്ള മനുഷ്യൻ നിങ്ങളോട് പരിഹാസമായി സംസാരിച്ചു നിങ്ങളെ വിടുമ്പോൾ നിങ്ങൾക്ക് പ്രയാസം തോന്നിയിട്ടുണ്ടോ?.

നിങ്ങളുടെ അടുക്കൽ ആശ്രയം തേടി വരുന്നവരെ, സഹായം തേടി വരുന്നവരെ നിങ്ങളുടെ അടുക്കൽ ഒരു കരുണ തേടി വരുന്നവരെ, നിങ്ങൾ ഒരിക്കലും നിരാശയോടെ പറഞ്ഞു വിടരുത്. മധുരമായി സംസാരിക്കരുതോ? നിങ്ങൾക്ക് കഴിയാത്ത കാര്യമാണെങ്കിൽ കഴിയാത്ത കാര്യമാണ് എന്ന് പറയരുതോ? എന്റെ കൈയ്യിൽ ഒതുങ്ങുന്നതല്ല

എന്ന് നിങ്ങൾ പറയരുതോ? എന്റെ പരിധിയിൽ ഒതുങ്ങുന്ന തല്ല എന്ന് പറയരുതോ? എന്നാൽ പലതരത്തിലുള്ള കഴിവുകൾ ഉള്ളവർ ഉണ്ട്. പല വിധത്തിൽ സഹായിക്കാൻ സാദ്ധ്യതയുള്ളവർ ഉണ്ട്, അവർ തങ്ങൾക്ക് സാധിക്കുന്നത് ചെയ്യട്ടെ.

നിങ്ങൾക്ക് കിട്ടുന്ന അധികാരങ്ങൾ, നിങ്ങൾക്ക് കിട്ടുന്ന കഴിവുകൾ, ഒരിയ്ക്കലും ഒരു സാധുവിനെ നിന്ദിക്കാൻ ഉപയോഗിക്കരുത്. നിങ്ങളുടെ ആരോഗ്യം, നിങ്ങൾക്കുള്ള വിദ്യാഭ്യാസം, നിങ്ങൾക്കുള്ള ജനപിന്തുണ നിങ്ങൾക്കുള്ള അധികാരം, Power and Authority അതൊന്നും നിങ്ങൾ ഒരിക്കലും മറ്റുള്ളവരുടെ മേൽ ചാടിവീഴാനായി ഉപയോഗിക്കരുത്. എളിമയോടെ, വിനയപൂർവ്വം നിന്നുകൊള്ളൂ.

ദൈവപൈതലേ, സ്വർഗ്ഗത്തിന്റെ ദൈവം തന്റെ അനുഗ്രഹീത കരങ്ങളിൽ നിന്നെ എടുത്തു വാഴ്ത്തും, ദൈവം നിന്നെ അനുഗ്രഹിക്കും. ദൈവം നിന്നെ ഉയിർത്തും, ദൈവം നിന്നെ നയിക്കാൻ തുടങ്ങും. അധികാരത്തിൽ ഇരിക്കുന്നവർ കൂടെ ജോലി ചെയ്യുന്നവരോട്, കീഴെ ജോലി ചെയ്യുന്നവരോട് എളിമയോടെ പെരുമാറൂ. ആരോടും നിങ്ങൾ വലിപ്പം ഭാവിക്കരുത്. ആരോടും നിങ്ങൾ ഉയർന്ന ഭാവം കാണിക്കരുത്. എളിമയോടെ നിൽക്കൂ.

സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ മാനിക്കും. സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ അനുഗ്രഹിക്കും. ഇവിടെ അവർ പറയുകയാണ്. കഷ്ടം ദൈവം നമ്മോട് ഈ ചെയ്തത് എന്ത്? നമുക്കിങ്ങനെ വന്നല്ലോ? അവർക്ക് പണ്ട് പണത്തിന്റെ ആഗ്രഹമുള്ളത് ഓർമ്മ തരികയാണ്. കുറ്റബോധത്തിലേക്ക് നയിക്കുകയാണ്.

ഇന്ന്, ഇപ്പോൾ, നിങ്ങൾ ഈ വാക്കുകളെ വായിക്കു

മ്പോൾ, നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞ് നോക്കണം. ദ്രവ്യാഗ്രഹത്തോടെ ചെയ്ത എന്തെങ്കിലും തെറ്റുകൾ നിങ്ങളുടെ ജീവിതത്തിൽ ഇപ്പോൾ ഓർമ്മയിൽ വരുന്നുണ്ടോ? ദ്രവ്യാഗ്രഹം മൂലം, പണക്കൊതി മൂലം നിങ്ങൾ ആരെയെങ്കിലും വഞ്ചിച്ചിട്ടുണ്ടോ? ആരെയെങ്കിലും ചതിച്ചിട്ടുണ്ടോ? ഏതെങ്കിലും പൊതുമുതൽ നിങ്ങൾ ദുർവ്വിനിയോഗം ചെയ്തിട്ടുണ്ടോ? നിങ്ങൾ സ്വന്തഹിതപ്രകാരം ചെലവഴിച്ചിട്ടുണ്ടോ?

കള്ളത്തരം ചെയ്തിട്ടുണ്ടോ? വഞ്ചന നടത്തിയിട്ടുണ്ടോ? നിങ്ങൾ വേണ്ടാത്ത രീതിയിൽ പണം ചെലവഴിച്ചിട്ടുണ്ടോ? നിങ്ങൾ ഹീനമായ കാര്യങ്ങൾക്ക് പൈസ ചെലവഴിച്ചിട്ടുണ്ടോ? മദ്യത്തിന് വേണ്ടി രൂപ നഷ്ടപ്പെടുത്തിയിട്ടുണ്ടോ?. ഉടയതമ്പുരാൻ നിങ്ങൾക്ക് തന്ന രൂപ അശുദ്ധ ജീവിതത്തിന് വേണ്ടി നഷ്ടപ്പെടുത്തിയിട്ടുണ്ടോ?

പൈസയുടെ കാര്യത്തിൽ ക്രമക്കേട് വന്നിട്ടുണ്ടോ? നിങ്ങൾ കൈയ്യിൽ രൂപ ഉണ്ടായിട്ടും കൊടുക്കേണ്ടത് തിരികെ കൊടുക്കാതെ ഇന്നും കൈവശം വച്ചുകൊണ്ടിരിക്കുന്നുണ്ടോ? ശാന്തമായി നോക്കൂ. മകനെ എല്ലാ കാര്യത്തിലും നീ കറ തീർന്നവനായി നിൽക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം നിന്നെക്കുറിച്ച് ആഗ്രഹിക്കുന്നു.

“സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും, ഉഷസ്സിലോ ആനന്ദഘോഷം വരുന്നു.” സന്ധ്യയിങ്കൽ പാപത്തെ ഓർത്ത് കരയുവിൻ, പിന്നാലെ ഇതാ വരുന്നു ആനന്ദഘോഷം.

ദൈവപൈതലേ, വൈകുന്നേരം ഉറങ്ങാൻ കിടക്കുന്നതിന് മുമ്പ് നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി അന്നു വന്ന പാപങ്ങൾ എല്ലാം അനുതാപത്തോടെ ഏറ്റു പറയൂ.

നിന്റെ ചിന്താഗതിയിൽ നിന്റെ മനോഭാവത്തിൽ നിന്റെ ആലോചനയിൽ, നിന്റെ വിചാരത്തിൽ, നിന്റെ വികാരത്തിൽ, നിന്റെ പെരുമാറ്റത്തിൽ, നിന്റെ നോട്ടത്തിൽ, നിന്റെ ഭാവ ത്തിൽ, നിന്റെ ചലനത്തിൽ, ഓരോ നിമിഷവും വന്നുപോയ പാപങ്ങൾ ഓരോന്ന് ഓരോന്ന് ഓർത്ത് അനുതപിച്ച് കരഞ്ഞി ട്ട്, കർത്താവിന്റെ മുറിഞ്ഞ പാദം കെട്ടിപ്പിടിച്ചിട്ട്: അപ്പാ ക്ഷമി ക്കണമെ, അപ്പാ കഴുകണമെ എന്ന് പ്രാർത്ഥിക്കൂ.

ഇപ്പോൾ ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നിങ്ങൾക്ക് വേണമെങ്കിൽ യേശുവിന്റെ വാത്സല്യം അനുഭ വിക്കാം, കഴിഞ്ഞതെല്ലം പൊറുക്കുന്ന സ്നഹം, കഴിഞ്ഞ തെല്ലാം ക്ഷമിക്കുന്ന സ്നേഹം, വന്നുപോയ തിന്മകളൊന്നും കണക്കിടാതെ മായിച്ചുകളയുന്ന സ്നേഹം.

കഴിഞ്ഞ കാലത്തെ തിന്മകൾ; കഴിഞ്ഞകാലത്തെ തെറ്റു കൾ കഴിഞ്ഞകാലത്തെ വീഴ്ചകൾ, കഴിഞ്ഞ കാലത്തെ താഴ്ച കൾ, കഴിഞ്ഞ കാലത്തെ പരാജയങ്ങൾ, കഴിഞ്ഞ കാലത്തെ കെടുതികളും കേടുകളും എല്ലാം ക്ഷമിച്ച് തരുന്ന നിത്യസ്നേ ഹമായ ക്രിസ്തുവിനെ ഇപ്പോൾ നിങ്ങൾ കാണുവിൻ.

ആ കരങ്ങൾ ഒന്ന് നിങ്ങൾ കാണുവിൻ. ആ മുറിവേറ്റ കര ങ്ങൾ മകനെ നിന്റെ നേരെ നീട്ടിയിരിക്കുന്നു. മകളെ നീ ഒന്ന് സമ്മതിച്ചാൽ, നീ ഒരു വാക്ക് അവനോട് പറഞ്ഞാൽ ആ കരം നിന്റെ മേൽ വരും. മകനെ, ആ കരം നിന്റെ ശിരസ്സിൽ വയ്ക്കും, മകളെ, ആ കരം നിന്നെ ആശ്വസിപ്പിക്കും, ആ കരം നിന്നെ എഴുന്നേൽപ്പിക്കും. മകളെ, ആ കരം നിന്റെ പാപക്കറകൾ കഴുകും. "യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."

നമ്മെ കഴുകുന്ന രക്തം നമ്മെ വെടിപ്പാക്കുന്ന രക്തം, നമ്മെ

സ്നേഹിക്കുന്ന രക്തം , നമ്മെ വിശുദ്ധീകരിക്കുന്ന രക്തം; നമുക്ക് സ്വർഗ്ഗത്തിന്റെ അവകാശം തരുന്ന രക്തം; അശുദ്ധനെ വിശുദ്ധനാക്കുന്ന രക്തം; അഴുക്കാണ്ടവനെ നിർമ്മലനാക്കുന്ന രക്തം.

ദൈവപൈതലെ, ആ രക്തം നിന്നോട് ഗുണകരമായി സംസാരിക്കുന്നു. ഇപ്പോൾ തന്നെ അവനായി നിന്റെ ഉള്ളം തുറക്കുവിൻ; അവനോട് പറയുവിൻ: യേശുവേ, ഇന്നു മുതൽ ഞാൻ നന്റെ വക. യേശുവെ, ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

## അഞ്ച്

“വഴിയമ്പലത്തിൽ വച്ച് അവരിൽ ഒരുത്തൻ കഴുതയ്ക്ക് തീൻ കൊടുപ്പാൻ ചാക്കഴിച്ചപ്പോൾ; തന്റെ ദ്രവ്യം ചാക്കിന്റെ വായ്ക്കൽ ഇരിക്കുന്നത് കണ്ടു; തന്റെ സഹോദരന്മാരോട്: എന്റെ ദ്രവ്യം എനിക്ക് തിരികെ കിട്ടി അത് ഇതാ, എന്റെ ചാക്കിൽ ഇരിക്കുന്നു എന്നു പറഞ്ഞു: അപ്പോൾ അവരുടെ ഉള്ളം തളർന്നു, അവർ വിറച്ചു: ദൈവം നമ്മോട് ഈ ചെയ്തത് എന്ത് എന്ന് തമ്മിൽ തമ്മിൽ പറഞ്ഞു.”

ഉല്പത്തി 42: 26 –28

ഉള്ളം തളർന്നവർ ഈ വാക്കുകളെ വായിക്കുന്നുണ്ടാകും. ഹൃദയം തകർന്നിരിക്കുന്നവർ ഈ വാക്കുകളെ വായിക്കുന്നുണ്ടാകും. മനസ്സ് വാടി ഇരിക്കുന്നവർ ഈ വാക്കുകളെ വായിക്കുന്നുണ്ടാകും. ജീവിതം നിരാശമുറ്റി, ആകുലഭാരങ്ങളിൽ വലഞ്ഞ്, ആവശ്യങ്ങളിലും ആവലാതികളിലും ഉഴന്ന്, എന്റെ ദൈവമെ, ഞാൻ ഇനി എങ്ങനെ മുന്നോട്ട് പോകേണ്ടു,

എങ്ങനെ ജീവിക്കേണ്ടു എന്ന് ആധിയോടെ ഭാരപ്പെട്ടിരിക്കു ന്നവർ പക്ഷെ ഈ വാക്കുകളെ വായിക്കുന്നുണ്ടാകും.

ഭീതികൊണ്ട് വിറയ്ക്കുന്നവരുണ്ട്. വരാൻ പോകുന്ന ഭയാ നകമായ അവസ്ഥ ഓർത്ത് വിറയൽ പൂണ്ടിരിക്കുന്നവരുണ്ട്. ആശങ്കാകുലരായി, ഭയവിഹ്വലരായിരിക്കുന്നവരുണ്ട്. എന്തു വേണ്ടു എന്നറിയാതെ, മുന്നോട്ട് ഗതി മുട്ടി വലഞ്ഞ് വിഷമി ക്കുന്നവരുണ്ട്.

ഞാൻ ഒരു കഥ കേട്ടിട്ടുണ്ട്. ഒരു സമർത്ഥനായ യുവാവ്; അവൻ നല്ല ഊർജ്ജ്വസ്വലനാണ്. സാഹസികമായ കാര്യങ്ങൾ ചെയ്യാനുള്ള ധൈര്യവും ശേഷിയും, ഉള്ളവനാണ് ആ യുവാവ്.

അവനുതോന്നി, കപ്പലിൽ കയറി ലോകം ചുറ്റണം എന്ന്. അവൻ കപ്പലിൽ യാത്ര ചെയ്യാൻ തീരുമാനിച്ചു പുറപ്പെട്ടു. കപ്പൽ നടുക്കടലിലൂടെ നീങ്ങുകയാണ്. പെട്ടെന്നാണ് അത്യാ പത്ത് ഉണ്ടായത്. കര കാണാത്ത കടൽ, നോക്കിയാൽ നോക്കെത്താത്ത കടൽ, ആ കടലിന്റെ നടുവിൽ ഒരു ഭാരമേ റിയ മഞ്ഞുകട്ടയിൽ കപ്പൽ ചെന്നു മുട്ടി, കപ്പലിന്റെ അടി യിൽ വിള്ളൽ ഉണ്ടായി. വിള്ളലിലൂടെ വെള്ളം അകത്തേ ക്ക് ഇരച്ചു കയറി. എല്ലാവരും സംഭ്രാന്തരായി. കപ്പലിന്റെ ജോലിക്കാർ വിളിച്ചു പറഞ്ഞു: നടുക്കടലിൽ നാം ഇപ്പോൾ മുങ്ങിച്ചാകാൻ പോകുകയാണ്.

അത്യാഹിതം സംഭവിച്ചു കഴിഞ്ഞു. രക്ഷപ്പെടുമെന്നുള്ള ആശ ഒന്നുമില്ല. നാം എല്ലാവരും ഇവിടെ ഈ നടുക്കടലിൽ ജീവനോടെ മുങ്ങും. നാം ആരും ശേഷിക്കുകയില്ല

എല്ലാവരും കൂട്ടക്കരച്ചിൽ ആയി. പെട്ടെന്നാണ് ആ കപ്പൽ

താണത്. ആ ചെറുപ്പക്കാരൻ എന്തുകൊണ്ടോ രക്ഷപ്പെട്ടു. എങ്ങിനെ എന്നറിഞ്ഞുകൂടാ, അവന് ഓർമ്മ തെളിയുമ്പോൾ കടൽപ്പുറത്ത് ഒരുമണൽപ്പരപ്പിൽ കിടക്കുകയാണ്. അവൻ വെള്ളത്തിൽ താണില്ല. കപ്പലോ കപ്പലിൽ ഉള്ളവരോ ആരേയും അവന് കാണാൻ സാധിക്കുന്നില്ല. ആ യൗവ്വന ക്കാരൻ എഴുന്നേറ്റു. അവന് ഇത്ര മാത്രം ഓർമ്മയുണ്ട്. കട ലിൽ, വെള്ളത്തിൽ താണു കൊണ്ടിരുന്നപ്പോൾ ഏതോ ഒരു പലകക്കീറ്റിൽ പിടി കിട്ടി. അതിൽ പിടിച്ച് തുഴഞ്ഞ് കൊണ്ട്, അവൻ നീന്തിയതു മാത്രം ഓർമ്മയുണ്ട്. വെള്ളത്തിൽ മുങ്ങി പ്പോകാതെ പതച്ചു നിൽക്കാൻ ആ മരക്കഷണം ഉപയുക്ത മായി. അതേ അവന് ഓർമ്മയുള്ളൂ.

കാറ്റടിച്ചാകണം, അവൻ കരയിൽ എത്തിയത്. ഒരു ദ്വീപിൽ ആണ് അവൻ വന്നു പെട്ടത്. അവൻ എഴുന്നേറ്റു; നല്ല വിശ പ്പുണ്ട്, നല്ല ദാഹമുണ്ട്, എത്രനേരം ബോധം കെട്ടു കിടന്നു എന്ന് അവന് അറിഞ്ഞുകൂടാ, ആരോരും ഇല്ലാതെ, തീർത്തും വിജനമായ ഒരു ദ്വീപ്.

ആ ദ്വീപിലൂടെ അവൻ സഞ്ചരിക്കാൻ തുടങ്ങി, അവൻ വേച്ച് വേച്ച് നടന്നു; ആ കടലോരത്തു നിന്ന് ഉള്ളിലേക്ക് ചെന്നപ്പോൾ ചെറിയ കുറ്റിക്കാടുകൾ, പിന്നെ വലിയ വനം, ജീവികൾ ഒന്നുമില്ല, വനത്തിന്റെ ഇടയിലൂടെ നടന്ന് നീങ്ങു മ്പോൾ കാട്ടരുവിയിലെ വെള്ളം കൈക്കുമ്പിളിൽ എടുത്ത് കോരി കുടിച്ചു. ഏതോ വള്ളിപ്പടർപ്പുകളിലെ പഴം പറിച്ചു തിന്നു. വിശപ്പും ദാഹവും ഏതാണ്ട് മാറി. അവൻ നടക്കുന്നേ ടത്തോളവും നടന്ന് നോക്കി. ഒറ്റജീവി പോലും ഇല്ലാത്ത വിജനമായ ഒരു ദ്വീപ്.

അവൻ വളരെ നിരാശനായി. എന്റെ ആയുസ്സ് ഇവിടെ തീരുകയാണല്ലോ. കപ്പലിൽ ചത്തുപോയിരുന്നെങ്കിൽ

ചത്തുപോയി എന്നേ ഉള്ളൂ. കപ്പൽ ച്ഛേദത്തിൽ അപകടപ്പെട്ടെങ്കിലും ഈ വിജനമായ ദ്വീപിൽ എന്റെ ആയുസ്സ് തീരുകയാണല്ലോ. ആഹാരത്തിന് പഴങ്ങൾ പറിച്ചു തിന്നാം. ദാഹത്തിന് കാട്ടുചോലയിലെ വെള്ളം കുടിക്കാം. പക്ഷെ ആരോരും ഇല്ലാത്ത ഈ ദ്വീപിൽ സ്വന്തപ്പെട്ടവരിൽ നിന്നും ബന്ധപ്പെട്ടവരിൽ നിന്നുമെല്ലാം അകന്ന് എത്രകാലം ജീവിക്കും.?

ഏതാനും സമയം കഴിഞ്ഞു. നേരം വൈകി, ഇരുട്ടായി, അവൻ മണൽപ്പുറത്ത് തന്നെ കിടന്ന് ഉറങ്ങി. പിറ്റെ ദിവസം ആയി. അവൻ എഴുന്നേറ്റ് നടന്നു. അന്നും പഴം തിന്നുകയും വെള്ളം കുടിക്കുകയും ചെയ്തു.

ഓരോ ദിവസം കഴിയുന്തോറും അവന്റെ ആധി വർദ്ധിച്ചു വന്നു. അങ്ങ് ദൂരെ കൂടി ചെറിയ ഒരുപൊട്ടുപോലെ, ഒരു ബിന്ദു പോലെ നീങ്ങുന്ന കപ്പലുകളെ അവന് കാണാം. അവൻ ഉയരത്തിൽ ചാടി നോക്കി, ഉച്ചത്തിൽ കൂവിനോക്കി.

ഒടുവിൽ അവൻ സ്വന്തമായി ഒരു കുടിൽ വെച്ചുണ്ടാക്കി, കാട്ടിലെ മൂർച്ചയുള്ള കല്ലു കൊണ്ട് മരത്തിന്റെ കൊമ്പുകൾ ഇടിച്ച് ഇടിച്ചു ചതച്ചു മുറിച്ചു അവൻ കഴുക്കോലും ഉത്തരവും മറ്റും ഉണ്ടാക്കി. കാട്ടിലെ വലിയ ഇലകൾ പറിച്ചു കൊണ്ടുവന്ന് മേഞ്ഞു. അങ്ങനെ ഒരു വിധത്തിൽ വെയിലിൽ നിന്നും, മഴയിൽ നിന്നും മഞ്ഞിൽ നിന്നും രക്ഷപ്പെടാൻ അവൻ ഒരു ചെറ്റക്കുടിലുണ്ടാക്കി.

ഒരു ദിവസം അവൻ കാട്ടിലൂടെ സഞ്ചരിച്ച് തിരികെ വന്നപ്പോൾ ആകെ അമ്പരന്നുപോയി. ഉച്ചത്തിൽ കരഞ്ഞു പോയി. കാട്ടുതീ വീണ് അവന്റെ ആ കൊച്ചുകുടിൽ കത്തുകയാണ്. കാട്ടു തീ പറന്നു വന്ന് മേഞ്ഞിരുന്ന ഇലകൾക്ക് കത്തുപിടി

ച്ചു. ചെറിയ കൊമ്പുകളിൽ കത്തു പിടിച്ചു. ആകെ കത്തി നല്ല ഉയരത്തിൽ കത്തി തീജ്ജ്വാല ആളിപ്പടരുന്നതാണ് അവൻ കണ്ടത്.

അവൻ നെഞ്ചത്തലച്ചു കൊണ്ടു പറഞ്ഞു : എന്റെ ദൈവമേ, എനിക്ക് ഇങ്ങനെ വന്നല്ലോ. ഞാൻ എത്ര കഷ്ട പ്പെട്ടു ഈ കുടിൽ ഉണ്ടാക്കി. എങ്ങിനെ എങ്കിലും ജീവി ക്കണം എന്നാഗ്രഹിച്ചു. ഞാൻ എത്രയോ പ്രാവശ്യം ദൈവമേ നിന്നോട് യാചിച്ചു. ഏതെങ്കിലും ഒരു കപ്പൽക്കാർ വന്ന് രക്ഷ പ്പെടുത്തിക്കൊണ്ട് പോകണം എന്ന്, അതോ ഉണ്ടായില്ല, പിന്നെ ആകെ ഉണ്ടായിരുന്ന കിടപ്പാടം കൂടി കത്തിനശിച്ചു അവൻ ഇങ്ങനെ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് ഉച്ചത്തിൽ മുറവിളി കൂട്ടി.

ആ തീജ്ജ്വാലകളിലേക്ക് നോക്കി നിറകണ്ണുകളോടെ നിൽക്കുമ്പോൾ പെട്ടെന്ന് ഏതാണ്ടൊരു ശബ്ദം! പിറകിൽ നിന്ന് ഒരു സൈറൺ! നോക്കിയപ്പോൾ ഒരു ബോട്ട് വേഗം വരുന്നു. എന്തൊരതിശയം! അവൻ നോക്കി. ബോട്ടിലുള്ള വർ അവനെ കൈമാടി വിളിച്ചു. വെള്ളത്തിൽ അവന് നടന്ന് ചെല്ലാവുന്ന അത്രയും അടുത്ത് വരെ ബോട്ട് വന്ന് നിർത്തി.

അവൻ മുട്ടോളം വെള്ളത്തിലൂടെ നടന്ന് ബോട്ടിൽ കയറി. ബോട്ട് വളരെ വേഗം ഓടി. അങ്ങ് ദൂരെ ആഴക്കടലിൽ നങ്കൂ രമിട്ട് ഒരു കപ്പൽ കിടക്കുന്നു. ആ കപ്പലിലേക്ക് അവനെ കയ റ്റി. കപ്പലിൽ കയറി അകത്ത് കടന്ന ഉടനെ കപ്പിത്താൻ പറ ഞ്ഞു: എടാ മോനെ, നീ അത്രയും ഉയരത്തിൽ തീ കത്തി ച്ചതുകൊണ്ടാണ് അവിടെ ഒരു ആവശ്യക്കാരൻ ഉണ്ട് എന്ന് ഞങ്ങൾ അറിഞ്ഞത്. നിനക്ക് ആ തീ കത്തിക്കാൻ തോന്നി യത് നന്നായി.

അവൻ തീ കത്തിച്ചില്ല. പക്ഷെ  തീ കത്തിയത് അവന് പ്രയോജനപ്പെട്ടു. അവന്റെ കിടപ്പാടം കത്തിയത് അവന് രക്ഷപ്പെടാൻ കാരണമായി തീർന്നു. അവൻ ആകെ കഷ്ടപ്പെട്ട് നാളുകൾ, മാസങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ അവന്റെ കൂരപ്പുര കത്തിച്ചാമ്പലായത്, അവന് പ്രയോജനകരമായി തീർന്നു. എല്ലാം നന്മയ്ക്കായി മാറി.

അപ്പോൾ അവരുടെ ഉള്ളം തളർന്നു. അവർ വിറച്ചു. ദൈവം നമ്മോട് ഈ ചെയ്തത് എന്ത് എന്ന്  തമ്മിൽ തമ്മിൽ പറഞ്ഞു.

സ്നേഹിതരെ, കഷ്ടപ്പാടുകൾ ഉള്ളവർ ഇല്ലേ? വീട്ടിൽ വലിയ ക്ലേശങ്ങളും ഇഷ്ടക്കേടുകളും മുഷിച്ചിലുകളും ആയി പരിഭവിച്ചും പിറുപിറുത്തും ഭാരപ്പെട്ടും വലയുന്നവരില്ലേ? മരിച്ചാൽ മതി എന്ന് ഓർക്കുന്നവരില്ലേ? ഇനി ജീവിക്കേണ്ട ആവശ്യം ഇല്ല, എന്നെ സ്നേഹിക്കാൻ എനിക്ക് ആരാ ഉള്ളത്. ഞാൻ ആർക്കുവേണ്ടി ജീവിക്കണം എന്ന് സ്വയം സഹതപിക്കുന്നവരും പരിഭവിക്കുന്നവരും ഇല്ലേ.?

ഞാൻ ആർക്കുവേണ്ടി ജീവിക്കണം ? എനിക്ക് ആരുടേയും സ്നേഹം കിട്ടാൻ ഇല്ല, എന്നോട് ആർക്കും കരുണയില്ല എന്നോട് ആർക്കും വാത്സല്യമില്ല. ഞാൻ അധികപ്പറ്റല്ലെ, ഈ വീട്ടിൽ എന്നെ ആർക്കും വേണ്ട. ഈ സമൂഹത്തിൽ എന്നെക്കുറിച്ച് ആർക്കും ഒരു കരുതൽ ഇല്ല. ഞാൻ അങ്ങ് കടന്നു പോകുകയല്ലേ നല്ലത്. എന്തൊരു ദുരിതം പിടിച്ച ജീവിതം എന്നോർത്ത് വലയുന്നവരില്ലേ?

അവരുടെ ഹൃദയം വിറച്ചു.  ഉള്ളം തളർന്നു.അവർ ചോദിക്കുന്നു: ദൈവം നമ്മോട് ഈ ചെയ്തത് എന്ത്? എന്താണ് ഇങ്ങനെ സംഭവിച്ചത്.?

യോസേഫിന്റെ അടുക്കൽ ചെന്ന് (ബെന്യാമിൻ കൂടെയില്ല) ധാന്യം വാങ്ങിക്കൊണ്ട് പോരുകയായിരുന്നു. അന്ന് ആ ദേശത്ത് എല്ലാം ക്ഷാമമായിരുന്നു. ക്ഷാമം ബാധിച്ച് പട്ടിണിപ്പാവങ്ങൾ പട്ടിണി മരണം സംഭവിച്ചു കൊണ്ടിരുന്ന കാലത്ത് ആഹാരം തേടി യോസേഫിന്റെ സഹോദരന്മാർ ചെന്നത് ഈജിപ്റ്റിലാണ്. മിസ്രയിമിലാണ്.

അവിടെ ധാന്യപ്പുരകളുടെ വിചാരിപ്പുകാരനായും, ഫറവോൻ കഴിഞ്ഞാൽ അടുത്ത മേലധികാരിയായും വാഴുന്നത് സ്വന്തം സഹോദരൻ ആണ് എന്ന് അവർ അറിഞ്ഞില്ല. സ്വന്തം സഹോദരനായ യോസേഫ് അവിടെ ഉന്നതോദ്യോഗസ്ഥനായി വാഴുന്നു എന്ന് അവർ അറിഞ്ഞില്ല. അവർ എന്നേ മറന്നു കഴിഞ്ഞു യോസേഫിന്റെ കാര്യം.

ഇരുപത് കൊല്ലം മുമ്പ് യോസേഫിനെ അവർ പൊട്ടക്കിണറ്റിൽ തള്ളിയിട്ടതാണ്. അവിടെ നിന്നും പൊക്കി എടുത്ത് യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റതാണ്. യോസേഫിന്റെ വിലയായി ഇരുപത് വെള്ളിക്കാശ് എണ്ണി വാങ്ങിയതാണ്. അവൻ ഇപ്പോൾ ഉണ്ടോ ഇല്ലയോ ആർക്കറിയാം? അത് അവർക്കൊരു ചിന്താവിഷയം അല്ല. യോസേഫിന്റെ കാര്യം അവർ മറന്നിരിക്കുകയാണ്. പക്ഷെ യോസേഫിന്റെ കാര്യം അവർ മറന്നെങ്കിലുംദൈവം മറന്നില്ല.

സഹോദരാ, നിന്റെ സഹോദരന്മാരുടെ കാര്യം നീ മറന്നു എന്ന് വരാം. നിന്റെ പ്രിയപ്പെട്ടവരുടെ കാര്യം നീ മറന്നു എന്നു വരാം. മാന്യസഹോദരീ, നീ നിന്റെ പ്രിയപ്പെട്ട ഭർത്താവിന്റെ കാര്യം ചിലപ്പോൾ മറന്നു എന്ന് വരാം. നിന്റെ സ്വന്തം കാര്യം പോലും നീ മറന്നു പോകത്തക്കവിധം നീ ഇന്ന് വിഷാദവിവശയായി എന്ന് വരാം.

എന്നാൽ സ്വർഗ്ഗത്തിലെ ദൈവം നിന്നെ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. മകനെ, സത്യമായും ദൈവമുണ്ട്. മകളെ, ദൈവം ജീവിക്കുന്നുണ്ട്.

ദൈവം കരുണക്കടലാണ്. ദൈവം സ്നേഹനിധിയാണ്. ദൈവം വാത്സല്യത്തികവാണ്. ദൈവം നിന്നോട് കരുണയുള്ള ദൈവമാണ്. അവന്റെ കരുണയ്ക്ക് അന്തമില്ല. അവന്റെ സ്നേഹത്തിന് അറുതിയില്ല.

അതിരില്ലാത്ത സ്നേഹം, നിസ്തുല സ്നേഹം, മറ്റെങ്ങും കാണാത്ത സ്നേഹം. "നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ നിനക്ക് എന്റെ ദയ ദീർഘമാക്കിയിരിക്കുന്നു" എന്ന് യേശുക്രിസ്തു ജനിക്കുന്നതിന് മുമ്പ് അറുന്നൂറിൽ ഏറെ വർഷങ്ങൾക്ക് മുമ്പ് യിരമ്യാ പ്രവാചകനിൽ കൂടി ദൈവം പറഞ്ഞു. (യിരമ്യാവ് 31:3)

ആ ദയ ദീർഘമാക്കിയത് കൊണ്ടല്ലേ മകനെ, ഇന്ന് നീ ആയുസ്സോടെ ഇരിക്കുന്നത്. ആ ദയ നിന്റെ നേരെ ദീർഘമാക്കിയതു കൊണ്ടല്ലേ മകളെ, നീ ഇന്ന് സമാധാനത്തോടെ ജീവിക്കുന്നത്. സ്നേഹിതാ, ആ ദയ നിന്നെ തേടി വന്നതു കൊണ്ടല്ലേ ഇന്ന് നിനക്ക് സമാധാനത്തോടെ ദൈവത്തെ ആരാധിക്കാൻ കഴിയുന്നത്. ദൈവപൈതലേ, ആ ദയ ഇന്നും നിന്നെ പേർ ചൊല്ലി വിളിക്കുന്നതു കൊണ്ടല്ലേ യേശുവിന്റെ തിരുശബ്ദം കേൾക്കാൻ നിനക്ക് സാധിച്ചിരിക്കുന്നത്.

നീ അന്ന് ആ ഓപ്പറേഷൻ ടേബിളിൽ നിന്ന് എഴുന്നേൽക്കുകയില്ല എന്ന് വിചാരിച്ചതായിരുന്നല്ലോ. നിന്റെ പ്രിയപ്പെട്ടവർ പറഞ്ഞതായിരുന്നല്ലോ. ഡോക്ടർമാർ വിധി എഴുതിയതായിരുന്നുവല്ലൊ. ആയുസ്സു തീരുകയാണെന്നു. നീ ഇന്ന് ജീവി

ക്കാൻ കാരണക്കാരൻ ആരാണ്? കർത്താവായ യേശു ക്രിസ്തു അല്ലയോ? ഗോഗുൽത്തായിലെ കുരിശിൽ മൂന്നാണികളിൽ തൂങ്ങിക്കിടന്ന്, എന്റെ പിതാവെ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമെ എന്ന് പ്രാർത്ഥിച്ച കർത്താവായ യേശു ഒരുവൻ കാരണം അല്ലേ നീ സമാധാനത്തോടെ ഇരുന്ന് ഇന്ന് ഈ വചനങ്ങളെ വായിക്കുന്നത്.

സ്നേഹിതരെ, ദൈവം നല്ലവനാണ്. ദൈവം സ്നേഹമാണ്. നീ ഒരിക്കലും ദൈവത്തോട് പരിഭവിക്കല്ലെ. ദൈവം നമ്മോട് ഈ ചെയ്തത് എന്ത് എന്ന് പറയരുതേ. പക്ഷേ യോസേഫിന്റെ സഹോദരന്മാർ പറഞ്ഞു:

അവർക്ക് ദൈവത്തോട് പരിഭവമാണ്; അവർക്ക് ദൈവത്തോട് പരാതിയാണ്.

എന്നോട് എന്താണ് ചെയ്തത് എന്ന് അവർ പറയാൻ കാരണം ഉണ്ട്. യോസേഫിന്റെ അടുക്കൽ ധാന്യവും വാങ്ങിപ്പോകുമ്പോൾ അവരുടെ ചാക്കിന്റെ വായ്ക്കൽ അവർ കൊടുത്ത ധാന്യത്തിന്റെ വില, അങ്ങനെ തന്നെ തിരികെ കിട്ടിയിരിക്കുന്നു.

അവരുടെ ദ്രവ്യം അവർക്ക് തിരികെ കൊടുത്തത് എന്തിനാണ്. നിങ്ങൾ ദ്രവ്യാഗ്രഹികൾ അല്ലേ, പണത്തിന് വേണ്ടി സ്വന്തം സഹോദരനെ വിറ്റവരല്ലേ എന്ന്. ആ കുറ്റം അവർക്ക് ഓർമ്മ വരണം. ഇരുപത് വെള്ളിക്കാശ് എണ്ണിവാങ്ങാൻ വേണ്ടി, സ്വന്തം സഹോദരൻ പ്രാണസങ്കടത്തോടെ കെഞ്ചിയപ്പോഴും ഒരു കരുണയുമില്ലാതെ വിറ്റുകളഞ്ഞവരല്ലേ എന്ന കാര്യം അവർക്ക് കുറ്റബോധം വരണം. എങ്കിലേ അവർക്ക് പാപമോചനം നൽകാൻ സാധിക്കൂ.

ദൈവത്തിന്റെ ഉദ്ദേശം നിന്നെ ഉയർത്തണം എന്നാണ്. നിന്നെ ദൈവത്തിന് അഭിവൃദ്ധിപ്പെടുത്താൻ സാധിക്കണമെങ്കിൽ നിന്റെ പാപത്തെ ഓർത്ത് നീ അനുതപിക്കണം. നിനക്ക് നാളുകൾക്ക് മുമ്പ് അല്ലെങ്കിൽ വർഷങ്ങൾക്ക് മുമ്പ് പറ്റിയ അബദ്ധത്തെ ഓർത്ത് നീ അനുതപിക്കണം.

"ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതി ഇരുന്നു എങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു." (സങ്കീ 66:18) അകൃത്യം ഹൃദയത്തിൽ ഉണ്ടെങ്കിൽ ദൈവം പ്രാർത്ഥന കേൾക്കുകയില്ല.

ദൈവത്തിന്റെ കൃപയുടെ നീർച്ചാലുകൾ നിങ്ങളുടെ മേൽ ഒഴുകി വരുന്നതിന് ചില തടസ്സങ്ങൾ ഉണ്ട്, ചില വൻകല്ലുകൾ അനുഗ്രഹം ഒഴുകിവരുന്ന ചാലിൽ ഇരിപ്പുണ്ട്. അത് സഹോദരാ, നീ തന്നെ എടുത്ത് മാറ്റണം. ആ കല്ല് നീ എടുത്ത് മാറ്റിയാൽ മാത്രമെ ദൈവത്തിന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ വായിക്കുന്നത്.

> "രക്ഷിപ്പാൻ കഴിയാത വണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാത വണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രെ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറയ്ക്കുമാറാക്കിയത്."
>
> യെശ: 59:1–2

അകൃത്യങ്ങൾ ഇടയ്ക്ക് കയറി നിൽക്കുകയാണ്. ദൈവത്തിന് അനുഗ്രഹിക്കണം എന്നുണ്ട്. പക്ഷെ സാധിക്കുന്നില്ല. യോസേഫിന്റെ സഹോദരന്മാർ പത്ത് പേരും യോസേഫിനെ പൊട്ടക്കിണറ്റിൽ തള്ളി ഇട്ടവരാണ്. യോസേഫിനെ യിശ്മായേല്യ കച്ചവടക്കാർക്ക് കൊടുത്ത് പൈസ വാങ്ങിയവരാണ്. അവരുടെ പാപം ക്ഷമിച്ച് അവരെ ഉയർത്തണം, അവരെ ഗോത്രത്തലവന്മാരാക്കി മാറ്റി എടുക്കണം എന്നത് ദൈവീക ഉദ്ദേശമാണ്. എന്നാൽ അതിനു തടസ്സമായി അവരുടെ പാപം അവരുടെ ഇടയ്ക്ക് നിൽക്കുന്നു. പാപം മാറ്റണമെങ്കിൽ അവർ പാപത്തെ ഓർത്ത് അനുതപിക്കണം. പാപം ക്ഷമിച്ചു കിട്ടണമെങ്കിൽ, അവർ പാപത്തെ ഓർത്ത് അനുതപിക്കണം. പാപത്തെ ഓർത്ത് തകർന്ന് നിലവിളിക്കണം. പിതാക്കന്മാർ പാടുന്നു:

"തൻബലിയാൽ പാപികളെ രക്ഷിച്ചോരു ദൈവസുതാ,
നിൻ ബലിയാലെൻ കഷ്ടത മായ്ച്ചെൻ നോവൊഴിക്കണമെ.
ഗോഗുൽത്തായിൽ തൻ മാർവ്വു തുറന്നോരുത്തമനെ
ദാഹം നീക്കീട്ടൊഴുകിയ നീരാൽ ചോരയതാലും"

ഗോഗുൽത്തായിൽ തിരുമാർവ്വു തുറന്ന, ഉത്തമനായ മിശിഹാ തമ്പുരാനെ നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ചോരയാലും നീരിനാലും എന്റെ ആന്തരിക ദാഹം നീ മാറ്റണമെ. എന്റെ കഷ്ടത നീ മായ്ക്കണമെ. എന്റെ നോവ് നീ ഒഴിവാക്കി തരണമെ, എന്റെ വേദന നീ ശമിപ്പിക്കണമെ.

വേദന ശമിക്കണമെങ്കിൽ, നമ്മുടെ കഷ്ടത ഒഴിവായി കിട്ടണമെങ്കിൽ, പാപം മാറണം, അതിന് വേണ്ടി തൻ ബലിയാൽ പാപികളെ രക്ഷിച്ചോരു ദൈവസുതനിൽ വിശ്വസിക്കണം. തന്റെ ബലിയാൽ പാപികളെ രക്ഷിച്ച ദൈവസുതനായ

ക്രിസ്തുവിൽ നാം വിശ്വസിക്കണം. അവന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു എന്ന് വിശ്വസിക്കണം.

യോസേഫിന്റെ സഹോദരന്മാർക്ക് ദ്രവ്യാഗ്രഹം എന്ന പാപം ഓർമ്മ കൊടുക്കാൻ പണം തിരികെ കിട്ടുകയാണ്.

അവർ വിറച്ചുപോയി. അയ്യോ ദൈവം നമ്മോട് ചെയ്തത് എന്ത് എന്ന് പറഞ്ഞു. ദൈവം നമ്മോട് ഈ ചെയതത് എന്ത് എന്ന് സങ്കടത്തോടെ പറയുന്ന അനേകം ആളുകളുണ്ട്. എനിക്കെന്താണ് ഇങ്ങിനെ വന്നത്, എനിക്ക് എന്താണ് ഈ ദുരിതം, ഞാൻ എത്രയോ നാളുകൾ ഈ വചനം കേട്ടു. ഞാൻ പല തരത്തിലുള്ള തീരുമാനങ്ങൾ എടുത്തു. എനിക്ക് എന്താണ് ഒരു ജയം കിട്ടാത്തത് ? എന്റെ ജീവിതത്തിൽ മുന്നേറ്റം കിട്ടാത്തത് എന്താണ്? എനിക്ക് ഒരു കര കയറ്റം കിട്ടാത്തത് എന്താണ് ?എന്റെ ജീവിതം അടിയ്ക്കടി തളരുന്നത് എന്താണ്?

എന്റെ രോഗം മാറാത്തത് എന്താണ്? എന്റെ ജീവിതത്തിൽ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കിട്ടാത്തത് എന്താണ്? എന്റെ കടത്തിന്റെ ബാദ്ധ്യതയ്ക്ക് ഒരു ചെറിയ അയവു പോലും വരാത്തത് എന്താണ്? എന്റെ ഞെരുക്കം ഒന്നു തീരാത്തത് എന്താണ്.

ഞാൻ പ്രാർത്ഥിക്കുന്നുണ്ടല്ലോ.എനിക്ക് അറിയാവുന്ന രീതിയിൽ ഭക്തിജീവിതം നയിക്കുന്നുണ്ടല്ലോ. എനിക്ക് എന്താണ് ഒരു കൃപ കിട്ടാത്തത്. പലരുടെയും ഹൃദയത്തിൽ ഉയരുന്ന ചോദ്യമാണിത്.

ദൈവം നമ്മോട് ഈ ചെയ്തതെന്ത് എന്ന ചിന്തകൊണ്ട് അനേകം ജീവിതങ്ങൾ തകർന്നു കിടക്കുകയാണ്. ഇങ്ങിനെയുള്ള ഒരു ഭർത്താവിനെ അല്ലേ എനിക്ക് തരാൻ തോന്നിയുള്ളൂ. എനിക്ക് കൊള്ളരുതാത്ത മക്കളെ അല്ലേ ദൈവം

തന്നത്.

എനിക്കെന്താണ് മറ്റുള്ളവരെപ്പോലെ ആരോഗ്യം ഇല്ലാത്തത്? എനിക്കെന്താണ് മറ്റുള്ളവരെപ്പോലെ വിദ്യാഭ്യാസം കിട്ടാഞ്ഞത്? എന്റെ അപ്പൻ എന്താണ് മദ്യപാനം വിടാത്തത്? ഞാൻ ജനിച്ച കാലത്ത് കുടുംബത്തിൽ നല്ല ഐശ്വര്യം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ എല്ലാം എന്റെ അപ്പന്റെ മദ്യപാനം മൂലം മുടിച്ചു കളഞ്ഞല്ലോ. എനിക്ക് എന്താണ് ഇങ്ങനെ വന്നത്. ദൈവം എന്താണ് എന്റെ പ്രാർത്ഥന കേൾക്കാത്തത്? ദൈവം എന്നോട് ഈ ചെയ്തത് എന്ത്?

ഇങ്ങനെയുള്ള ചോദ്യവും പരിഭവവും ഉള്ളിലുയരുന്ന ആളുകൾ ധാരാളം ഉണ്ട്. സ്നേഹിതരേ, നിങ്ങളുടെ ഉള്ളിൽ ഇങ്ങനെ പരിഭവം വരുന്നുണ്ടോ? നിങ്ങൾക്ക് ദൈവത്തോട് ഇങ്ങനെ പരാതി തോന്നാറുണ്ടോ?

ഞാൻ പറയട്ടെ, കഷ്ടപ്പെട്ടുണ്ടാക്കിയ കിടപ്പാടം കത്തിപ്പോയ ആ യൗവ്വനക്കാരന്, കത്തിയത് നന്മയായിത്തീർന്നു. ആ വിജനമായ ദ്വീപിൽ നിന്ന് രക്ഷപ്പെടാൻ കാരണമായിത്തീർന്നു അതുപോലെ, ഓരോ സാഹചര്യവും നന്മയ്ക്കാക്കിത്തീർക്കുവാൻ ദൈവത്തിന് കഴിയും. നമ്മുടെ ജീവിതത്തിൽ വന്ന ഓരോ കഷ്ടങ്ങളും നഷ്ടങ്ങളും കേടുകളും നന്മയ്ക്കാക്കിമാറ്റുവാൻ ദൈവത്തിന് കഴിയും.

മകളെ, നീ ചെറുപ്പത്തിൽ തന്നെ വിധവയായി തീർന്നത്, സഹോദരാ നിന്റെ ബിസ്സിനസ്സ് തകർന്ന് പോയത്, മാന്യ യുവാവെ, നിന്റെ ബിസ്സിനസ്സിലെ പാർട്ട്ണർ നിന്നെ ചതിച്ചത്, സഹോദരി നിന്റെ മക്കൾ നിന്നെ അനുസരിക്കാതെ ചുമതലാബോധം ഇല്ലാതെ, പഠിക്കാൻ മനസ്സില്ലാതെ ഉഴപ്പി ആയുസ്സ് പാഴാക്കുന്നത്, എല്ലാം നന്മയ്ക്കാക്കി മാറ്റാൻ

ക്രിസ്തുവിനു കഴിയും.

ഒന്നേ വേണ്ടു നിന്റ ജീവിതത്തിലെ പാപത്തെ ഓർത്ത് നീ അനുതപിക്കൂ. നിന്റെ ജീവിതത്തിൽ വന്നുപോയ തിന്മകളെ ഓർത്ത് നീ അനുതപിക്കൂ. നാളുകൾക്ക് മുമ്പ്, മാസങ്ങൾക്കോ, വർഷങ്ങൾക്കോ മുമ്പ് നിന്റെ ജീവിതത്തിൽ സംഭവിച്ച് പോയ കുറ്റങ്ങൾ , ഒന്നൊന്നായി ഓർത്തു നീ അനുതപിക്കൂ.

അന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്ന, ഹൃദയത്തെ തൂക്കി നോക്കുന്ന ദൈവം എല്ലാം കാണുന്നു. അവന്റ കൺമുമ്പിൽ ഒന്നും മറഞ്ഞിരിക്കുന്നില്ല. “സകലവും അവന് നഗ്നവും മലർന്നതുമായിട്ടത്രെ കിടക്കുന്നത്.” (എബ്രായർ 4:13)

സ്നേഹിതരെ, അവന്റെ കരങ്ങളിലേക്ക് നിങ്ങൾ നിങ്ങളെ കൊടുക്കുമോ? അവനോട് നിങ്ങൾ ഒരു വാക്ക് പറയുമോ? കർത്താവെ, എല്ലാം നന്മയ്ക്ക്. എന്റെ പരിഭവത്തോട് ഞാൻ ഇതാ യാത്ര പറയുന്നു. ക്രിസ്തുവിനെ ഞാൻ രക്ഷകനും വീണ്ടെടുപ്പുകാരനുമായി സ്വീകരിക്കുന്നു.

## ആറ്

“അവർ ധാന്യം കഴുതപ്പുറത്ത് കയറ്റി അവിടെ നിന്ന് പുറപ്പെട്ടു, വഴിയമ്പലത്തിൽ വച്ച് അവരിൽ ഒരുത്തൻ കഴുതയ്ക്ക് തീൻ കൊടുപ്പാൻ ചാക്കഴിച്ചപ്പോൾ, തന്റെ ദ്രവ്യം ചാക്കിന്റെ വായ്ക്കൽ ഇരിക്കുന്നത് കണ്ടു. തന്റെ സഹോദരന്മാരോട്: എന്റെ ദ്രവ്യം എനിക്ക് തിരികെകിട്ടി അത് ഇതാ, എന്റ ചാക്കിൽ ഇരിക്കുന്നു എന്ന് പറഞ്ഞു. അപ്പോൾ അവരുടെ ഉള്ളം തളർന്നു അവർ വിറച്ചു. ദൈവം നമ്മോട് ഈ ചെയ്തത് എന്ത് എന്ന് തമ്മിൽ പറഞ്ഞു.”

ഉല്പത്തി 42:26–28

സഹോദരന്മാർ യോസേഫിനെ തിരിച്ചറിഞ്ഞില്ല. യോസേഫ് പക്ഷെ തന്റെ സഹോദരരന്മാരെ തിരിച്ചറിഞ്ഞു. ഇരുപത് വർഷം കഴിഞ്ഞല്ലെ തമ്മിൽ കാണുന്നത്. ഇരുപത് വർഷം മുമ്പ് യോസേഫ് യിശ്മായേല്യ കച്ചവടക്കാരുടെ കൂടെ പോകുമ്പോൾ കെഞ്ചി യാചിച്ച് പിറകോട്ട് നോക്കി നിലവിളി

ക്കുന്നുണ്ടായിരുന്നു. പക്ഷെ അവന്റെ പ്രാണസങ്കടം കണ്ടാറെയും അവരുടെ ഉള്ള് അലിഞ്ഞില്ല. അവനെ അവർ വിറ്റുകളഞ്ഞു.

ഇരുപത് കൊല്ലത്തിനുശേഷം ആ യോസേഫിന്റെ മുമ്പിൽ സഹോദരന്മാർ എത്തിയിരിക്കുകയാണ്. ധാന്യം അവർ രൂപ കൊടുത്ത് വാങ്ങി, പക്ഷെ അവർ പോകുമ്പോൾ ആ ധാന്യം സംഭരിച്ച് കൊണ്ടുപോകുന്ന ചാക്കിന്റെ വായ്ക്കൽ, അവർ കൊടുത്തിരിക്കുന്ന വില വച്ചിരിക്കുന്നു. അവരതു കണ്ടപ്പോൾ അവരുടെ ഉള്ളം തളർന്നുപോയി. അവർ വിറച്ച് പോയി. അപ്പോൾ അവരുടെ ഉള്ളം തളർന്നു അവർ വിറച്ചു. ദൈവം നമ്മോട് ഈ ചെയ്ത് എന്ത് എന്ന് തമ്മിൽ തമ്മിൽ പറഞ്ഞു.

അപ്പോസ്തലനായ പൗലോസ് പറയുന്നു:

> "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു."
>
> റോമർ 8:28

രോഗം വരുന്നത്,എങ്ങനെ നന്മയ്ക്കാകും? പ്രിയപ്പെട്ടവർ പെട്ടെന്ന് മരിച്ചു പോകുന്നത് എങ്ങിനെ നന്മയ്ക്കാകും? ഓമനക്കുഞ്ഞുങ്ങൾ നഷ്ടമാകുന്നത് എങ്ങിനെ നന്മയ്ക്കാകും? ഉണ്ടായിരുന്ന ജോലി നഷ്ടപ്പെടുന്നത് എങ്ങിനെ നന്മയ്ക്കാകും? കിട്ടേണ്ട പ്രമോഷൻ കിട്ടാതെ വരുന്നത് എങ്ങിനെ നന്മയ്ക്കാകും? ഒരു വലിയ ആക്സിഡന്റ് ഉണ്ടാകുന്നത് എങ്ങിനെ നന്മയ്ക്കാകും? നമുക്ക് മനസ്സിലാകുകയില്ല.

എന്നാൽ അതിൽ ഓരോന്നിൽ കൂടിയും നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി നമ്മുടെ പാപത്തെ

കണ്ടെത്തി അനുപതിപിക്കാൻ കഴിയുകയാണെങ്കിൽ, ഇത് ഓരോന്നും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുമെന്ന് മാത്ര മല്ല അത്യുന്നതമായ സ്വർഗ്ഗീയ നന്മകളിലേക്കും ശ്രേഷ്ഠ മായ അനുഗ്രഹങ്ങളിലേക്കും നമ്മെ നയിക്കുവാൻ ദൈവം അത് ഉപയോഗിക്കും.

കുമാരാനാശാൻ ഒരവസരത്തിൽ ഒരു ബോട്ടുജെട്ടിയിൽ നിൽക്കുകയായിരുന്നു. ബോട്ട് പുറപ്പെടാറാകുന്നതേ ഉള്ളൂ. സമയം ഉണ്ട്. അപ്പോൾ ആശാൻ വിചാരിച്ചു. അവിടെ അടുത്തു തന്നെ ഒരു ചെറിയ ഹോട്ടൽ ഉണ്ട്. ഒരു നാടൻ ഹോട്ടൽ. അവിടെ കയറി ഒരു ചായ കുടിച്ച് ബോട്ടിൽ കയറാം എന്നുവിചാരിച്ചു.

ചായ കുടിക്കാൻ ഇരുന്നപ്പോൾ അടുത്ത് വേറൊരാൾ ഇരി പ്പുണ്ട്. അദ്ദേഹത്തിന്റെ തോളിൽ ഒരു സഞ്ചിയുണ്ട്. അതിൽ വേദപുസ്തകം ഉണ്ട്. കുമാരനാശാൻ ചോദിച്ചു. "എന്താ പേര്?" "എന്റെ പേര് മാമ്മൻ ഉപദേശി എന്നാണ്. അങ്ങോ?" "ഞാൻ കുമാരനാശാനാണ്." "കുമാരനാശാൻ എന്ന് കേട്ടിട്ടു ണ്ട്. പക്ഷെ ഇന്ന് ആദ്യമായി കാണുകയാണ്. കണ്ടതിൽ സന്തോഷമായി." അവർ വർത്തമാനം പറഞ്ഞു.

അപ്പോഴേക്കും പെട്ടെന്ന് ഇതാ ഒരു സൈറൺ. ബോട്ടിൽ നിന്നാണ് . രണ്ടുപേരും പെട്ടെന്ന് ഇറങ്ങി ഓടി ടിക്കറ്റ് എടു ത്തിട്ടുണ്ട്, ബോട്ടിൽ കയറിയാൽ മതി. മാമ്മൻ ഉപദേശിയും ഓടി, കുമാരാനാശാനും ഓടി, രണ്ടുപേരും ചാടി ബോട്ടിൽ കയറി. ബോട്ട് ആദ്യ സൈറൺ മുഴങ്ങിയതേ ഉള്ളൂ. അല്പ സമയം കൂടി ഉണ്ട്.

പെട്ടെന്ന് മാമ്മൻ ഉപദേശി പറഞ്ഞു: "അയ്യോ എന്റെ കുട എടുത്തില്ലല്ലോ. കുട അവിടെ ഹോട്ടലിൽ ഇരിക്കുക

യാണ്. സമയം ഉണ്ടോ? ഏതാനും മിനിറ്റ് കൂടി ഉണ്ടല്ലോ. വേഗം ഓടി എടുത്തുകൊണ്ടുവരാം.”

പാവം ഉപദേശി കുട എടുക്കാൻ ഹോട്ടലിൽ ചെന്നു. അവിടെതന്നെ ഇരിപ്പുണ്ട്. കുട എടുത്തുകൊണ്ടുവന്നപ്പോഴേക്കും ബോട്ട് വിട്ടു കഴിഞ്ഞു. ഉപദേശി കുട ഉയരത്തിൽ പൊക്കിപ്പിടിച്ചുകൊണ്ട് ഉച്ചത്തിൽ കൂവി, നിർത്ത് എനിക്കു കൂടി പോകേണ്ടതാണ്. ചീട്ട് എടുത്തതാണ് ഉച്ചത്തിൽ പറഞ്ഞു. ആര് കേൾക്കാൻ? ബോട്ട് വിട്ടു കഴിഞ്ഞു.

ഉപദേശി പൊട്ടിക്കരഞ്ഞു. ഇനി നാളെ ഈ സമയത്തേ ബോട്ടുള്ളൂ. അതു മാത്രമല്ല നാളെ ബോട്ടിൽ കയറാൻ പൈസ ഇല്ല. ഉള്ള പൈസ കൊണ്ട് ടിക്കറ്റ് എടുത്തു കഴിഞ്ഞു. പാവം അദ്ദേഹം കരഞ്ഞുകൊണ്ട് അവിടെ തളർന്ന് താടിയ്ക്കു കൈയ്യും കൊടുത്ത് ഇരുന്നു. എവിടെ കഴിയും ഇന്ന് രാത്രി. സാരമില്ല, ഈ പീടികത്തിണ്ണയിൽ എവിടെ എങ്കിലും കിടക്കാം, പക്ഷെ നാളെ ടിക്കറ്റ് എടുക്കാൻ പൈസയോ?

കുറെക്കഴിഞ്ഞപ്പോൾ പെട്ടെന്നാ നാട്ടിലാകെ ഒരു വാർത്ത പരന്നു. പല്ലന എന്ന സ്ഥലത്ത് ബോട്ട് എത്തിയപ്പോൾ പെട്ടെന്ന് ആ ബോട്ട് മറിഞ്ഞു. ബോട്ട് മുങ്ങി, ബോട്ടിന്റെ ഉള്ളിൽ ഉണ്ടായിരുന്ന എല്ലാവരും മുങ്ങിമരിച്ചു. മഹാകവി കുമാരനാശാനും മരിച്ചു. “റെഡീമർ” എന്ന ബോട്ടിന്റെ അപകടം.!

ദൈവദാസസൻ പിന്നെയും ജിവിച്ചിരിക്കാൻ ദൈവം കരുതിയതു കൊണ്ട് ആ കുട മറന്നു പോയത്, നന്നായി. കുട എടുക്കാൻ ഇറങ്ങി ഓടിപ്പോയത് നന്നായി. കുട എടുക്കാൻ ഇറങ്ങി ഓടിപ്പോയില്ലായിരുന്നെങ്കിൽ തീർച്ചയായും ആ ബോട്ട പകടത്തിൽ പാവം മാമ്മൻ ഉപദേശിയും മരിച്ചേനെ. കുറെ

ക്കാലം കൂടി ആ ദൈവദാസന്റെ വേല ആവശ്യമാണെന്ന് സ്വർഗ്ഗത്തിലെ ദൈവം കരുണയോടെ കണ്ടതു കൊണ്ട് ആയുസ്സ് നീട്ടിക്കൊടുത്തു. അവിടെ ഒരു മറവി വന്നതു കൊണ്ട് ദൈവം അനുഗ്രഹിച്ചു.

ലോകം മുഴുവനും ഞെട്ടിപ്പോയ ഒരു സംഭവമായിരുന്നല്ലോ അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ കത്തിച്ചാമ്പലായത്. അന്ന് ഒരു വീട്ടിൽ ഭാര്യയും ഭർത്താവും തമ്മിൽ അല്പം ഇഷ്ടക്കുറവ് ഉണ്ടായി. കേരളീയരാണ്.

ബ്രേക്ക്ഫാസ്റ്റ് കഴിച്ചിട്ട് വേണം ജോലിക്ക് പോകാൻ. എന്നും കൃത്യസമയത്ത് രാവിലത്തെ ആഹാരം ശരിയാക്കാറുള്ളതാണ്. അന്ന് എന്തുകൊണ്ടോ ആഹാരം തയ്യാറാക്കാൻ വൈകി.

ഭർത്താവു ഭക്ഷണം കഴിക്കാൻ വന്നിരുന്നിട്ട് കുറച്ച് സമയം കഴിഞ്ഞിട്ടേ ആഹാരം കിട്ടിയുള്ളൂ. അല്പം ഇഷ്ടക്കുറവ് ഉണ്ടായി ഭർത്താവിന്. “എന്നാലും ഇത്രയും നേരമായിട്ട് ആഹാരം സമയത്ത് തയ്യാറാക്കാൻ പറ്റിയില്ലല്ലോ,” “ക്ഷമിക്കണേ; മേലിൽ ഞാൻ സമയത്തു തന്നെ ആഹാരം തയ്യാറാക്കിക്കൊള്ളാം.”

അദ്ദേഹം ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ തോന്നി. ഇന്ന് പോകണ്ട. കാരണം ഇന്ന് വെകി ചെല്ലുന്നതിനേക്കാൾ നല്ലത് ഇന്ന് പോകാതിരിക്കുകയാണ്. ലീവ് എടുക്കാം. എഴുതികൊടുത്തില്ല, വിളിച്ചു പറഞ്ഞില്ല. കാരണം പിറ്റേദിവസം ചെല്ലുമ്പോൾ ലീവ് അപ്ലൈ ചെയ്താൽ മതിയല്ലോ.

കുറച്ച് കഴിഞ്ഞപ്പോഴാണ് അറിയുന്നത് ജോലി ചെയ്യുന്ന വേൾഡ് ട്രേഡ് സെന്റർ തകർത്തിരിക്കുന്നു. അന്ന് ബ്രേക്ക്ഫാസ്റ്റ് വൈകിയത് നന്നായി. അന്ന് ആഹാരം ഉണ്ടാ

ക്കാൻ വൈകിയത് നന്നായി, ലിവ് എടുക്കാൻ തോന്നിയത് നന്നായി.

ഒന്നും യാദൃച്ഛികം അല്ല, ദൈവപൈതലേ, നിന്റെ കുടുംബജീവിതത്തിൽ ഇന്നുള്ള അലോഹ്യങ്ങൾ ഉണ്ടല്ലോ യാദൃച്ഛികം അല്ല. മകളെ, നീ ഇന്ന് അനുഭവിക്കുന്ന വേദനകൾ യാദൃച്ഛികം അല്ല. സ്നേഹിതാ, നീ ഇന്ന് അനുഭവിക്കുന്ന പ്രയാസങ്ങൾ ഒന്നും യാദൃച്ഛികം അല്ല. മകനെ, നിന്റെ പരീക്ഷയിലെ തോൽവി ഓർത്ത് നീ ഭാരപ്പെടേണ്ട, മകളെ, നിനക്ക് ആലോചിച്ച് ഉറപ്പിച്ച  വിവാഹം പെട്ടെന്ന് മാറിപ്പോയതിനെ ഓർത്ത് നീ നിരാശപ്പെടേണ്ട.

ഇതാ ജോലി കിട്ടി, കിട്ടി എന്ന് പറഞ്ഞതാണ് ആ ജോലി. തെറിച്ച് മാറി, കിട്ടിയില്ല. അവസാന നിമിഷത്തിലാണ് നഷ്ടപ്പെട്ടത്. നിരാശപ്പെടേണ്ട, കാരണം എല്ലാം നന്മയ്ക്ക്. ദൈവം നമ്മോട് ചെയ്തതെന്ത് എന്ന് നിങ്ങളാരും ചിന്തിക്കരുത്;

സഹോദരങ്ങളേ, നിങ്ങളുടെ ജീവിതത്തിൽ അനുഭവിച്ച കെടുതികൾ പിശാചാണ് വരുത്തിയത്. ദൈവം അനുവദിച്ചതുകൊണ്ടാണ് അവ സംഭവിച്ചത്. അവയിൽ കൂടി ഇനിയും നിന്നെ ശുദ്ധീകരിച്ച് തേജസ്ക്കരിച്ച് തനി തങ്കമാക്കി മാറ്റാൻ സ്വർഗ്ഗത്തിലെ ദൈവത്തിന് കഴിയും.

ഇത് വെറും വ്യാമോഹിപ്പിക്കുന്ന വാക്കുകൾ അല്ല, നിങ്ങളെ വെറുതെ സാന്ത്വനപ്പെടുത്തുന്ന വാക്കുകൾ അല്ല. നിങ്ങളുടെ ഓമന പൈതൽ നഷ്ടപ്പെട്ടത്, പ്രിയ ഭാര്യ നിന്നെ വിട്ടുപോയത്, ഭർത്താവ് നേരത്തെ അക്കരയ്ക്ക് പറന്ന് പോയത്, നിന്റെ പ്രിയപ്പെട്ട അമ്മ നേരത്തേ മരിച്ചത് എല്ലാം താങ്ങാനാവാത്ത കാര്യങ്ങൾ തന്നെ.

ഇവ എല്ലാറ്റിൽ കൂടെയും സ്വർഗ്ഗത്തിലെ ദൈവത്തിന് നിന്റെ ജീവിതത്തിൽ ചിലത് പ്രവർത്തിക്കാൻ കഴിയും. നിന്നെ ഗോത്രത്തലവനാക്കാൻ സ്വർഗ്ഗത്തിലെ ദൈവം വഴി ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

ഇന്ന് ബിസിനസിൽ നേരിടുന്ന പ്രശ്നങ്ങൾ, ഇന്ന് കുടുംബ ജീവിതത്തിൽ നേരിടുന്നതായ അലോസരങ്ങൾ ,അഭി പ്രായവ്യത്യാസങ്ങൾ, ഇന്ന് ഓഫീസിൽ നേരിടുന്നതായ പ്രശ്നങ്ങൾ, നിന്റെ പാടത്ത്, അല്ലെങ്കിൽ നിന്റെ വയലിൽ, അല്ലെങ്കിൽ നിന്റെ പറമ്പിൽ നീ നേരിടുന്നതായ പ്രശ്നങ്ങൾ ഇവയെല്ലാമോർത്ത് നീ ഭാരപ്പെടേണ്ട. എല്ലാം നന്മയ്ക്കാക്കി മാറ്റാൻ ദൈവത്തിന്  കഴിയും.

> "അവർ കാനാൻ ദേശത്ത് തങ്ങളുടെ അപ്പനായ യാക്കോബിന്റെ അടുക്കൽ എത്തിയാറെ തങ്ങൾക്ക് സംഭവിച്ചത് ഒക്കെയും അവനോട് അറിയിച്ചു പറഞ്ഞത്: ദേശത്തിലെ അധിപതി യായവൻ ഞങ്ങൾ ദേശത്തെ ഒറ്റുനോ ക്കുന്നവർ എന്ന് വിചാരിച്ച് ഞങ്ങളോട് കഠിന മായി സംസാരിച്ചു."
>
> ഉല്പത്തി 42.29–30

പത്തു മക്കളും കനാനിൽ അപ്പനായ യാക്കോബിന്റെ അടു ക്കൽ മടങ്ങിയെത്തി. ആ ദേശത്തിലെ അധിപതി ഞങ്ങളോട് കഠിനമായി സംസാരിച്ചു, എന്നു പറഞ്ഞു:

യോസേഫിന്റെ മുമ്പിലാണ് തങ്ങൾചെന്ന് നിന്നത് എന്ന് അവർക്ക് തെല്ലും മനസ്സിലായിട്ടില്ല. അവർ പറയുന്നത് ദേശ ത്തിലെ അധിപതി എന്നാണ്. ദേശത്തിലെ അധിപതിയായ വൻ ഞങ്ങളോട് കഠിനമായി സംസാരിച്ചു.

യോസേഫ് കർത്താവായ യേശുവിന്റെ നിഴലാണ്. കർത്താവായ യേശുവിന്റെ പ്രതീകമാണ്. യേശു കഠിനമായി സംസാരിക്കുന്നു എന്ന് തോന്നരുത്. യേശുവിന്റെ dealings എല്ലാം മധുരതരം തന്നെയാണ്. കഠിനം എന്ന് നിനക്ക് തോന്നുന്നതാണ്.

മകളെ, നിന്നെ ഒന്ന് മിനുക്കി എടുക്കാൻ നിന്റെ കഴിഞ്ഞ കാല പാപത്തിന്റെ കറകളെല്ലാം നിന്നിൽ നിന്നു മാറ്റി, നിന്നെ ഒന്ന് ശുദ്ധീകരിച്ച് എടുക്കാൻ സ്നേഹവാനായ യേശു ഇന്ന് പ്രവർത്തിക്കുകയാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിന്റെ ജീവിതത്തിലെ ദുരിതങ്ങളിൽ കൂടി നിന്നോട് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ദൈവാത്മാവു നിന്നെ വിശുദ്ധീകരിച്ച് എടുക്കുവാൻ അദ്ധ്വാനിക്കുകയാണ്.

എതിർപ്പുകളിൽ കൂടെ മറ്റുള്ളവരുടെ ആക്ഷേപങ്ങളിൽ കൂടെ, മറ്റുള്ളവരിൽ നിന്ന് വരുന്ന അപമാനങ്ങളിൽ കൂടെ, മറ്റുള്ളവരിൽ നിന്ന് വരുന്ന മിഥ്യയായ അപവാദശരങ്ങളിൽ കൂടെ കഴുകൽ പ്രാപിക്കാൻ നമുക്ക് കർത്താവ് അവസരം തരികയാണ്.

നിങ്ങൾക്ക് അപവാദ ശരങ്ങൾ നേരിടുന്നുണ്ടോ? നിങ്ങൾക്ക് ആക്ഷേപങ്ങൾ നേരിടുന്നുണ്ടോ? ആരെങ്കിലും നിങ്ങളെ ചെളിവാരി എറിയുന്നുണ്ടോ? നിങ്ങളുടെ വീട്ടിൽതന്നെ നിങ്ങൾക്ക് എതിരുണ്ടാകുന്നുണ്ടോ? നിങ്ങളുടെ പ്രിയ മക്കൾ നിങ്ങളെ ഒറ്റപ്പെടുത്തുന്നുണ്ടോ? നിന്റെ പ്രിയ ഭർത്താവ് ഒരു വീട്ടുതടങ്കലിൽ എന്നപോലെ നിന്നെ ഇട്ടിരിക്കുകയാണോ?

ഭർത്താവിന് ദുശ്ശീലങ്ങൾ ഒന്നുമില്ല, മദ്യപാനം ഇല്ല പക്ഷേ എന്തോ ചില സംശയങ്ങൾ ഭാര്യയെ പറ്റി . സംശയരോഗ

ത്തിൽ കുടുങ്ങിക്കിടക്കുന്നവർ.

ഏതെല്ലാം തരത്തിലാണ് പിശാച് മനുഷ്യനെ കുരുക്കിയിട്ടിരിക്കുന്നത്!എല്ലാം നമ്മയ്ക്ക് തന്നെ എന്ന് കാണുമെങ്കിൽ ശുദ്ധീകരണം പ്രാപിക്കും. ഈ സാഹചര്യം ലഭിച്ചതിനു വേണ്ടി ദൈവത്തെ സ്തുതിക്കുക.

ധനവാന്റേയും ലാസറിന്റേയും സംഭവം കർത്താവ് പറഞ്ഞത് ശ്രദ്ധിക്കൂ. (ലൂക്കോസ് 16:19–31) എന്തായിരുന്നു ആ ധനവാനു പറ്റിയത്? അവൻ എന്തുകൊണ്ടാണ് യാതനാസ്ഥലത്തേക്ക് പോയത്? ലാസറിനെ എന്തുകൊണ്ടാണ് ദൈവദൂതന്മാർ വന്ന് അബ്രഹാം പിതാവിന്റെ മടിയിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയത്?

ലാസറിന് ആഹാരത്തിന് മാർഗ്ഗമില്ല. ധനവാന്റെ മേശയിൽ നിന്ന് എച്ചിൽക്കഷണങ്ങൾ തൂത്തെറിഞ്ഞ് കളയുന്നത് പെറുക്കി തിന്നുവാനേ അവന് സാധിക്കുകയുള്ളൂ. നായ്ക്കളും തിന്നുവാൻ വരും. നായ്ക്കളുമായി മല്ലിട്ടാണ് അവൻ ഓരോ കഷണങ്ങൾ പിടിച്ചെടുത്ത് തിന്നുന്നത്.

ഈ ദുരിതത്തിലും അവന് ദൈവത്തോട് പരാതി ഇല്ല. ഞാൻ എന്താണ് കർത്താവെ ഇങ്ങിനെ ഒരു ദരിദ്രനായി പോയത് എന്ന് ചോദ്യം ഇല്ല. സ്വർഗ്ഗത്തിലെ ദൈവമെ, എനിക്ക് എന്താണ് ഇങ്ങിനെ എച്ചിൽക്കഷണങ്ങൾ തിന്നേണ്ടിവന്നത് എന്ന് അവന് പരിഭവമില്ല.

ആ സംഭവം അവസാനിക്കുന്നിടത്ത് നമുക്ക് കാണാം ലാസറിനു മാനസാന്തരം ഉണ്ടായിരുന്നു. ധനവാന് മാനസാന്തരം ഉണ്ടായിരുന്നില്ല എന്ന്.

ആ ധനവാൻ നല്ലൊരു മനുഷ്യൻ തന്നെയായിരുന്നു. ധന

വാൻ അവന്റെ പടിപുരയ്ക്കൽ ഇങ്ങിനെ ഒരു ദരിദ്രൻ കിടന്നിട്ട് ആട്ടിക്കളഞ്ഞില്ല. പടിപ്പുരയ്ക്കൽ ഉണ്ട് ഒരു ദരിദ്രൻ കിടക്കുന്നു! അതും വ്രണം നിറഞ്ഞവൻ! വ്രണം നായ്ക്കൾ നക്കുന്നവൻ, വ്രണം നായ്ക്കൾ നക്കുന്നെങ്കിൽ തീർച്ചയായും ദുർഗന്ധം കാണും. സ്വന്തം വീടിന്റെ ഗേറ്റിൽ ഒരു ദുർഗന്ധമുള്ള, വ്രണമുള്ള ഒരു പാവപ്പെട്ട ഭിക്ഷക്കാരൻ കിടക്കുന്നത് കണ്ടിട്ട് ആവനെ ആട്ടിപ്പായിച്ച് കളഞ്ഞില്ല.

ധനവാൻ വളരെ നല്ല മനുഷ്യനാണ്. പക്ഷെ അവന് മാനസാന്തരം ഉണ്ടായിരുന്നില്ല. അതാണ് അവന്റെ കുഴപ്പം. എന്താണ് ഈ മാനസാന്തരം? നിങ്ങൾക്ക് മാനസാന്തരം ഉണ്ടോ? നിങ്ങളുടെ സ്വഭാവം മാറിയോ? ക്രിസ്തു നിങ്ങളുടെ ഉള്ളിൽ വന്നോ? ക്രിസ്തുവിനെ സ്വയം കർത്താവും രക്ഷാതാവുമായി നിങ്ങൾ സ്വീകരിച്ചുവോ?

ക്രിസ്തു എന്തിനാണ് ക്രൂശിൽ മരിച്ചത്? തന്നെത്തന്നെ നമുക്ക് തരാനാണ്. നമ്മുടെ ഹൃദയത്തിലേക്ക് ഇറങ്ങിവരാനാണ് ക്രിസ്തു ക്രൂശിൽ മരിച്ചത്. നിങ്ങൾ വിശ്വസിക്കൂ. നിങ്ങളുടെ ഹൃദയത്തിലേക്ക് ഇറങ്ങിവരാൻ. നിങ്ങളുടെ ഹൃദയത്തിൽ തല ചായ്പ്പാൻ, അതിന് വേണ്ടി ക്രിസ്തു ക്രൂശിൽ തല ചായിച്ചു.

മകനെ, നിന്റെ ജീവിതത്തിലെ പാപക്കറകൾ എല്ലാം മാറ്റി നിന്റെ ജീവിത്തിലെ കൂരിരുട്ട് എല്ലാം അകറ്റി, നിന്റെ ജീവിത്തിലെ സകല തിന്മകളെയും ദുരീകരിച്ച് നിന്നിൽ പ്രകാശം തൂകിത്തരാൻ, കർത്താവായ യേശു ക്രൂശിൽ ഇരുകരവും വിരിച്ചു. വിശ്വസിക്കൂ. തന്നെത്തന്നെ നിനക്കുവേണ്ടി ക്രിസ്തു ക്രൂശിൽ തന്നു. ആ യേശുവിനെ നീ കൈക്കൊള്ളുക, അതാണ് മാനസാന്തരം.

ആതൻസിലെ ബുദ്ധിജീവികളോട് അപ്പോസ്തലനായ പൗലോസ് പ്രസംഗിക്കുന്ന ഒരു പ്രസംഗം ഉണ്ട്. അതിൽ അപ്പോസ്തലൻ പറയുകയാണ്.

> "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം മനുഷ്യരോട് കല്പിക്കുന്നു."
>
> അപ്പൊ പ്രവ 17:30.

അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കുകയില്ല. നിന്റെ ജീവിതത്തിൽ ഏതെല്ലാം തിന്മകൾ വന്നു. കർത്താവ് എല്ലാം ക്ഷമിച്ചു തരും. മകനെ, നിന്റെ ജീവിതത്തിൽ നിന്റെ അപ്പനോട് മറുതലിക്കുകയോ ധിക്കരിക്കുകയോ വഴക്കടിക്കുകയോ ചെയ്തോ? യേശുതമ്പുരാൻ ക്ഷമിച്ചു തരും. മകളെ, നീ നിന്റെ ഭർത്താവിനെ അനുസരിക്കാതെ നിനക്ക് തോന്നിയതു പോലെ ജീവിച്ചുവോ? യേശുക്രിസ്തു ക്ഷമിച്ചു തരും. യൗവ്വനക്കാരാ, നിന്റെ ജീവിതത്തിൽ നീ വൃത്തികേടുകളിലൂടെ നടന്ന് നിന്റെ ആയുസ്സും നിന്റെ ആരോഗ്യവും നിന്റെ സൗന്ദര്യവും പാപത്തിന് വേണ്ടി നീ നശിപ്പിച്ചു കളഞ്ഞോ? സ്വർഗ്ഗത്തിലെ ദൈവം ക്ഷമിച്ചു തരും.

നീ വിശ്വസിക്കൂ. അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കുകയില്ല. എന്നാൽ കർത്താവ് ഇപ്പോൾ ഒന്നു മാത്രം പറയുന്നു. ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടുവാൻ ദൈവം മനുഷ്യനോട് കല്പിക്കുന്നു.

ഇന്ന് ഇപ്പോൾ നീ ഇതുവായിച്ചു കൊണ്ടിരിക്കുന്നിടത്ത് നിന്റെ ഹൃദയത്തിലേക്ക് ഇന്നുവരെ നീ അനുഭവിച്ചിട്ടില്ലാത്ത സ്നേഹം പകർന്നുതരാൻ യേശുവിന് കഴിയും എന്ന് നീ വിശ്വ

സിക്കൂ. ഇതുവരെയും നിനക്ക് ലഭിച്ചിട്ടില്ലാത്ത വലിയൊരു സ്നേഹം നിന്റെ ഹൃദയത്തിൽ പകർന്നു തരാൻ, കർത്താവായ യേശുവിന് മനസ്സാണ് എന്ന് നീ വിശ്വസിക്കൂ. സ്നേഹിതാ, നിന്റെ ജീവിതം ശോഭനമാക്കാൻ ഈ യേശുവിന് കഴിയും. നല്ല നാളെ തരുവാൻ യേശുവിന് കഴിയും.

ധനവാന് മാനസാന്തരം ഉണ്ടായിരുന്നില്ല. എന്നാൽ ലാസറിനോ മാനസാന്തരം ഉണ്ടായിരുന്നു. ലാസറിന് പരിഭവം ഇല്ലായിരുന്നു.

യോസേഫിന് പരിഭവമില്ല, ദൈവം എന്താണ് എന്നെ രക്ഷിക്കാത്തത് എന്ന് ചോദ്യമില്ല. യോസേഫിനെ യിശ്മായേല്യ കച്ചവടക്കാർ അടിമയായി കൊണ്ടുപോയല്ലോ, യോസേഫിന് പരിഭവമില്ല. യോസേഫ് പൊത്തിഫറിന്റെ ഭവനത്തിൽ ചെന്നല്ലോ, യോസേഫിന് പരാതിയില്ല.

എനിക്ക് എന്താണ് ഇങ്ങിനെ വന്നത്? അടിക്കടി ദുരിതം ദൈവമെ, നീ എന്താണ് ഇത് അനുവദിക്കുന്നത്? ഞാൻ നിന്റെ ഭക്തനല്ലേ? എനിക്ക് എന്താണ് ഇങ്ങിനെ വന്നത്? ചോദ്യമില്ല. യോസേഫ് കാരാഗൃഹത്തിൽ പതിമൂന്ന് കൊല്ലം കിടന്നു. എനിക്കെന്താണ് ഇങ്ങിനെ വന്നത് ചോദ്യമില്ല.

പ്രിയപ്പെട്ടവരെ, എല്ലാം എല്ലാം നന്മയ്ക്കാക്കി മാറ്റി യോസേഫിനെ ഉയർന്ന സ്ഥാനത്ത് ആക്കി അവനെ നിയമിക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം പടിപടിയായി ഉദ്ധരിച്ച് ഉയർത്തിക്കൊണ്ടുവരികയാണ്.

ഞാൻ ചെറുപ്പത്തിൽ ദൈവത്തോട് ചോദിച്ചിട്ടുണ്ട്. എന്നെ എന്തിനാണ് കർത്താവെ അനാഥനാക്കിയത്. ഞാൻ ബാല്ല്യപ്രായത്തിൽ ദൈവത്തോട് ചോദിച്ചിട്ടുണ്ട്. കർത്താവെ, ഞാൻ

അപ്പനില്ലാതെ വളരാൻ ഇടയായത് എന്താണ്?

എനിക്ക് ഒരു വയസ്സിൽ അപ്പൻ മരിച്ചു. എന്റെ രണ്ട് വയസ്സിൽ ചേട്ടൻ മരിച്ചു. എനിക്ക് എന്താണ് ഇങ്ങിനെ വന്നത്? ഞാൻ ദൈവത്തോട് ചോദിച്ചിട്ടുണ്ട്. ഞാൻ നിരാശപ്പെട്ടിട്ടുണ്ട്. ഞാൻ എന്തിനാണ് ജീവിക്കുന്നത് എന്ന് ചോദിച്ചിട്ടുണ്ട്. പക്ഷെ സ്വർഗ്ഗത്തിലെ ദൈവം കരുണയോടെ എന്നെ കാത്തു. സ്വർഗ്ഗത്തിലെ ദൈവം എന്നെ ഒന്ന് മാറ്റി മറിക്കാൻ ഉത്സാഹിച്ചു. എനിക്ക് അവൻ പതിനേഴാമത്തെ വയസ്സിൽ മാനസാന്തരം തന്നു.

നിങ്ങൾക്കും മാനസാന്തരം തരാൻ യേശുവിന് കഴിയും. എല്ലാം നന്മയ്ക്കാക്കാൻ യേശുവിന് കഴിയും. സ്നേഹിതാ, നിന്നെ ശുദ്ധീകരിച്ച് തനി തങ്കമാക്കി മാറ്റാൻ നസ്രായനായ യേശുവിന് കഴിയും. മകളെ നിന്നെ രൂപാന്തരപ്പെടുത്തി സ്വർഗ്ഗത്തിന് കൊള്ളാകുന്നവളാക്കാൻ യേശുവിന് കഴിയും.

അവനെ നീ ഒന്ന് കാണുക. അവനോട് നീ അപേക്ഷിക്കുക. അവന്റെ കരങ്ങളിലേക്ക് നിന്നെ ഏൽപ്പിക്കുക. ആണിപ്പാടുള്ള കരങ്ങളിലേക്ക് നിന്നെ ഏൽപ്പിച്ച് കൊണ്ട് അവനോട് വാക്ക് പറയുക

യേശുവെ എല്ലാം നന്മയ്ക്ക്. ഇന്നു മുതൽ ഞാൻ നിന്റെ വക. നിന്നെ സ്നേഹിച്ച് ഒരു പുതിയ ജീവിതം ഞാൻ നയിക്കും.

## ഏഴ്

"യോസേഫ് കല്പിച്ചതുപോലെ അവൻ ചെയ്തു: അവരെ യോസേഫിന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി. തങ്ങളെ യോസേഫിന്റെ വീട്ടിൽ കൊണ്ടുപോകയാൽ അവർ ഭയപ്പെട്ടു. ആദ്യത്തെ പ്രാവശ്യം നമ്മുടെ ചാക്കിൽ മടങ്ങിവന്ന ദ്രവ്യം നിമിത്തം നമ്മെ പിടിച്ച് അടിമകളാക്കി നമ്മുടെ കഴുതകളെയും എടുത്തുകൊള്ളേണ്ടതിനാകുന്നു നമ്മെ കൊണ്ടുവന്നിരിക്കുന്നത് എന്ന് പറഞ്ഞു."

ഉല്പത്തി 43:17

തങ്ങളെ യോസേഫിന്റെ വീട്ടിൽ കൊണ്ടുപോകയാൽ അവർ ഭയപ്പെട്ടു. ആദ്യത്തെ പ്രാവശ്യം നമ്മുടെ ചാക്കിൽ മടങ്ങിവന്ന ദ്രവ്യം നിമിത്തം നമ്മെ പിടിച്ച് അടിമകളാക്കി നമ്മുടെ കഴുതകളേയും എടുത്തു കൊള്ളേണ്ടതിനാകുന്നു നമ്മെ കൊണ്ടുവന്നിരിക്കുന്നത് എന്നു യോസേഫിന്റെ സഹോദരന്മാർ പരസ്പരം പറഞ്ഞു.

യോസേഫ് മിസ്രയിമിന്റെ അധിപതിയാണ്. ഫറവോ രാജാവ് കഴിഞ്ഞാൽ ഏറ്റവും ഉയർന്ന പദവിയിലും പ്രൗഢിയിലുമാണ് യോസേഫ് കഴിയുന്നത്. യോസേഫ് ഈജിപ്റ്റിലെ ഭണ്ഡാരപ്പുരയുടെ വിചാരിപ്പുകാരനാണ്. ഉടമസ്ഥനാണ്. യോസേഫ് തന്റെ അടുക്കൽ വരുന്നവർക്ക് ധാന്യം നൽകുന്നവനാണ്. ക്ഷാമം ദേശത്ത് എമ്പാടും പരന്നിരിക്കുകയാണ്.

വർഷങ്ങൾ, വർഷങ്ങൾക്ക് മുമ്പ് നമ്മുടെ സഹോദരനായ യോസേഫിനോട് നാം ചെയ്ത ദ്രോഹം ഇപ്പോൾ തിരിച്ചടിക്കുകയാണ്. വർഷങ്ങൾക്ക് മുമ്പ് വന്ന പാതകം നമ്മെ വേട്ടയാടുകയാണ്. ആ പാപത്തിന്റെ ഭീകരമായ ദുഷ്ഫലങ്ങൾ, നാം അനുഭവിക്കുകയാണ് എന്ന് അവർ പരസ്പരം പറഞ്ഞു. യോസേഫിന് അത് കേൾക്കുമ്പോൾ ആശ്വാസമുണ്ട്. കാരണം യോസേഫ് ആഗ്രഹിച്ചത് സംഭവിച്ച് തുടങ്ങി. കുറ്റബോധം വന്നു തുടങ്ങി.

യോസേഫിന്റെ സഹോദരന്മാർ ധാന്യവുമായി വീട്ടിൽ ചെന്നു. വൃദ്ധനായ അപ്പനായ യാക്കോബിന്റെ മുന്നിൽ കാര്യങ്ങൾ എല്ലാം പറഞ്ഞു. അവർ പറഞ്ഞു. ഞങ്ങളുടെ ചാക്കിന്റെ വായ്ക്കൽ ഞങ്ങളുടെ ദ്രവ്യം തിരികെ കിട്ടിയിരിക്കുകയാണ്. എന്താണ് ഇങ്ങനെ സംഭവിച്ചത്? വലിയ നഷ്ടം സംഭവിച്ചിരിക്കുകയാണ്, ഇനി അങ്ങോട്ട് ചെല്ലാൻ പാടില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഇനി അങ്ങോട്ട് ചെല്ലാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ഇനി ധാന്യം തീരുമ്പോൾ എന്തു വേണ്ടു എന്ന് ഞങ്ങൾ അറിയുന്നില്ല. ക്ഷാമബാധയാൽ മരിക്കുക തന്നെ.

യാക്കോബ് സംഭ്രമിച്ച് പോയി വിഷമിച്ച് പോയി. പക്ഷെ ഒരു വാക്കു കൂടി കേട്ടപ്പോൾ യാക്കോബ് ആകെ തളർന്നു. ദേശത്തിന്റെ അധിപതിയായവൻ ഞങ്ങളോട് കല്പ്പിച്ചിരിക്കുന്നത് നിങ്ങളുടെ ഇളയ സഹോദരനായ ബെന്യാമിനെ കൂടി കൊണ്ടു വരണം . അവനെ കൊണ്ടു വരുന്നില്ലെങ്കിൽ, നിങ്ങൾ എന്റെ മുഖം കാണുകയില്ല എന്ന് ദേശത്തിന്റെ അധിപതിയായവൻ ഞങ്ങളോട് ആജ്ഞാപിച്ചിരിക്കുന്നു എന്ന്.

യാക്കോബ് പറഞ്ഞു: ഇല്ല എന്റെ മകൻ യോസേഫ് മരിച്ചുപോയി. അവനെ ഏതോ ദുഷ്ടമൃഗം കടിച്ച് കീറിപ്പോയി. ഇളയവൻ ബെന്യാമിനെ ഞാൻ പറഞ്ഞയക്കുകയില്ല. ശിമയോൻ അവിടെ ബന്ധിതനാണ്. എന്റെ മക്കൾ ഓരോരുത്തരായി നഷ്ടപ്പെട്ടു പോകുന്നു. എനിക്കിത് വഹിക്കാൻ വയ്യ.

യാക്കോബ് പറഞ്ഞു, "നിങ്ങൾ എന്നെ മക്കൾ ഇല്ലാത്തവനാക്കുന്നു. യോസേഫ് ഇല്ല, ശിമയോൻ ഇല്ല, ബെന്യാമിനെയും നിങ്ങൾ കൊണ്ടുപോകും. സകലവും എനിക്ക് പ്രതികൂലം തന്നെ, ഞാൻ കടന്നു പോകുമ്പോൾ ദുഃഖത്തോടെ പോകേണ്ടിവരുമല്ലോ."

യാക്കോബ് വിഷാദിച്ച് വിവശനായി കഴിഞ്ഞു. ദിവസങ്ങൾ നീങ്ങി ധാന്യം മുഴുവൻ തീർന്നു, പട്ടിണിയായി.

യാക്കോബ് മക്കളോട് പറയുകയാണ്. ക്ഷാമം കൂടിക്കൂടി വരുന്നല്ലോ, ആഹാരം തീർന്നു തീർന്നു വരുന്നല്ലോ, എന്താണ് പോംവഴി?

"എന്നാൽ ക്ഷാമം ദേശത്ത് കഠിനമായിതീർന്നു.
അവർ മിസ്രയീമിൽ നിന്നു കൊണ്ടുവന്ന

> ധാന്യം തിന്നു തീർന്നപ്പോൾ അവരുടെ അപ്പൻ അവരോട്: നിങ്ങൾ ഇനിയും പോയി കുറെ ആഹാരം കൊള്ളുവിൻ എന്ന് പറഞ്ഞു. അതിന് യഹൂദാ അവനോട് പറഞ്ഞതു: നിങ്ങളുടെ സഹോദരൻ നിങ്ങളോട് കൂടെ ഇല്ലാതിരുന്നാൽ നിങ്ങൾ എന്റെ മുഖം കാണുകയില്ല എന്ന് അദ്ദേഹം തീർച്ചയായി ഞങ്ങളോട് പറഞ്ഞിരിക്കുന്നു. നീ ഞങ്ങളുടെ സഹോദരനെ ഞങ്ങളോടു കൂടെ അയച്ചാൽ ഞങ്ങൾ ചെന്ന് ആഹാരം വാങ്ങിക്കൊണ്ടുവരാം. അയയ്ക്കാഞ്ഞാലോ ഞങ്ങൾ പോകയില്ല. നിങ്ങളുടെ സഹോദരൻ നിങ്ങളോട് കൂടെ ഇല്ല എങ്കിൽ നിങ്ങൾ എന്റെ മുഖം കാണുകയില്ല എന്ന് അദ്ദഹം ഞങ്ങളോട് പറഞ്ഞിരിക്കുന്നു."
>
> ഉല്പത്തി 43:1–5

നിങ്ങളുടെ സഹോദരൻ നിങ്ങളോട് കൂടെ ഇല്ലെങ്കിൽ നിങ്ങൾ എന്റെ മുഖം കാണുകയില്ല എന്ന് ആ ദേശത്തിന്റെ അധിപതിയായവൻ ഞങ്ങളോട് കല്പിച്ചിരിക്കുകയാണ്. ബെന്യാമിനെ ഞങ്ങളുടെ കൂടെ അയക്കാമെങ്കിൽ ഞങ്ങൾ പോയി ധാന്യം വാങ്ങിക്കൊണ്ടുവരാം എന്ന് മക്കൾ പറഞ്ഞു.

അങ്ങനെ പറഞ്ഞപ്പോൾ യോസേഫ് മർമ്മത്തിൽ തൊടുകയാണ്. അവർക്ക് ആഗാധമായ കുറ്റബോധം കിട്ടുന്നതിന്, അവരുടെ പാപത്തെ വ്യക്തമായി ഓർമ്മ ലഭിക്കുന്നതിന്, ഉതകുന്ന ഒരു സൂചന കൊടുക്കുകയാണ്.

സഹോദരനെ കൂടാതെ വീട്ടിലേക്ക് പോയവരാണ് അവർ. യോസേഫിനെ വിറ്റുകളഞ്ഞിട്ട് വീട്ടിലേക്ക് വളരെ സന്തോഷത്തോടെ പോയവരാണ്. ഇപ്പോൾ, നിങ്ങളുടെ സഹോദരൻ നിങ്ങളോട് കൂടെ ഇല്ലെങ്കിൽ നിങ്ങൾ എന്റെ മുഖം കാണുകയില്ല എന്നുള്ള വാക്ക് കേൾക്കുമ്പോൾ, വർഷങ്ങൾക്കു മുമ്പ് സഹോദരനെ നഷ്ടപ്പെടുത്തിയിട്ട് പോയതെല്ലാം അവർക്ക് ഓർമ്മ വരണം.

ദൈവത്തിന്റെ അനുഗ്രഹം നമുക്ക് ലഭിക്കണമെങ്കിൽ, നമുക്ക് കുറ്റബോധം വരണം, നമുക്ക് അനുതാപം വരണം.

നിങ്ങൾ ചിന്തിക്കൂ: നിങ്ങൾക്ക് അനുതപിക്കാൻ എന്തെങ്കിലും വിഷയങ്ങൾ ഉണ്ടോ, നിങ്ങൾ മൂലം ആരെല്ലാം വേദനിച്ചു എന്ന്, നിങ്ങൾ മൂലം ആർക്കെല്ലാം നഷ്ടം വന്നു എന്ന്, നിങ്ങൾ മൂലം നിങ്ങളുടെ കുടുംബത്തിൽ തന്നെ പ്രതിസന്ധികൾ ഉണ്ടായ കാര്യങ്ങൾ, നിങ്ങളുടെ വീട്ടിൽ തന്നെ നാശവും, നഷ്ടവും, കഷ്ടവും വന്ന കാര്യങ്ങൾ, നിങ്ങളുടെ ജീവിതം മൂലം ചിലർ വിതുമ്പി കരയാൻ ഇടയായ കാര്യങ്ങൾ, ചിലർക്ക് നിങ്ങൾ മൂലം ദോഷം വന്നത്, എല്ലാം ചിന്തിച്ച് അനുതപിക്കൂ.

എങ്കിലേ നിങ്ങൾക്ക് നല്ല നാളെകളിലേക്ക് നടന്ന് എത്തുവാൻ കഴിയൂ. ശോഭനമായ ഭാവി, അനുഗ്രഹത്തിന്റെ നല്ല കാലം, നിങ്ങൾക്ക് ലഭിക്കുവാൻ ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നത് കൊണ്ട് അനുതപിക്കാൻ ദൈവം അവസരം തരികയാണ്. ജീവനുള്ള ദൈവം ആരെയും ശപിച്ച് മാറ്റുകയല്ല, ആരും പാപികൾ ആയതുകൊണ്ടല്ല നശിക്കുന്നത്, പാപത്തെ ഓർത്ത് അനുതപിക്കാത്തതുകൊണ്ടാണ്.

പാപികൾ ആണ് മനുഷ്യർ എല്ലാവരും, വേദപുസ്തകം പറയുന്നു:

> "നീതിമാൻ ആരുമില്ല ഒരുത്തൻ പോലും ഇല്ല........ എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നന്മ ചെയ്യു ന്നവനില്ല ഒരുത്തൻ പോലും ഇല്ല."
>
> റോമർ 3:10

മനുഷ്യർ പാപികളായി തീർന്നിരിക്കുന്നു. മനുഷ്യർ പാപി കൾ ആയതുകൊണ്ടല്ല നിത്യനരകത്തിലേക്ക് പോകുന്നത് . പാപത്തെ ഓർത്ത് അനുതപിക്കാത്തതുകൊണ്ടാണ്. ആർക്കും മേന്മ പറയാൻ ഇല്ല. ആർക്കും അഭിമാനിക്കാൻ വക ഇല്ല, ആർക്കും അവകാശം പറയാൻ ന്യായമില്ല. നാം എല്ലാവരും പാപികൾ ആണ്. നമ്മിൽ എല്ലാവരുടെയും ഉള്ളത്തിൽ പാപം ഉണ്ട്.

പാപത്തിന്റെ പ്രവൃത്തി പക്ഷെ ഇല്ലായിരിക്കാം. പാപ ത്തിന്റെ വാക്കുകൾ പക്ഷെ വരുന്നില്ലായിരിക്കാം. പാപ ത്തിന്റെ ചിന്തകൾക്ക് പക്ഷെ ഇടം കൊടുക്കുന്നില്ലായിരിക്കാം.

പക്ഷെ ഒന്ന് അറിയൂ. നമ്മുടെ രക്തത്തിൽ പാപത്തിന്റെ പ്രവണതയുണ്ട്. നമ്മുടെ ഈ ശരീരത്തിൽ പാപം ഉണ്ട്. നമ്മുടെ ജഡത്തിൽ പാപം ഉണ്ട്. പ്രവൃത്തിയിലോ വാക്കിലോ ചിന്തയിലോ വരാത്തപ്പോഴും നമ്മുടെ ആളത്വത്തിൽ പാപം ഉണ്ട്. നമ്മുടെ ഹൃദയത്തിൽ പാപം ഉണ്ട്. നമ്മുടെ രക്തത്തിൽ അലിഞ്ഞും ലയിച്ചും പാപ പ്രവണതകളും , പാപ സ്വഭാവ ങ്ങളും പാപ പ്രകൃതികളും ഉണ്ട്.

പാപത്തിന്റെ പ്രകൃതി നമ്മിൽ നിന്നും മാറാതെ, പാപത്തെ ഓർത്ത് നാം അനുതപിക്കാതെ, പാപത്തോട് നാം യാത്ര പറയാതെ ദൈവത്തിന്റെ കൃപ നമ്മിലേക്ക് ഒഴുകുകയില്ല. യെശയ്യാ പ്രവാചകന്റെ പുസ്തകം 59– അദ്ധ്യായം വായിക്കുമ്പോൾ കാണുന്നു:

> "രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല, കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറയ്ക്കുമാറാക്കിയത്."
>
> യെശയ്യാ 59:1

ദൈവത്തിനും മനുഷ്യനും ഇടയിൽ പാപം നിൽക്കുന്നു. പാപത്തിന്റെ അധിപതിയായ പിശാച് മനുഷ്യനിൽ അവകാശം പറഞ്ഞുകൊണ്ട് നിൽക്കുന്നു. പാപം മാറുന്നില്ലെങ്കിൽ ദൈവത്തിന്റെ അനുഗ്രഹം നമ്മിലേക്ക് വരികയില്ല. ആനന്ദ ഐശ്വര്യമെഴുന്ന മാസാബ്ദങ്ങളെ നൽകണമെ എന്ന് പിതാക്കന്മാർ പ്രാർത്ഥിച്ചു. പക്ഷെ നമുക്കത് ലഭിക്കണമെങ്കിൽ നാം പാപത്തെ ഓർത്ത് അനുതപിക്കണം.

സ്നേഹിതാ, നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞ് നോക്കാൻ വകയുണ്ടോ? വർഷങ്ങൾക്ക് പിമ്പിലേക്ക് തിരിഞ്ഞ് നോക്കാൻ എന്തെങ്കിലും ഉണ്ടോ? നാളുകൾ നാളുകൾ പാപം നിന്റെ ഹൃദയത്തിൽ അത് ഒതുങ്ങിയും ഒളിഞ്ഞും കിടന്നു.

നീ അത് ഓർത്തില്ല, അനുതപിച്ചില്ല, എന്നാൽ സ്വർഗ്ഗത്തിലെ ദൈവം എല്ലാം അത് ഓർക്കുന്നുണ്ട്. ദൈവത്തിന്റെ സ്മരണയുടെ പുസ്തകത്തിൽ അത് എല്ലാം ഉണ്ട്.

മറക്കല്ലെ. നിത്യ ന്യായ വിസ്ഥാര ദിവസത്തിൽ ന്യായാധിപധികളുടെ ന്യായാധിപധിയായി കർത്താവായ യേശുക്രിസ്തു എഴുന്നെള്ളിവരുമ്പോൾ അന്ന് ലജ്ജിതനായി തലതാഴ്ത്തി നിൽക്കാൻ നമുക്ക് ഇടവരരുത്. അന്ന് നാം ആരും അപകടത്തിൽ ആകാൻ ഇടവരരുത്.

പോകുവിൻ നിങ്ങളെ ഞാൻ അറിയുന്നില്ല എന്നുള്ള കഠോര ശബ്ദം നാം ആരും കേൾക്കാൻ ഇടവരരുത്. “ശപിക്കപ്പെട്ടവരെ എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നരകാഗ്നിയിലേക്ക് പോകുവിൻ” എന്നുള്ള ആ ഭീകരശബ്ദം കേൾപ്പാൻ ഇടവരരുത്.

“എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന രക്ഷ അവകാശമാക്കി കൊള്ളുവിൻ” എന്നുള്ള ഇമ്പനാദം കേട്ടുകൊണ്ട്, സന്തോഷത്തിന്റെ പറുദീസയിലേക്ക് പറന്ന് എത്തുവാൻ നമുക്ക് സാധിക്കണം. നിത്യരാജാധി രാജനായ ആ സ്വർഗ്ഗീയ നാഥനെ വാഴ്ത്തി പുകഴ്ത്തി കൊണ്ട് നമുക്ക് ആരാധിച്ച് കൊണ്ട് സ്വർഗ്ഗീയ ആരാധനയിൽ പങ്കാളികളായി നിൽക്കണം.

പ്രിയപ്പെട്ടവരെ, പാപത്തെ ഓർത്ത് അനുതപിക്കണം, പാപത്തെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. പാപമില്ലാത്ത ജീവിതത്തിന് കാതലായ തീരുമാനം നമ്മുടെ ഹൃദയത്തിൽ നിന്ന് ഉരുത്തിരിഞ്ഞ് വരണം.

ബെന്യാമിനെ അയയ്ക്കുന്നില്ലെങ്കിൽ ഞങ്ങൾ പോകയില്ല എന്ന് സഹോദരന്മാർ പറഞ്ഞു.

> "നിങ്ങളുടെ സഹോദരൻ നിങ്ങളോട് കൂടെ ഇല്ലാതിരുന്നതിനാൽ നിങ്ങൾ എന്റെ മുഖം കാണുകയില്ല."
>
> ഉല്പത്തി 43:3.

എന്നാണ് അവരെ അറിയിച്ചിരിക്കുന്നത്. അവസാനം യാക്കോബ് സമ്മതിച്ചു. എല്ലാവരും പട്ടിണിയിൽ മരിക്കണ്ട. ബെന്യാമിൻ പോകട്ടെ. യെഹൂദ ഇടനില നിന്നു. അവനെ ഞാൻ മടക്കിക്കൊണ്ടുവരാം, തീർച്ചയായും ഞാൻ മടക്കിക്കൊണ്ടുവരാം, ഞാൻ അവിടെ ചെന്ന് കെഞ്ചി യാചിക്കാം, മിസ്രയീമിലെ അധിപതിയോട് അപ്പന്റെ വേദനയുടെ കാര്യം ഞാൻ പറയാം എന്നാണ് യഹൂദ പറഞ്ഞത്. അനുജനായ ബെന്യാമിനെയും കൂട്ടിക്കൊണ്ട് സഹോദരന്മാർ പോയി.

യോസേഫ് തന്റെ ഭൃത്യനോട് പറഞ്ഞിരുന്നു. അവരെ എന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകുവിൻ എന്ന്.

> "അവരെ യോസേഫിന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി. തങ്ങളെ യോസേഫിന്റെ വീട്ടിൽ കൊണ്ടുപോകയാൽ അവർ ഭയപ്പെട്ടു."
>
> ഉല്പ്പത്തി 43:17–38

ധാന്യം വാങ്ങാൻ വരുന്നവരാരെയും ഈ യജമാനൻ, വീട്ടിലേക്ക് കൊണ്ടുപോകുന്നില്ല. വീട്ടിൽ കാരാഗൃഹത്തിൽ ഇടുവാൻ കൊണ്ടുപോകുകയാണ് എന്ന് അവർ ധരിച്ചുപോ

യി. കുറ്റബോധം ഉള്ളതുകൊണ്ട് ദൈവത്തെ സ്നേഹമായി കാണാൻ സാധിക്കുന്നില്ല. ദൈവത്തെ കരുണയായി കാണാൻ സാധിക്കുന്നില്ല. യോസേഫ് അവരെ കൊണ്ടു പോയത് കാരാഗൃഹത്തിൽ ഇടുവാനാണ് എന്ന് അവർ ധരിച്ച് പറയുകയാണ്.

> "ആദ്യത്തെ പ്രാവശ്യം നമ്മുടെ ചാക്കിൽ മട ങ്ങിവന്ന ദ്രവ്യം നിമിത്തം നമ്മെ പിടിച്ച് അടിമ കളാക്കി, നമ്മുടെ കഴുതകളെയും എടുത്തു കൊള്ളേണ്ടതിനാകുന്നു നമ്മെ കൊണ്ടുവന്നി രിക്കുന്നത് എന്ന് പറഞ്ഞു."
>
> ഉല്പത്തി 43:18

അവർ ഭയപ്പാടോടുകൂടി വരികയാണ്. അവർ പേടിച്ച് വിഷ മിച്ച് വരികയാണ്; തളർന്ന് വാടി ക്ഷീണിതരായി വരികയാണ്.

> "അവർ യൗസേഫിന്റെ ഗൃഹ വിചാരകന്റെ അടുക്കൽ ചെന്നു വീട്ടു വാതിൽക്കൽ വച്ച് അവനോട് സംസാരിച്ചു"
>
> ഉല്പ്പത്തി 43:19

ഒരു മുൻകൂർ ജാമ്യം നേടുന്നത് പോലെ അവർ പറയുക യാണ്, യജമാനനെ; ആഹാരം കൊള്ളുവാൻ ഞങ്ങൾ മുമ്പെ വന്നിരുന്നു; ഞങ്ങൾ വഴിയമ്പലത്തിൽ ചെന്ന് ചാക്കഴിച്ച പ്പോൾ ഓരോരുത്തന്റെ ദ്രവ്യം മുഴുവനും അവനവന്റെ ചാക്കിന്റെ വായ്ക്കൽ ഉണ്ടായിരുന്നു. അത് ഞങ്ങൾ വീണ്ടും കൊണ്ടുവന്നിരിക്കുന്നു. ആഹാരം കൊള്ളുവാൻ ഞങ്ങൾ വേറെ ദ്രവ്യവും കൊണ്ടുവന്നിട്ടുണ്ട്.

ദ്രവ്യം ഞങ്ങളുടെ ചാക്കിന്റെ വായ്ക്കൽ വച്ച്ത് ആരെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ എന്ന് പറഞ്ഞു. അതിന്റെ പേരിൽ ഞങ്ങളെ തടവിൽ ആക്കരുതെ; ഞങ്ങൾ ആ ദ്രവ്യം കൊണ്ടു വന്നിട്ടുണ്ട്. ഇപ്പോൾ ധാന്യം വാങ്ങിക്കൊണ്ടുപോകാനുള്ള ദ്രവ്യവും കൊണ്ടുവന്നിട്ടുണ്ട്.

> "അതിന് അവൻ : നിങ്ങൾക്ക് സമാധാനം, നിങ്ങൾ ഭയപ്പെടേണ്ട, നിങ്ങളുടെ ദൈവം , നിങ്ങളുടെ അപ്പന്റെ ദൈവം തന്നെ, നിങ്ങളുടെ ചാക്കിൽ നിങ്ങൾക്ക് നിക്ഷേപം തന്നിരിക്കുന്നു. നിങ്ങളുടെ ദ്രവ്യം എനിക്ക് കിട്ടി എന്നു പറഞ്ഞു. ശിമയോനെയും അവരുടെ അടുക്കൽ പുറത്തു കൊണ്ടു വന്നു."
>
> ഉല്പത്തി 43:23.

അവർ യോസേഫിനെ തിരിച്ചറിയുന്നില്ല, യോസേഫ് പക്ഷെ അവരെ തിരിച്ചറിയുന്നുണ്ട്. യോസേഫ് അവരോട് പറഞ്ഞു. നിങ്ങൾക്ക് സമാധാനം. നിങ്ങൾ ഭയപ്പെടേണ്ട. പാപത്തെ ഓർത്ത് അനുതപിക്കാൻ തുടങ്ങുമ്പോൾ പാപത്തെ ഓർത്ത് അനുതപിച്ച് കഴിഞ്ഞില്ല, എല്ലാ പാപവും ഓർത്ത് കഴിഞ്ഞില്ല, എങ്കിലും പാപത്തെ ഓർത്ത് അനുതപിക്കാൻ ആരംഭിക്കുമ്പോൾ തന്നെ "നിങ്ങൾക്ക് സമാധാനം" എന്ന് കല്പിക്കുന്ന ദൈവത്തിന്റെ അനന്തമോഹനമായ സ്നേഹമാണ് യോസേഫിൽ നാം കാണുന്നത്.

സ്വർഗ്ഗീയ സ്നേഹമാണിത്, നാം പാപത്തെ ഓർത്ത് അനുതപിക്കാൻ തുടങ്ങുമ്പോൾ: കർത്താവെ, എനിക്ക് ഇന്ന തെറ്റുണ്ട്, ഇന്ന സ്വാർത്ഥതയുണ്ട്, ഇന്ന പ്രശംസ ഉണ്ട്, ഇന്ന സ്ഥാന

മോഹമുണ്ട്, ഇന്നിന്നവിധത്തിൽ സ്വയം എന്നിൽ വ്യാപരിക്കുന്നുണ്ട്. എന്റെ ഈഗോ എന്റെ അകത്തുണ്ട്, എന്റെ ലോകസ്നഹം എന്റെ അകത്തുണ്ട്, പ്രതാപ മോഹം എന്നെ ബാധിച്ചിരിക്കുന്നു. കർത്താവെ, എന്റെ ജീവിതത്തിൽ ഇന്നിന്ന വിധത്തിൽ പാപം ഉണ്ട് എന്ന് ഏറ്റു പറഞ്ഞ് നാം ഒന്ന് കരയാൻ തുടങ്ങുമ്പോൾ, എന്റെ അരികിലേക്ക് വന്ന് ശിരസ്സിൽ കരം വയ്ക്കുന്ന നല്ലവനായ ദൈവം.

സ്നേഹിതാ, നീ നിന്റെ വീട്ടിൽ നിന്റെ മുറിക്കകത്ത് മുട്ടിന്മേൽ നിന്നുകൊണ്ട് വിതുമ്പിക്കരഞ്ഞുകൊണ്ട് നിന്റെ പാപത്തോട് നീ യാത്ര പറയുമ്പോൾ, ദൈവസ്നേഹം നിന്റെ അരികത്തു വന്ന്, നിന്റെ ശിരസ്സിൽ കരം വയ്ക്കും. നിന്നെ തലോടുവാൻ തുടങ്ങും. നിങ്ങൾക്ക് സമാധാനം ഭയപ്പെടേണ്ട, എന്നു പറയും.

ശിമയോനെ യോസേഫ് കാരാഗൃഹത്തിൽ നിന്ന് കൊണ്ടുവന്നു, .ആ ദിവസങ്ങൾ ശിമയോൻ എങ്ങിനെ ആണ് കഴിച്ച് കൂട്ടിയത് എന്ന് നമുക്ക് ഊഹിക്കാൻ പോലും പറ്റുന്നില്ല. ശിമയോൻ നീറി നീറി പുകയുകയായിരുന്നില്ലേ?

പണ്ട് സഹോദരനെ കൊലയ്ക്ക് കൊടുക്കാൻ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു. പിന്നെ യിശ്മായേല്യ കച്ചവടക്കാർക്ക് കൊടുത്തു. അയ്യോ ഇതിന്റെ എല്ലാം തിരിച്ചടികൾ നേരിടുകയാണല്ലോ. ഞാൻ ഇതാ ഒറ്റപ്പെട്ടവനായി കാരാഗൃഹത്തിൽ കിടക്കുന്നു. അന്ന് ഒറ്റപ്പെട്ടവനായി യോസേഫ് പോയപ്പോൾ അന്ന് എനിക്ക് മനസ്സലിവ് തോന്നിയില്ല. എന്റെ ദൈവമെ, ഇതിനൊരു പരിഹാരമുണ്ടോ? എനിക്ക് ഒരു മോചനം ഉണ്ടോ? ശിമയോൻ കരഞ്ഞുകൊണ്ട് ആ നാളുകൾ കാരാഗൃഹത്തിൽ

കിടക്കുകയായിരുന്നു എന്ന് വേണം കരുതാൻ.

ശിമയോനെയും കാരാഗൃഹത്തിൽ നിന്നും പുറത്തേയ്ക്ക് കൊണ്ടുവന്നു. അവർ എല്ലാവരും വന്നു കഴിഞ്ഞപ്പോൾ :

> “പിന്നെ അവൻ അവരെ യോസേഫിന്റെ വീടിനകത്ത് കൊണ്ടുപോയി. അവർക്ക് വെള്ളം കൊടുത്തു, അവർ കാലുകളെ കഴുകി. അവരുടെ കഴുതകൾക്ക് അവൻ തീൻ കൊടുത്തു. ഉച്ചക്ക് യോസേഫ് വരുമ്പോഴേക്ക് അവർ കാഴ്ച ഒരുക്കിവച്ചു, തങ്ങൾക്ക് ഭക്ഷണം അവിടെ എന്ന് അവർ കേട്ടിരുന്നു. യോസേഫ് വീട്ടിൽ വന്നപ്പോൾ അവർ കൈവശം ഉള്ള കാഴ്ച അകത്ത് കൊണ്ടുചെന്നു അവന്റെ മുമ്പാകെ വെച്ചു അവനെ സാഷ്ടാംഗം നമസ്ക്കരിച്ചു.”
>
> ഉല്പ്പത്തി 43:24–26

മിസ്രയിമിന്റെ അധികാരിയുടെ മുമ്പിൽ അവർ സാഷ്ടാംഗം പ്രണമിച്ചു.

ഇവർ അല്ലേ അന്ന് യോസേഫിനെ വിറ്റ് ഇരുപത് വെള്ളിക്കാശ് വാങ്ങിയത്. അവർ ഇതാ യോസേഫിന്റെ മുമ്പിൽ വീണ് വണങ്ങുകയാണ്. യോസേഫ് ആണ് എന്ന് അറിഞ്ഞുകൊണ്ടല്ല. എല്ലാം തിരിഞ്ഞ് വരികയാണ്. അനുതാപത്തിന്റെ ഒരു നേരിയ ലാഞ്ഛന വരുമ്പോൾ കാര്യങ്ങൾ എല്ലാം തിരിഞ്ഞ് വരും.

ഞാൻ ഈ വാക്കുകളെ വായിക്കുന്നവരോട് സ്നേഹത്തോ

ടെ, വിനയത്തോടെ ഒരു വാക്ക് ചോദിക്കട്ടെ. നിങ്ങൾക്ക് ഒരു നല്ല കാലം വേണമെന്ന് ആഗ്രഹം ഉണ്ടോ? നിങ്ങൾക്ക് ഒരു ശോഭനമായ ഭാവി വേണമെന്ന് ആഗ്രഹം ഉണ്ടോ? സ്നേഹിതരെ, നിങ്ങൾ നിരാശപ്പെട്ടിരിക്കുകയാണോ? പ്രിയപ്പെട്ടവരെ, നിങ്ങളുടെ ഹൃദയം വലഞ്ഞ് ഉലഞ്ഞ് വിഷമിച്ച് കഴിയുകയാണോ?

നിങ്ങൾക്ക് ഇനിയും നല്ല കാലം ഉണ്ട്, ഇനിയും ശോഭനമായ കാലം ഉണ്ട്, ഇനിയും ശുഭഭാവി ഉണ്ട്.

ഒന്നേ വേണ്ടു മകനെ, നിന്റെ കഴിഞ്ഞ കാല ജീവിതത്തിലേക്ക് നോക്കി എണ്ണി എണ്ണി നീ അനുതപിക്കാൻ തുടങ്ങൂ. മകളെ നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി ഓരോന്നോരോന്നായി ചികഞ്ഞെടുത്ത് നീ കരയൂ.

ദൈവത്തോട് പറയൂ; കർത്താവെ ഞാൻ നിന്നെ ആണ് ദുഃഖിപ്പിച്ചത്, നാഥാ ഞാൻ നിന്നെ ക്രൂശിച്ചു പോയി. എന്റെ കൈകൾ അരുതാത്തത് ചെയ്തു. നീയോ, ഞാൻ ചെയ്ത പാപത്തിന്റെ ശിക്ഷ, ഞാൻ ഏല്ക്കാതിരിക്കാൻ, നിന്റെ കൈകൾ ആണി അടിയ്ക്കാൻ വിട്ടുകൊടുത്തു.

എന്റെ നാവ് അരുതാത്തത് പറഞ്ഞു ചിലരെ കളിയാക്കി. ചിലരെ പുച്ഛിച്ചു. ചിലരെ ദുഷിച്ചു. ചിലരെ കുറിച്ച് മുൻവിധികൾ പുലർത്തി, എന്റെ കർത്താവെ, എന്റെ മുഖത്ത് തുപ്പൽ ഏൽക്കേണ്ടതിനു പകരം എന്റെ ശിക്ഷ ഒഴിവാക്കുവാൻ നിന്റെ മുഖത്ത് നീ തുപ്പൽ ഏറ്റു. നിന്റെ കന്നത്ത് നീ അടിയേറ്റു. എന്റെ കണ്ണ് അരുതാത്ത പടങ്ങൾ കണ്ട് രസിച്ചു. ഹീനമായ ചിത്രങ്ങൾക്കു പിറകെ എന്റെ കണ്ണ് പരതി നടന്നു.

നാഥാ, ദുഷിച്ച ചിത്രങ്ങൾ കണ്ട് എന്റെ ആളത്വത്തെ ഞാൻ മലിനമാക്കി. ചീത്ത പടങ്ങൾ കണ്ടു. ശൃംഗാര ഗോപുരങ്ങളിൽ ഞാൻ സമയം ചിലവഴിച്ചു. ഉടയവനെ, എനിക്ക് തെറ്റുകൾ ഏറെ പറ്റിപ്പോയി.

കർത്താവെ എന്റെ ശിരസ്സിൽ അരുതാത്ത ചിന്തകൾ, വന്നു. ഞാൻ പാപം ചെയ്തു, ഞാൻ ആണ് ശിക്ഷ ഏൽക്കേണ്ടത്. എന്നാൽ കുറ്റമില്ലാത്തവനായ യേശുവെ, എന്റെ ശിക്ഷ ഒഴിവാക്കാൻ നിന്റെ ശിരസ്സിൽ നീ മുൾമുടി ഏറ്റു.

നാഥാ, അരുതാത്ത വഴികളിൽ നടന്നത് ഞാനാണ്. എന്റെ കാലുകൾ അല്ലേ അടിയ്ക്കപ്പെടേണ്ടി ഇരുന്നത്. എന്നെ ശിക്ഷാവിമുക്തനാക്കാൻ, നിന്റെ കാലുകൾ ആണി അടിച്ച് തകർക്കാൻ നീ വിട്ടുകൊടുത്തു.

ഉടയവനെ ഞാൻ അറിയുന്നു. എന്റെ ചങ്കിൽ ദുർമ്മോഹങ്ങൾ ഉണ്ടായിരുന്നു. അഴുക്ക് പിടിച്ചു മോഹങ്ങൾ, മ്ലേച്ഛമായ ആഗ്രഹങ്ങൾ, പുറത്തുപറയാൻ അറയ്ക്കുന്നതായ താല്പര്യങ്ങൾ എന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു, എന്റെ ചങ്കിൽ ആണ് കുന്തം കൊണ്ട് കുത്തേണ്ടിയിരുന്നത്.

നാഥാ, എനിക്ക് മോചനം തരാൻ നിന്റെ ചങ്കിൽ കുന്തം ഏൽക്കാൻ നീ നിന്നെത്തന്നെ വിട്ടുകൊടുത്തു.

ഇങ്ങനെ നിങ്ങൾ യേശുവിനെ ക്രൂശിച്ചതിനെ ഓർത്ത്, നിങ്ങളുടെ പാപത്തെ ഓർത്ത്, അനുതപിക്കാൻ തുടങ്ങുമ്പോൾ, നല്ലവനായ യേശു നിങ്ങളുടെ അരികത്തേക്ക് വരും.

യോസേഫ് വന്നു: അവരുടെ അരികത്തു വന്നു.

> “അവൻ അവരോട് കുശല പ്രശ്നം ചെയ്തു. നിങ്ങൾ പറഞ്ഞ വൃദ്ധൻ നിങ്ങളുടെ അപ്പൻ സൗഖ്യമായിരിക്കുന്നുവോ? അവൻ ജീവനോടിരിക്കുന്നുവോ? എന്ന് ചോദിച്ചു.”
>
> ഉല്പ്പത്തി 43:27

കഴിഞ്ഞപ്രാവശ്യം വന്നപ്പോൾ നിഷ്ഠൂരമായി പെരുമാറിയവൻ, വളരെ ക്രൂരമായി സംസാരിച്ചവൻ, നിങ്ങൾ ഒറ്റുകാരെന്ന് വിധിച്ചവൻ, ആ യോസേഫ് ഇപ്പോൾ അവരോട് കുശലപ്രശ്നം ചെയ്യുകയാണ്.

അപ്പന് സുഖമാണോ ? സുഖമായിരിക്കുന്നുവോ? അപ്പൻ ജീവനോടിരിക്കുന്നുവോ?  സ്നേഹിതാ, നിന്റെ ക്ഷേമം അന്വേഷിക്കുന്ന ഒരു ദൈവം ഉണ്ട്. മകളെ, നിന്റെ കുശലം അന്വേഷിക്കുന്നവനാണ് യേശുക്രിസ്തു.

> “പിന്നെ അവൻ തല ഉയർത്തി, തന്റെ അമ്മയുടെ മകനും അനുജനുമായ ബെന്യാമീനെ കണ്ടു. നിങ്ങൾ എന്നോട് പറഞ്ഞ നിങ്ങളുടെ ഇളയ സഹോദരനോ ഇവൻ എന്ന് ചോദിച്ചു. ദൈവം നിനക്ക് കൃപ നല്കട്ടെ  മകനെ എന്ന് പറഞ്ഞു. അനുജനെ കണ്ടിട്ടു യോസേഫിന്റെ മനസ്സു ഉരുകിയതുകൊണ്ട് അവൻ കരയേണ്ടതിന് ബദ്ധപ്പെട്ട സ്ഥലം അന്വേഷിച്ചു. അറയിൽ ചെന്നു അവിടെ വച്ച് കരഞ്ഞു.”
>
> ഉല്പത്തി 43:29–30.

യോസേഫ് അറയിൽ കടന്നു അവിടെ വച്ച് കരയുകയാ

ണ്. മാറി നിന്ന് കരയുകയാണ്. അനുതപിക്കുന്നവരുടെ നേരെ ഉള്ള വാത്സല്യത്തിന്റെ കരച്ചിൽ! പാപബോധം വരുന്നവരുടെ നേരെയുള്ള കരച്ചിൽ! യോസേഫ് അകത്ത്പോയി കരഞ്ഞു.

നിങ്ങൾ ഇന്ന് അനുതപിക്കുമോ? നിങ്ങളുടെ അനുതാപം കണ്ട് വാത്സല്യത്തോടെ കരയുന്ന ഒരു യേശു ഉണ്ട്. നിങ്ങളുടെ നേരെ സ്നേഹത്തോടെ നോക്കിക്കൊണ്ട് നിങ്ങളെ തഴുകുവാൻ, നിങ്ങളുടെ നേരെ കരം നീട്ടുന്ന ഒരു യേശു ഉണ്ട്. ആ യേശുവിനെ നിങ്ങൾ ഇപ്പോൾ ഒന്ന് കാണുമോ? അവന്റെ ആണിപ്പാടുള്ള കരം നിങ്ങൾ ഒന്നു കാണുമോ? ആ കരങ്ങളിലേക്ക് നിങ്ങളുടെ ജീവിതം ഒന്ന് സമർപ്പിക്കുമോ? അവനോട് നിങ്ങൾ ഒരു വാക്കു പറയുമോ?

നാഥാ, ഇന്നുവരെ ഞാൻ നിന്നെ ക്രൂശിച്ചു. ഇന്നുവരെ ഞാൻ നിന്നെ ദുഃഖിപ്പിച്ചു അരുതാത്തതെല്ലാം ജീവിതത്തിൽ വന്നു. എന്റെ നാഥാ, എനിക്ക് നീ മോചനം തരണമെ. നിന്റെ കുരിശിൽ ചൊരിഞ്ഞ രക്തത്തിന്റെ ഒരു തുള്ളി എന്റെ നെറ്റിയിൽ ഒന്നു പതിക്കണമെ. തിരുരക്തത്താൽ എന്റെ പാപം മോചിക്കണമെ.

സമർപ്പിക്കൂ, രക്ഷകന്റെ കരങ്ങളിൽ നിങ്ങളെ ഏൽപ്പിച്ച് കൊടുക്കൂ.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ ?
14. നീതിമാൻ ആകുന്നതെങ്ങനെ ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേത നഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന

*(Contd..)*

28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടു തോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. Glittering Future (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT (English)
41. WAY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെത്തൊട്ടതാർ ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ ?
46. അത് സഹിക്കാകുന്നവൻ ആർ ?
47. എന്നെ ആർ വിടുവിക്കും ?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED ?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH - ENGLIGH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 6.30 AM |

## അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ | SW 25 മീറ്റർ | : 7.45 PM |

### പ്രൊഫ. എം.വൈ. യോഹന്നാൻ

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM - 2.00 PM | മേച്ചങ്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് - **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30PM - 5.00PM | |
| മൂന്നാം ഞായറാഴ്ച | 12.30PM - 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM - 8.00PM | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.30AM - 1.00PM | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00AM - 8.00PM | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം - ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30AM - 9.00PM | |